77	B080200	Chowwannur	4310	6464	10774
78	B080300	Vadakkamchery	3619	5428	9047
79	B080400	Pazhayannur	4720	7080	11800
80	B080500	Ollukkara	4519	6778	11297
81	B080600	Puzhakkal	3548	5322	8870
82	B080700	Mullassery	2370	3555	5925
83	B080800	Thalikkulam	4314	6471	10785
84	B080900	Anthikkad	3501	5251	8752

Annexure

Local Government Institutions-wise details of 15th FC Awards under the Development Fund for 2021-2022

Block Panchayats. *(Rs. in Thousands)*

Sl.No	LG Code	Name of Block Panchayat	Untied Basic Grant	Tied Grant	Total
85	B081000	Cherpu	2337	3505	5842
86	B081100	Kodakara	6432	9648	16080
87	B081200	Irinjalakkuda	2379	3568	5947
88	B081300	Vellangallur	2866	4299	7165
89	B081400	Mathilakam	6098	9147	15245
90	B081500	Mala	3488	5232	8720
91	B081600	Chalakkudy	4979	7469	12448
92	B090100	Thrithala	4440	6659	11099
93	B090200	Pattambi	4684	7026	11710
94	B090300	Ottappalam	5530	8295	13825
95	B090400	Sreekrishnapuram	3779	5669	9448
96	B090500	Mannarkkad	7764	11646	19410
97	B090600	Attappady	8972	13458	22430
98	B090700	Palakkad	4363	6545	10908
99	B090800	Kuzhalmannam	4015	6022	10037
100	B090900	Chittur	5562	8343	13905
101	B091000	Kollamgode	5102	7652	12754
102	B091100	Nenmara	6368	9551	15919
103	B091200	Alathur	6021	9031	15052
104	B091300	Malampuzha	5325	7987	13312
105	B100100	Nilambur	6718	10077	16795
106	B100200	Kalikavu	7371	11057	18428
107	B100300	Vandoor	6197	9295	15492
108	B100400	Kondotty	5540	8310	13850
109	B100500	Areekkode	6833	10250	17083
110	B100600	Malappuram	5193	7789	12982
111	B100700	Perinthalmanna	6689	10034	16723
112	B100800	Mankada	4300	6450	10750
113	B100900	Kuttippuram	5214	7821	13035
114	B101000	Vengara	5623	8435	14058
115	B101100	Tirurangadi	5061	7591	12652
116	B101200	Thanur	5440	8160	13600
117	B101300	Tirur	6324	9487	15811
118	B101400	Ponnani	2930	4395	7325
119	B101500	Perumpadappu	4133	6200	10333
120	B110100	Vadakara	3719	5578	9297
121	B110200	Thuneri	4816	7225	12041
122	B110300	Kunnummal	4563	6845	11408
123	B110400	Thodannur	3374	5061	8435
124	B110500	Melady	2112	3168	5280
125	B110600	Perambra	4470	6704	11174
126	B110700	Balussery	5707	8560	14267

Annexure

Local Government Institutions-wise details of 15th FC Awards under the Development Fund for 2021-2022

Block Panchayats. *(Rs. in Thousands)*

Sl.No	LG Code	Name of Block Panchayat	Untied Basic Grant	Tied Grant	Total
127	B110800	Panthalayani	4146	6219	10365
128	B110900	Chelannur	4389	6583	10972
129	B111000	Koduvally	7712	11567	19279
130	B111100	Kunnamangalam	6769	10154	16923
131	B111200	Kozhikode	2601	3901	6502
132	B120100	Mananthavady	7330	10995	18325
133	B120200	Panamaram	6832	10248	17080
134	B120300	Sulthan Bathery	5735	8603	14338
135	B120400	Kalpetta	7047	10570	17617
136	B130100	Payyannur	5530	8295	13825
137	B130200	Kallyassery	5452	8179	13631
138	B130300	Thaliparamba	7616	11424	19040
139	B130400	Irikkur	5176	7765	12941
140	B130500	Kannur	3225	4837	8062
141	B130600	Edakkad	3327	4991	8318
142	B130700	Thalassery	5051	7577	12628
143	B130800	Panoor	2252	3378	5630
144	B130900	Koothuparamba	4280	6420	10700
145	B131000	Iritty	4656	6983	11639
146	B131100	Peravoor	4854	7282	12136
147	B140100	Manjeswaram	6560	9840	16400
148	B140200	Karadukka	4090	6136	10226
149	B140300	Kasaragod	6902	10354	17256
150	B140400	Kanhangad	5435	8153	13588
151	B140500	Parappa	5761	8642	14403
152	B140600	Neeleswaram	4838	7258	12096

Annexure

Local Government Institutions-wise details of 15th FC Awards under the Development Fund for 2021-2022

District Panchayats. *(Rs. in Thousands)*

Sl.No	LG Code	Name of District Panchayat	Untied Basic Grant	Tied Grant	Total
1	D010000	Thiruvananthapuram	62963	94444	157407
2	D020000	Kollam	54654	81980	136634
3	D030000	Pathanamthitta	32928	49392	82320
4	D040000	Alappuzha	47542	71313	118855
5	D050000	Kottayam	43925	65887	109812
6	D060000	Idukki	40107	60161	100268
7	D070000	Ernakulam	54064	81097	135161
8	D080000	Thrissur	63797	95695	159492
9	D090000	Palakkad	71924	107886	179810
10	D100000	Malappuram	83567	125350	208917
11	D110000	Kozhikode	54378	81567	135945
12	D120000	Wayanad	26944	40416	67360
13	D130000	Kannur	51420	77131	128551
14	D140000	Kasaragod	33587	50381	83968

Annexure

Local Government Institutions-wise details of 15th FC Awards under the Development Fund for 2021-2022

Municipalities. *(Rs. in Thousands)*

Sl.No	LG Code	Name of Municipality	Untied Basic Grant	Tied Grant	Total
1	M010100	Varkala	20386	30580	50966
2	M010200	Attingal	11908	17862	29770
3	M010300	Nedumangad	24493	36740	61233
4	M010400	Neyyattinkara	28776	43164	71940
5	M020100	Karunagappally	15489	23234	38723
6	M020200	Paravoor	13303	19954	33257
7	M020300	Punalur	19558	29337	48895
8	M020400	Kottarakkara	8886	13329	22215
9	M030100	Adoor	9358	14037	23395
10	M030200	Thiruvalla	17256	25884	43140
11	M030300	Pathanamthitta	12018	18027	30045
12	M030400	Pandalam	12399	18599	30998
13	M040100	Chengannur	7446	11168	18614
14	M040200	Mavelikara	7303	10955	18258
15	M040300	Cherthala	14328	21491	35819
16	M040400	Kayamkulam	20451	30676	51127
17	M040500	Alappuzha	53058	79586	132644
18	M040600	Haripad	4818	7226	12044
19	M050100	Pala	6490	9736	16226
20	M050200	Vaikom	7667	11501	19168
21	M050300	Changanassery	13952	20928	34880
22	M050400	Kottayam	39878	59817	99695
23	M050500	Ettumanur	12434	18651	31085
24	M050600	Erattupetta	8044	12065	20109
25	M060100	Thodupuzha	14116	21174	35290
26	M060200	Kattappana	15202	22803	38005
27	M070100	Kalamassery	15615	23421	39036
28	M070200	Kothamangalam	11951	17925	29876
29	M070300	Angamaly	11686	17528	29214
30	M070400	Tripunithura	20025	30036	50061
31	M070500	Muvattupuzha	7566	11348	18914
32	M070600	N.Paravur	7773	11660	19433
33	M070700	Perumbavoor	7010	10514	17524
34	M070800	Aluva	5085	7628	12713
35	M070900	Thrikkakkara	15801	23702	39503
36	M071000	Elloor	10597	15896	26493
37	M071100	Marad	13173	19760	32933
38	M071200	Piravom	8277	12416	20693
39	M071300	Koothattukulam	5468	8202	13670
40	M080100	Guruvayur	23419	35129	58548
41	M080200	Chavakkad	16233	24350	40583

Annexure

Local Government Institutions-wise details of 15th FC Awards under the Development Fund for 2021-2022

Municipalities. *(Rs. in Thousands)*

Sl.No	LG Code	Name of Municipality	Untied Basic Grant	Tied Grant	Total
42	M080300	Kodungallur	19990	29985	49975
43	M080400	Chalakkudy	16638	24957	41595
44	M080500	Irinjalakuda	15993	23990	39983
45	M080600	Kunnamkulam	16552	24828	41380
46	M080700	Vadakkancherry	16822	25233	42055
47	M090100	Ottappalam	15353	23030	38383
48	M090200	Shornur	13085	19627	32712
49	M090300	Chittur Thathamangalam	11517	17275	28792
50	M090400	Palakkad	38685	58028	96713
51	M090500	Pattambi	6687	10030	16717
52	M090600	Cherplachery	8370	12555	20925
53	M090700	Mannarkkad	13104	19656	32760
54	M100100	Perinthalmanna	17612	26418	44030
55	M100200	Ponnani	34728	52092	86820
56	M100300	Manjeri	30873	46309	77182
57	M100400	Tirur	16559	24839	41398
58	M100500	Malappuram		360000	360000
59	M100600	Nilambur	12580	18870	31450
60	M100700	Kottakkal	14412	21618	36030
61	M100800	Kondotty	13630	20446	34076
62	M100900	Tanur	21512	32268	53780
63	M101000	Parappanangadi	17208	25813	43021
64	M101100	Valancherry	8758	13137	21895
65	M101200	Tirurangadi	12879	19318	32197
66	M110100	Vadakara	20839	31259	52098
67	M110200	Koyilandy	27484	41227	68711
68	M110300	Feroke	14495	21743	36238
69	M110400	Payyoli	14636	21955	36591
70	M110500	Ramanattukara	7741	11611	19352
71	M110600	Koduvally	13328	19992	33320
72	M110700	Mukkam	10177	15266	25443
73	M120100	Kalpetta	15806	23709	39515
74	M120200	Mananthavady	17094	25640	42734
75	M120300	Sulthanbathery	16622	24933	41555
76	M130100	Mattannur	14704	22055	36759
77	M130200	Thalipparamba	11134	16701	27835
78	M130300	Koothuparamba	10475	15713	26188
79	M130400	Payyannur	23847	35771	59618
80	M130500	Thalassery	26788	40183	66971
81	M130700	Anthoor	10756	16135	26891
82	M130800	Irutti	11115	16672	27787

Annexure

Local Government Institutions-wise details of 15th FC Awards under the Development Fund for 2021-2022

Municipalities. *(Rs. in Thousands)*

Sl.No	LG Code	Name of Municipality	Untied Basic Grant	Tied Grant	Total
83	M130900	Panoor	13695	20543	34238
84	M131000	Sreekandapuram	11035	16552	27587
85	M140100	Kanhangad	25731	38596	64327
86	M140200	Kasaragod	15012	22518	37530
87	M140300	Nileshwaram	17785	26677	44462
Cannanore Cantonment Board			*1458*	*2188*	3646

Annexure

Local Government Institutions-wise details of 15th FC Awards under the Development Fund for 2021-2022

Corporations *(Rs. in Thousands)*

Sl.No	LG Code	Name of Corporation	Untied Basic Grant	Tied Grant	Total
1	C010100	Thiruvananthapuram	0	350000	350000
2	C020100	Kollam	0	230000	230000
3	C070100	Cochin	0	450000	450000
4	C080100	Thrissur	0	390000	390000
5	C110100	Kozhikode	0	430000	430000
6	C130100	Kannur	0	350000	350000

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം - ഇ-ഗ്രാംസ്വരാജ് പി.എഫ്.എം.എസ് ഇന്റർഫേസ് മുഖേന പേയ്മെന്റ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1427/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/07/2021

പരാമർശം:-
1. സ.ഉ.(സാധാ)നം.1774/2016/തസ്വഭവ, തീയതി 28.05.2016
2. സർക്കുലർ നം.204/എഫ്.എം.3/2020/തസ്വഭവ, തീയതി 05.10.2020
3. സ.ഉ.(പി)നം. 29/2021/ധന; തീയതി 11.02.2021
4. സ.ഉ.(സാധാ)നം. 2260/2021/ധന; തീയതി 12.03.2021
5. സർക്കുലർ നം.എഫ്.എം.3/44/2021/തസ്വഭവ; തീയതി 18.03.2021
6. സ.ഉ.(പി)നം 53/2021/ധന;തീയതി 18.03.2021
7. സ.ഉ.(സാധാ)നം. 925/2021/തസ്വഭവ, തീയതി 28.04.2021
8. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2021 ലെ പി.എ.എൻ/21063/2018- ജെ.1(ഡി.പി) നമ്പർ കത്ത്.

ഉത്തരവ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ (Fifteenth Finance Commission Grant — FFC Grant) വിനിയോഗവും പേയ്മെന്റും കേന്ദ്ര സർക്കാർ വികസിപ്പിച്ചിട്ടുള്ള ഇ-ഗ്രാംസ്വരാജ് പി.എഫ്.എം.എസ് ഇന്റർഫേസ് (e-GSPI) മുഖേന ആയിരിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സാധ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുകയും നടപ്പ് വർഷത്തെ ആദ്യ ഗഡു ഉക പ്രസ്തുത അക്കൗണ്ടുകളിലേയ്ക്ക് മാറ്റി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എഫ്.എഫ്.സി. ഗ്രാന്റ് വകയിരുത്തിയിട്ടുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിലേയ്ക്ക് അപ് ലോഡ് ചെയ്തിട്ടുമുണ്ട്.

2 . എഫ്.എഫ്.സി. ഗ്രാന്റ് വകയിരുത്തുന്ന പ്രോജക്ടുകളുടെ പരിശോധന, അംഗീകാരം എന്നിവ സംബന്ധിച്ചും e-GSPI മുഖേന പെയ്മെന്റ് നടത്തുന്നത് സംബന്ധിച്ചും ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

2.1 പ്രോജക്ടുകളുടെ പരിശോധന, അംഗീകാരം

(1) ഒരു പ്രോജക്ടിന്റെ നിർവഹണം സുഗമമാക്കുന്നതിന് ആവശ്യമായ എല്ലാ വിവരങ്ങളും ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ രേഖപ്പെടുത്താൻ നിലവിൽ മാർഗമില്ല. (ഉദാ: ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള

അർഹതാ-മുൻഗണനാ മാനദണ്ഡങ്ങൾ, നിർവഹണ രീതി തുടങ്ങിയവ) . മാത്രമല്ല, പരിശോധനയും അംഗീകാരവും ഓൺലൈനായി നടത്തുന്നതിനുള്ള സൗകര്യവും ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ലഭ്യമല്ല. അതു കൊണ്ടാണ് എഫ്.എഫ്.സി. പ്രോജക്ടുകൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ തയ്യാറാക്കുന്നതിനൊപ്പം തന്നെ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സുലേഖ സോഫ്റ്റ് വെയറിലും തയ്യാറാക്കണമെന്ന് പരാമർശം 8 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

2) എഫ്.എഫ്.സി. പ്ലാനിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം, എഫ്. എഫ്.സി.പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും എന്നിവ സുലേഖ സോഫ്റ്റ് വെയറിൽ നിലവിൽ ചെയ്തു വരുന്നതുപോലെ പൂർത്തിയാക്കേണ്ടതാണ്. നിർമ്മാണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും നിലവിൽ ചെയ്തുവരുന്ന അതേ രീതി തന്നെ അവലംബിക്കേണ്ടതാണ്.

2.2 പ്രോജക്ടുകളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്യൽ

(1) പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനം നൽകിയ ഭരണാനുമതി സംബന്ധമായ വിവരങ്ങളും നിർമ്മാണ പ്രോജക്ടുകൾക്ക് ലഭിച്ച സാങ്കേതികാനുമതി സംബന്ധമായ വിവരങ്ങളും ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ അപ ലോഡ് ചെയ്യേണ്ടതുണ്ട്. അതിന് താഴെപ്പറയുന്ന രീതി അവലംബിക്കണം.

(2) ഓരോ പ്രോജക്ടിന്റേയും ഭരണാനുമതി സംബന്ധിച്ച സാക്ഷ്യപത്രം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്. ഈ സൗകര്യം ഉപയോഗിച്ച് സാക്ഷ്യപത്രം ഡൗൺലോഡ് ചെയ്ത് സെക്രട്ടറി സാക്ഷ്യ പ്പെടുത്തേണ്ടതും തുടർന്ന് അത് സ്കാൻ ചെയ്ത് പി.ഡി.എഫ് ഡോക്യുമെന്റ് ആയി മാറ്റിയശേഷം ഇ-ഗ്രാംസ്വരാജ് പോർട്ടലിലെ പ്രോഗ്രസ്സ് റിപ്പോർട്ടിംഗ് മെനുവിൽ ബന്ധപ്പെട്ട പ്രോജക്ടിന്റെ ഭരണാനുമതിരേഖയായി അപ് ലോഡ് ചെയ്യേണ്ടതുമാണ്.

(3) നിർമ്മാണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി ലഭിച്ച കഴിഞ്ഞാൽ നിർവഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയർ സാങ്കേതികാനുമതി ലഭിച്ചത് സംബന്ധിച്ച് ഒരു സാക്ഷ്യപത്രം തയ്യാറാക്കണം. ഇത്തരത്തിൽ സാക്ഷ്യപത്രം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്. ഈ സൗകര്യം ഉപയോഗിച്ച് സാക്ഷ്യപത്രം ഡൗൺലോഡ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തേണ്ടതും തുടർന്ന് സ്കാൻ ചെയ്ത് പി.ഡി.എഫ് ഡോക്യുമെന്റ് ആയി മാറ്റിയ ശേഷം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. സെക്രട്ടറി അത് ഇ-ഗ്രാംസ്വരാജ് പോർട്ടലിലെ പ്രോഗ്രസ്സ് റിപ്പോർട്ടിംഗ് മെനുവിൽ ബന്ധപ്പെട്ട പ്രോജക്ടിന്റെ സാങ്കേതികാനുമതി രേഖയായി അപ് ലോഡ് ചെയ്യേണ്ടതാണ്.

2.3 ജിയോ ടാഗിംഗ്

(1) എല്ലാ നിർമ്മാണ പ്രോജക്ടുകൾക്കും ജിയോ ടാഗിംഗ് നിർബന്ധമാണ്. ഓരോ പ്രോജക്ടിനും നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലും (onset of work) പുരോഗമിക്കുന്ന ഘട്ടത്തിലും (during the implementation of work) പൂർത്തിയാക്കുന്ന ഘട്ടത്തിലും (completion of work) ജിയോ ടാഗിംഗ് നടത്തണം. മൊബൈൽ ഫോണിൽ എം. ആക്ഷൻ സോഫ്റ്റ് ആപ്പ് ഉപയോഗിച്ചാണ് ജിയോ ടാഗിംഗ് നടത്തേണ്ടത്. ജിയോ ടാഗിംഗ് നടത്തുന്നതിന് ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ഒരു മൊബൈൽ ഫോൺ മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ.

(2) ജിയോ ടാഗിംഗ് നടത്തേണ്ട ഉത്തരവാദിത്തം എഞ്ചിനീയറിംഗ് വിഭാഗത്തിന് ആയിരിക്കും.

(3) ഡെപ്പോസിറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ പ്രവൃത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സൈറ്റിന്റെ ആദ്യഘട്ട ജിയോ ടാഗിംഗ്, അഡ്വാൻസ് പേയ്മെന്റ് നൽകുന്ന ഘട്ടത്തിൽ നടത്തേണ്ടതും തുടർന്നുള്ള ജിയോ ടാഗിംഗ് പ്രവൃത്തി പുരോഗമിക്കുന്ന ഘട്ടത്തിലും പ്രവൃത്തി പൂർത്തിയാകുന്ന ഘട്ടത്തിലും നടത്തേണ്ടതുമാണ്.

2.4 പേയ്മെന്റ് നടപടിക്രമങ്ങൾ

(1) സാംഖ്യ വെബ് പോർട്ടൽ മുഖേന ഓൺലൈൻ റിക്വിസിഷൻ തയ്യാറാക്കി നൽകുകയും അത് ലഭിക്കുന്ന മുറയ്ക്ക് ബിൽ തയ്യാറാക്കി ഓൺലൈനായി ട്രഷറിക്ക് അയക്കുകയും ട്രഷറിയിൽ ബിൽ പാസാകുന്ന മുറയ്ക്ക് സുലേഖയിൽ ചെലവ് കാലികമാകുന്നതുമായ രീതിയാണ് നിലവിലുള്ളത്. എഫ്.എഫ്.സി. പ്രോജക്ടുകൾക്ക് ട്രഷറിയിൽ നിന്നും തുക നേരിട്ട് നൽകുന്ന രീതി ഇനി തുടരാനാവില്ല. ഇ-ഗ്രാംസ്വരാജ്-പിഎഫ്.എം.എസ് മുഖേനയാണ് തുക ചെലവഴിക്കേണ്ടത്.

(2) നിലവിൽ ഇ-ഗ്രാംസ്വരാജ്-പി.എഫ്.എം.എസ് സുലേഖയുമായോ സാംഖ്യയുമായോ സംയോജിപ്പിച്ചിട്ടില്ല. എന്നാൽ ചെലവ് വിവരങ്ങൾ വെബ് പോർട്ടലിലും സുലേഖയിലും കൊണ്ടുവരേണ്ടതുമുണ്ട്.

(3) ഇ-ഗ്രാംസ്വരാജ് - പി.എഫ്.എം.എസിൽ ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ഒരു മേക്കർ ലോഗിൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതിനാൽ എഫ്.എഫ്.സി. പ്രോജക്ടുകളുടെ ചെലവ് സെക്രട്ടറിയുടെ മേക്കർ ലോഗിനിലാണ് നിർവഹിക്കേണ്ടത്. എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും മേക്കർ ലോഗിൻ അനുവദിക്കണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് അനുവദിക്കുന്നതുവരെ സെക്രട്ടറിയുടെ ലോഗിനിലൂടെ മാത്രം എല്ലാ പ്രോജക്ടുകളുടേയും ചെലവ് നിർവ്വഹിക്കുന്ന രീതി തുടരേണ്ടി വരും.

(4) മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് ചെലവുകൾ നടത്തുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(5) പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും അതത് നിർവഹണ ഉദ്യോഗസ്ഥർ തന്നെ നിർവഹിക്കേണ്ടതാണ്.

(6) പ്രോജക്ടുമായി ബന്ധപ്പെട്ട് തുക അനുവദിക്കേണ്ട ഗുണഭോക്താക്കളെ/കരാറുകാരെ/ സ്ഥാപനങ്ങളെ വെബ് സാംഖ്യയിൽ ചേർത്ത് പ്രോജക്ടുമായി മാപ്പ് ചെയ്യുക, റിക്വിസിഷൻ തയ്യാറാക്കി അയയ്ക്കുക, പ്രൊസീഡിംഗ്സ്/ബിൽ തയ്യാറാക്കുക, തയ്യാറാക്കിയ ബിൽ പേയ്മെന്റിനായി അയയ്ക്കുക തുടങ്ങി നിലവിൽ വെബ് സാംഖ്യയിൽ അനുവർത്തിച്ചു വരുന്ന നടപടിക്രമങ്ങൾ എല്ലാം അതുപോലെ തന്നെ എഫ്.എഫ്.സി. പ്രോജക്ടുകൾക്കും തുടരേണ്ടതാണ്. എന്നാൽ നിലവിലെ രീതിയിൽ നിന്നും വ്യത്യസ്തമായി ബിൽ ട്രഷറിയിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്നതിനു പകരം 'Bill to LB for Payment' എന്ന മെനുവിൽ ബിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം വെബ് സാംഖ്യയിൽ വരുത്തുന്നതാണ്. ഇങ്ങനെ ലഭ്യമാകുന്ന ബിൽ തനത് ഫണ്ട് പേയ്മെന്റിന് അയയ്ക്കുന്ന അതേ രീതിയിൽ തദ്ദേശഭരണ സ്ഥാപനത്തിന് അയച്ചുകൊടുക്കേണ്ടതാണ്.

(7) ഒരു സെറ്റ് ബില്ലും അനുബന്ധരേഖകളും സാക്ഷ്യപ്പെടുത്തി (ഹാർഡ് കോപ്പി) തദ്ദേശഭരണ സ്ഥാപനത്തിന് നൽകണം.

(8) നിർവ്വഹണ ഉദ്യോഗസ്ഥർ അധികൃതമാക്കി നൽകുന്ന ഒരു സെറ്റ് ബില്ലും അനുബന്ധ രേഖകളും

ലഭ്യമായാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, ലോക്കൽ സാംഖ്യ/ILGMS-ൽ പേയ്മെന്റ് ഓർഡർ തയ്യാറാക്കുന്നതു മുതൽ പേയ്മെന്റ് വരെയുള്ള രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. തുടർന്ന് ഇ-ഗ്രാംസ്വരാജ് പി.എഫ്. എം.എസിലെ മേക്കറുടെ ലോഗിൻ മുഖേന പേയ്മെന്റ് നടത്തേണ്ടതും GST TDS, IT TDS, KBOWF തുടങ്ങിയ കിഴിവുകൾ നടത്തി ഒടുക്കേണ്ടതുമാണ്. തനത് ഫണ്ട് ചെലവ് രേഖപ്പെടുത്തുന്ന അതേ രീതിയിൽ ചെലവ് രേഖപ്പെടുത്തണം.

(9) ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ഒരു മേക്കറെ (Maker) മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതുകൊണ്ടാണ് എല്ലാ പ്രോജക്ടുകളുടേയും പേയ്മെന്റ് നടപടികൾ സെക്രട്ടറിയുടെ പേരിലുള്ള മേക്കർ ലോഗിൻ മുഖേന പൂർത്തിയാക്കേണ്ടി വരുന്നത്. പ്രോജക്ടുകളുടെ ധനപരമായ ഉത്തരവാദിത്തം സെക്രട്ടറിക്ക് അയിരിക്കില്ല; മറിച്ച് നിർവഹണ ഉദ്യോഗസ്ഥർക്ക് തന്നെയായിരിക്കും. എന്നാൽ സെക്രട്ടറി നിർവഹണം നടത്തുന്ന പ്രോജക്ടുകളുടെ ധനപരമായ ഉത്തരവാദിത്തം സെക്രട്ടറിക്ക് ആയിരിക്കും. അതുപോലെ ബില്ലുകളും ബന്ധപ്പെട്ട ഫയലുകളും വൗച്ചറുകളും ചെലവ് അനുവദിച്ച് നൽകുമ്പോൾ ലഭിക്കുന്ന UTR നമ്പർ അടക്കമുള്ള വിവരങ്ങളും ചെല്ലാനുകളും സൂക്ഷിക്കുക, ഓഡിറ്റിനും മറ്റ് പരിശോധനകൾക്കും ഹാജരാക്കുക എന്നിങ്ങനെയുള്ള ഉത്തരവാദിത്തവും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തന്നെയായിരിക്കും.

2.5 പൊതു നിർദ്ദേശങ്ങൾ

(1) വിവിധ സോഫ്റ്റ് വെയറുകളിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച സാങ്കേതിക മാർഗ്ഗരേഖ പഞ്ചായത്ത് ഡയറക്ടറേറ്റും ഇൻഫർമേഷൻ കേരള മിഷനും സംയുക്തമായി തയ്യാറാക്കി നൽകുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകുന്നതാണ്.

(2) ഒരു പ്രോജക്ട് നിർവഹണം തുടങ്ങിക്കഴിഞ്ഞാൽ അത് ഭേദഗതി ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ഇല്ല. ഭേദഗതിക്കുള്ള അവസരം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും സോഫ്റ്റ് വെയറിൽ അതിനുള്ള ക്രമീകരണം ചെയ്ത് കിട്ടുന്നതിന് കാലതാമസം ഉണ്ടായേക്കാം. അതുകൊണ്ട് പ്രോജക്ടുകൾ പൂർണ്ണമായും നിർവഹണ യോഗ്യമാണെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രം നിർവഹണം ആരംഭിക്കുന്നതാകും ഉചിതം.

(3) വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ പേയ്മെന്റ്, നിർവഹണം നടത്തുന്ന തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകുന്നതിന് ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ നിലവിൽ കഴിയുകയില്ല. അതുകൊണ്ടാണ് കഴിവതും സംയുക്ത പ്രോജക്ടുകൾ ഒഴിവാക്കണമെന്ന് പരാമർശം 8 പ്രകാരം നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയുടെ നിർവ്വഹണവും പേയ്മെന്റും സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(4) ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുവാൻ എഞ്ചിനീയറിംഗ് വിഭാഗത്തെ സഹായിക്കുന്നതിനും ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ബില്ലുകൾ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സഹായിക്കുന്നതിനും ആയി ഓരോ ഗ്രാമപഞ്ചായത്തിനും ദിവസ വേതന നിരക്കിൽ ഒരു പ്രോജക്ട് അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. പ്രോജക്ട് അസിസ്റ്റന്റിന്റെ സഹായത്തോടെ തയ്യാറാക്കുന്ന ബില്ലുകളിലെ വിവരങ്ങൾ ശരിയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കണം. ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിനുള്ള ഉത്തരവാദിത്തവും ഗ്രാമപഞ്ചായത്തുകളിൽ നിയോഗിക്കപ്പെടുന്ന പ്രോജക്ട്

അസിസ്റ്റന്റിന് ആയിരിക്കും. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവൃത്തി കളുടെ ജിയോ ടാഗിംഗ് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ലഭ്യമാക്കുന്ന മൊബൈൽ ഫോൺ ഉപയോഗിച്ച് വേണം നടത്തേണ്ടത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ ബില്ലുകൾ തയ്യാറാക്കുന്നതിന് സെക്രട്ടറിയെ സഹായിക്കാൻ നിലവിലുള്ള ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും ചുമതല നൽകേണ്ടതാണ്.

(5) മേൽപ്പറഞ്ഞ പ്രകാരം നിയോഗിക്കപ്പെടുന്ന പ്രോജക്ട് അസിസ്റ്റന്റുമാർക്ക് ദിവസ വേതനം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട്/എഫ്.എഫ്.സി. ഗ്രാന്റിലെ അടിസ്ഥാന വിഹിതം ഉപയോഗിക്കാവുന്നതാണ്.

(6) പ്രോജക്ട് അസിസ്റ്റന്റുമാരുടെ യോഗ്യത, തെരഞ്ഞെടുപ്പ് രീതി, ദിവസ വേതന നിരക്ക്, ചുമതലകളും ഉത്തരവാദിത്തവും എന്നിവ നിശ്ചയിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവി ക്കുന്നതാണ്.

(7) നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിന് ഓരോ ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിനും 10,000 രൂപയിൽ കവിയാത്ത തുകയ്ക്കുള്ള ഓരോ മൊബൈൽ ഫോൺ വീതം വാങ്ങാവുന്നതാണ്. (Minimum Specifications- 2GB Ram, Android Operating System Version 6 or above, Rear Camera 8 MB or above, 32 GB Storage) മൊബൈൽ ഫോൺ വാങ്ങുന്നതിന് എഫ്.എഫ്.സി ഗ്രാന്റിലെ അടിസ്ഥാന വിഹിതം/തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(8) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന് മാത്രമാണ് ഈ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ ബാധക മായിട്ടുള്ളത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പഞ്ചായത്ത് ഡയറക്ടർ
6. ഗ്രാമവികസന കമ്മീഷണർ
7. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും

10. എല്ലാ ജില്ലാകളക്ടർമാർക്കും

11. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും

12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

13. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

14. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും

15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

17. ഡയറക്ടർ ജനറൽ, കില

18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എസ്സ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം – നിർമ്മാണ പ്രവൃത്തികളുടെ ജിയോടാഗിംഗ് നടത്തുന്നതിനും ഇ-ഗ്രാമസ്വരാജ് പോർട്ടിലിൽ ബില്ലുകൾ തയ്യാറാക്കുന്നതിനുമുള്ള സഹായ സംവിധാനം - പ്രോജക്ട് അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

G.O.(Rt)No.1846/2021/LSGD തീയതി,തിരുവനന്തപുരം, 24/09/2021

പരാമർശം:- 1. സ.ഉ. (കൈ) നം.41/2017/തസ്വഭവ തീയതി 20.02.2017

2. സ.ഉ. (അ) നം. 29/2021/ധന തീയതി 11.02.2021

3. സ.ഉ. (സാധാ)നം.1427/2021/തസ്വഭവ; തീയതി 29.07.2021

ഉത്തരവ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട പേയ്മെന്റുകൾ ഇ-ഗ്രാം സ്വരാജ് – പി.എഫ്.എം.എസ് ഇന്റർഫേസ് മുഖേന നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവർത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമപഞ്ചായത്തിലും ദിവസവേതന അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം എർപ്പെടുത്തുന്നതാണെന്നും പ്രോജക്ട് അസിസ്റ്റന്റുമാരുടെ യോഗ്യത, തെരഞ്ഞെടുപ്പ് രീതി, ദിവസ വേതന നിരക്ക്, ചുമതലകളും ഉത്തരവാദിത്തവും എന്നിവ നിശ്ചയിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

പരാമർശം 3 ഉത്തരവിന്റ അടിസ്ഥാനത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവർത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമപഞ്ചായത്തിലും ദിവസവേതന അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റിനെ നിയോഗിക്കുന്നതിന് അനുമതി നല്കിക്കൊണ്ടും പ്രോജക്ട് അസിസ്റ്റന്റിനെ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ടും സർക്കാർ ഉത്തരവാകുന്നു.

(1) ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ട് അസിസ്റ്റന്റുമാരെ ഒരു തെരഞ്ഞെടുപ്പു പ്രക്രിയയിലൂടെ

കണ്ടെത്തി നിയോഗിക്കാവുന്നതാണ്. ഈ ഉത്തരവ് പ്രകാരമുള്ള നിശ്ചിത യോഗ്യതയും മറ്റ് നിബന്ധനകളും ബാധകമായ ആളിനെയാണ് നിയോഗിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കണം. വ്യാപകമായ അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് അഭിമുഖം അടക്കമുള്ള നടപടിക്രമങ്ങൾ പാലിച്ച് വേണം അനുയോജ്യയായ ആളിനെ തെരഞ്ഞെടുക്കേണ്ടത്. അപേക്ഷിക്കുന്നതിന് 15 ദിവസത്തെ സമയം നൽകേണ്ടതാണ്.

(2) പ്രോജക്ട് അസിസ്റ്റന്റുമാരെ നിയോഗിക്കുമ്പോൾ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് നിശ്ചിത തോതിലുള്ള സംവരണം ഉറപ്പാക്കേണ്ടതുണ്ട്. സംസ്ഥാന തലത്തിൽ പട്ടികജാതി വിഭാഗത്തിന് 8 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിന് 2 ശതമാനവും സംവരണം ഉറപ്പാക്കണം. ഓരോ ജില്ലയിലും നിയോഗിക്കപ്പെടേണ്ട പ്രോജക്ട് അസിസ്റ്റന്റുമാരുടെ എണ്ണം, അതിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം ചെയ്യപ്പെടേണ്ട തസ്തികകളുടെ എണ്ണം എന്നിവ ചുവടെ പട്ടികയിൽ നൽകിയിരിക്കുന്നത് പ്രകാരമായിരിക്കും.

ക്രമ നമ്പർ	**ജില്ല**	**പ്രോജക്ട് അസിസ്റ്റന്റുമാരുടെ എണ്ണം (ഗ്രാമപഞ്ചായത്തുകൾ)**	**സംവരണതത്വ പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് നീക്കിവയ്ക്കേണ്ട എണ്ണം**	**സംവരണതത്വ പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നീക്കി വയ്ക്കേണ്ട എണ്ണം**
1	തിരുവനന്തപുരം	73	9	1
2	കൊല്ലം	68	8	0
3	പത്തനംതിട്ട	53	4	0
4	ആലപ്പുഴ	72	5	0
5	കോട്ടയം	71	4	1
6	ഇടുക്കി	52	3	2
7	എറണാകുളം	82	7	1
8	തൃശ്ശൂർ	86	8	0
9	പാലക്കാട്	88	10	2
10	മലപ്പുറം	94	8	1
11	കോഴിക്കോട്	70	5	1
12	വയനാട്	23	1	6
13	കണ്ണൂർ	71	2	2
14	കാസർഗോഡ്	38	1	2
	ആകെ	**941**	**75**	**19**

(3) സംവരണതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലുള്ളവരെ നിയോഗിക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെ പട്ടിക (2011 ലെ സെൻസസ് കണക്കുകൾ പ്രകാരം പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ കൂടുതലുള്ള ഗ്രാമപഞ്ചായത്തുൾ) അനുബന്ധമായി ചേർക്കുന്നു. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഈ വിഭാഗത്തിലുള്ളവരെയാണ് നിയോഗിക്കുന്നതെന്ന് ഉറപ്പാക്കണം.

(4) യോഗ്യത:- സംസ്ഥാന സാങ്കേതിക പരീക്ഷാ കൺട്രോളർ / സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നടത്തുന്ന മൂന്ന് വർഷത്തെ ഡിപ്ലോമ ഇൻ കമേഴ്സ്യൽ പ്രാക്ടീസ് (DCP) / ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് പാസ്സായിരിക്കണം

അല്ലെങ്കിൽ

കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദവും ഒപ്പം ഒരു വർഷത്തിൽ കുറയാതെയുള്ള അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പാസായിരിക്കുകയും വേണം.

(5) പ്രായപരിധി : 2021 ജനുവരി 1 ന് 18 നും 30 നും ഇടയിൽ. പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്ക് 3 വർഷത്തെ ഇളവ് അനുവദിക്കാവുന്നതാണ്.

(6) തെരഞ്ഞെടുപ്പ് നടത്തുന്നതിന് നാലംഗ സെലക്ഷൻ കമ്മിറ്റിയെ ഭരണസമിതി നിയോഗിക്കേണ്ടതാണ്. സെലക്ഷൻ കമ്മിറ്റിയുടെ ഘടന, തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്.

(7) ഇപ്രകാരം തെരഞ്ഞെടുക്കുന്നവരെ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയോഗിക്കാവുന്നതാണെന്നും പരാമർശം 2-ലെ കാറ്റഗറി IV പ്രകാരമുള്ള കരാർ വേതനം അനുവദിക്കാവുന്നതാണ്. എന്നിരുന്നാലും ഇടയ്ക്ക് പെർഫോർമൻസ് വിലയിരുത്തി ആവശ്യമെങ്കിൽ പുതിയ ആളെ നിയോഗിക്കാവുന്നതാണ്.

(8) നിർമ്മാണ പ്രവൃത്തികളുടെ ജിയോ ടാഗിംഗ് നടത്തുന്നതിന് 10,000 രൂപയിൽ കവിയാത്ത തുകയ്ക്കുള്ള മൊബൈൽ ഫോൺ വാങ്ങുന്നതിന് പരാമർശം 3 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മൊബൈൽ ഡാറ്റായുടെ ലഭ്യത പരിശോധിച്ച ശേഷം മതിയായ കണക്ടിവിറ്റി ഉള്ള സേവനദാതാവിന്റെ സിം കാർഡ് ആണ് എടുക്കുന്നതെന്ന് സെക്രട്ടറി ഉറപ്പാക്കണം. സെക്രട്ടറിയുടെ പേരിൽ ഔദ്യോഗിക കണക്ഷൻ വേണം എടുക്കേണ്ടത്. ഔദ്യോഗിക കണക്ഷൻ ലഭ്യമാക്കുന്നതിന് തടസ്സം നേരിടുകയാണെങ്കിൽ സേവനദാതാക്കളുമായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ചർച്ച ചെയ്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഔദ്യോഗിക കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മൊബൈൽ ഡാറ്റാ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 200 രൂപയിൽ അധികരിക്കാത്ത തുക പ്രതിമാസം ചെലവഴിക്കാവുന്നതും അതിന് തനത് ഫണ്ട്, എഫ്.എഫ്.സി ബേസിക് ഗ്രാന്റ് എന്നിവ ഉപയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shija C G
Deputy Secretary

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന ഡയറക്ടർ മുഖേന)

3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

7. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

8. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

9. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും

10. എല്ലാ ജില്ലാകളക്ടർമാർക്കും

11. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും

12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

13. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

14. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും

15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

17. ഡയറക്ടർ ജനറൽ, കില

18. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – നഗരസഭകൾക്ക് അനുവദിക്കുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ പേയ്മെന്റ് പി.എഫ്.എം.എസ് പോർട്ടൽ മുഖേന നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.7/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/01/2022

പരാമർശം:-

1. സ.ഉ.(കൈ) നം. 50/2021/ധന, തീയതി 12.03.2021.
2. സ.ഉ.(സാധാ) നം.2260/2021/ധന തീയതി, 12.03.2021.
3. സർക്കുലർ നം. എഫ്.എം.3/ 44/2021/തസ്വഭവ, തീയതി 18.03.2021.
4. സ.ഉ.(സാധാ) നം. 6993/2021/ധന, തീയതി 28.11.2021.

ഉത്തരവ്

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് എല്ലാ നഗരസഭകളും ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുകയും നടപ്പ് വർഷത്തെ ആദ്യഗഡു തുക പ്രസ്തുത അക്കൗണ്ടുകളിലേയ്ക്ക് മാറ്റി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എഫ്.എഫ്.സി. ഗ്രാന്റ് വകയിരുത്തുന്ന പ്രോജക്ടുകളുടെ പേയ്മെന്റ് നടത്തുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന നടപടി ക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

1. പ്രോജക്ടുകളുടെ പരിശോധന, അംഗീകാരം എന്നിവ നിലവിൽ സുലേഖ സോഫ്റ്റ് വെയറിൽ ചെയ്തു വരുന്നതു പോലെ തന്നെ പൂർത്തിയാക്കേണ്ടതാണ്.

2. പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും അതത് നിർവഹണ ഉദ്യോഗസ്ഥർ തന്നെ പൂർത്തിയാക്കേണ്ടതാണ്.

3. പേയ്മെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ (i) തുക അനുവദിക്കേണ്ട ഗുണഭോക്താക്കളെ /കരാറുകാരെ/ സ്ഥാപനങ്ങളെ വെബ് സാംഖ്യയിൽ ചേർത്ത് പ്രോജക്ടുമായി മാപ് ചെയ്യുക (ii) റിക്വിസിഷൻ തയ്യാറാക്കി അയയ്ക്കുക (iii) പ്രൊസീഡിംഗ്സ്/ ബിൽ തയ്യാറാക്കുക (iv) തയ്യാറാക്കിയ ബിൽ പേയ്മെന്റിനായി അയയ്ക്കുക തുടങ്ങി നിലവിൽ വെബ് സാംഖ്യയിൽ ചെയ്തു വരുന്ന നടപടിക്രമങ്ങൾ എല്ലാം അതുപോലെ നിർവഹണ ഉദ്യോഗസ്ഥർ തുടർന്നും എഫ്.എഫ്.സി പ്രോജക്ടുകൾക്കും അനുവർത്തിക്കേണ്ടതാണ്. എന്നാൽ ബിൽ ട്രഷറിയിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്നതിന് പകരം 'Bill to LB for Payment' എന്ന മെനു ഉപയോഗിച്ച്, തനത് ഫണ്ട് പേയ്മെന്റ് അയയ്ക്കുന്ന അതേ രീതിയിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് ഓൺലൈനിൽ അയച്ചുകൊടുക്കേണ്ടതാണ്. ഒപ്പം, നിർവഹണ ഉദ്യോഗസ്ഥൻ ഒരു സെറ്റ് ബില്ലും അനുബന്ധരേഖകളും സാക്ഷ്യപ്പെടുത്തേണ്ടതും (ഹാർഡ് കോപ്പി), ഗുണഭോക്താക്കളുടെ / കരാറുകാരുടെ / സ്ഥാപനങ്ങളുടെ വിശദാംശങ്ങളും ബാങ്ക് അക്കൗണ്ട് നമ്പരും ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനത്തിന് നൽകുകയും വേണം.

4. ഓൺലൈൻ ബില്ലിനൊപ്പം നിർവഹണ ഉദ്യോഗസ്ഥൻ അധികൃതമാക്കി നൽകുന്ന ഒരു സെറ്റ് ബില്ലും അനുബന്ധരേഖകളും ലഭ്യമായാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പി.എഫ്.എം.എസ് പോർട്ടലിൽ പേയ്മെന്റ് ഓർഡർ തയ്യാറാക്കുന്നതു മുതൽ പേയ്മെന്റ് വരെയുള്ള രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. തുടർന്ന് പി.എഫ്.എം.എസിലെ മേക്കറുടെ ലോഗിൻ മുഖേന പേയ്മെന്റ് നടത്തേണ്ടതും GST TDS, IT TDS, KBOWF തുടങ്ങിയ കിഴിവുകൾ നടത്തി ഒടുക്കേണ്ടതുമാണ്. ബാങ്കിൽ നിന്നും ഗുണഭോക്താക്കളുടെ / കരാറുകാരുടെ / സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് തുക കൈമാറ്റം ചെയ്യപ്പെട്ട എന്ന് ഉറപ്പാക്കിയതിന് ശേഷം വെബ് സാംഖ്യയിൽ വൗച്ചർ നമ്പർ വിവരങ്ങൾ രേഖപ്പെടുത്തുകയും തനത് ഫണ്ട് രേഖപ്പെടുത്തുന്ന അതേ രീതിയിൽ ചെലവ് രേഖപ്പെടുത്തുകയും വേണം.

5. പി.എഫ്.എം.എസ്. പോർട്ടലിൽ ഒരു മേക്കറെ (Maker) മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതു കൊണ്ടാണ് എല്ലാ പ്രോജക്ടുകളുടെയും പേയ്മെന്റ് നടപടികൾ സെക്രട്ടറിയുടെ പേരിലുള്ള മേക്കർ ലോഗിൻ മുഖേന പൂർത്തിയാക്കേണ്ടി

വരുന്നത്. എന്നിരുന്നാലും പ്രോജക്ടുകളുടെ ധനപരമായ ഉത്തരവാദിത്തം നിർവഹണ ഉദ്യോഗസ്ഥർക്ക് തന്നെയായിരിക്കും. ബില്ലുകളും ബന്ധപ്പെട്ട ഫയലുകളും വൗച്ചറുകളും ചെലവ് അനുവദിക്കുമ്പോൾ ലഭിക്കുന്ന UTR നമ്പർ അടക്കമുള്ള വിവരങ്ങളും ചെലാനുകളും സൂക്ഷിക്കുക, ഓഡിറ്റിനും മറ്റ് പരിശോധനകൾക്കും ഹാജരാക്കുക എന്നിങ്ങനെയുള്ള ഉത്തരവാദിത്തവും നിർവഹണ ഉദ്യോഗസ്ഥന് തന്നെയായിരിക്കും. സെക്രട്ടറി നിർവഹണം നടത്തുന്ന പ്രോജക്ടുകളുടെ ധനപരമായ ഉത്തരവാദിത്തം സെക്രട്ടറിക്ക് ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ ജില്ലാകളക്ടർമാർക്കും.
അക്കൗണ്ടന്റ് ജനറൽ(എൽബിഎ&എ)കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്).
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
ധനകാര്യവകുപ്പ്
ഡയറക്ടർ ജനറൽ, കില.
എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കാസറഗോഡ് ജില്ലാ പഞ്ചായത്ത്- ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയ CFC Tied Fund -അനുവദനീയമായ കാര്യങ്ങൾക്കായി വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്

സ.ഉ.(സാധാ) നം.538/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

പരാമർശം:-
1. കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.
2. 02/12/2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 4.40 നമ്പർ തീരുമാനം.
3. 02/12/2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 3.12 നമ്പർ തീരുമാനം.

ഉത്തരവ്

ജലജീവൻ മിഷൻ വഴി എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകിവരുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ CFC-Tied Fund ഉപയോഗിച്ച് ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ കിണർ/കുഴൽ കിണർ നിർമ്മിക്കുന്നതിന് ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം ഭൂജല വകുപ്പ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നിലവിൽ അനുവദിക്കുന്നില്ലെന്നും ആയതിനാൽ ഗ്രാമപഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയ CFC-Tied Fund ചെലവഴിക്കാനാവാത്ത സ്ഥിതിയാണുള്ളതെന്നും അതിനാൽ ഗ്രാമപഞ്ചാത്തുകൾക്ക് കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയ CFC-Tied Fund താഴെപ്പറയുന്നതിൽ അനുവദനീയമായ കാര്യങ്ങൾക്കായി വകയിരുത്തുന്നതിന് അനുമതി നൽകണമെന്നുമാവശ്യപ്പെട്ടുള്ള കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പരാമർശം 2 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നു-

i) ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള CFC-Tied Fund ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന പൈപ്പ് ലൈൻ വലിക്കലും ഗാർഹിക കണക്ഷൻ നൽകലും ജലജീവൻ മിഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കുകയും വേറെ പദ്ധതി തയ്യാറാക്കി ഗ്രാമ പഞ്ചായത്തുകൾ തുക KWA ഡെപ്പോസിറ്റ് ചെയ്യുന്നതിന്.

ii) ഗ്രാമപഞ്ചായത്തുകൾ വിഭാവനം ചെയ്തിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയെ കൊണ്ട് ഏറ്റെടുപ്പിച്ച് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന്.

iii) നിലവിൽ KWA ക്ക് നൽകാൻ കുടിശികയുള്ള വെള്ളക്കരം അടവാക്കുന്നതിന്.

iv) പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾക്ക് പുറമെ നിലവിലുള്ള KWA, കുടിവെള്ള പദ്ധതികളുടെയും ജലസ്രോതസ്സുകളുടെയും നവീകരണം മുതലായ പ്രവൃത്തികൾക്ക് KWA-ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് .

v) ഗ്രണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിച്ച പല കുടിവെള്ള പദ്ധതികളും വൈദ്യുതി ചാർജ്ജ് അടക്കാതെയും അറ്റകുറ്റപ്പണി ചെയ്യാതെയും ഉപയോഗപ്രദമല്ലാത്ത അവസ്ഥയാണുള്ളത്. ഇതിന്റെ വൈദ്യുതി കടിശ്ശിക ഒടുക്കുന്നതിന് അനുമതി

vi) ജലജീവൻ മിഷൻ പദ്ധതികൾക്കായി പഞ്ചായത്തുകൾ അടവാക്കേണ്ടതായ

15 % വിഹിതം നൽകുന്നത്

2. മേൽ വിഷയങ്ങൾ സംബന്ധിച്ച് പരാമർശം 2 പ്രകാരം സർക്കാർ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമനമ്പർ 6 ഒഴികെയുള്ള ആവശ്യങ്ങൾക്ക് സി.എഫ്.സി റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി നല്കിക്കൊണ്ടും, പരാമർശം 3 -ലെ പൊതുതീരുമാന പ്രകാരം ജലജീവൻ മിഷനോടൊപ്പം മറ്റു കുടിവെള്ള പദ്ധതികൾ, കുടിവെള്ളവുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ, KWA, GWD മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ എന്നിവയും നടപ്പാക്കേണ്ടതും ജലജീവൻ മിഷൻ പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട 15% വിഹിതം വകയിരുത്തേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറി, കാസറഗോഡ് ജില്ലാ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

3) മെയ്ന്റനൻസ് ഗ്രാന്റ്

കേരള സർക്കാർ

നം.ഡി.എ 1/1032/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, 06.01.2018.

സർക്കുലർ

വിഷയം:- നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ ഉപയോഗം - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- 1) സ.ഉ.(എം.എസ്.)നം. 80/2017/തസ്വഭവ തിയതി 03.04.2017
2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.12.17 ൽ കൂടിയ യോഗത്തിന്റെ 3.1 നമ്പർ തീരുമാനം

മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവ് (മാർഗ്ഗരേഖ) പ്രകാരം(ഖണ്ഡിക29,പേജ്66) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ്) തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നും ഉപയോഗിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇത്തരം ചെലവുകൾക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നറിയിച്ചിട്ടുള്ളതിനാൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം പ്രസ്തുത ഫണ്ട് മുകളിൽ പറഞ്ഞവയ്ക്ക് ഉപയോഗിക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(റൂറൽ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഒഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നോൺ- റോഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ.(സാധാ) നം.1805/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/10/2020

പരാമർശം:- 1 സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിയുടെ 26/03/2018,15/06/2019, തീയതികളിലെ ബി5-2318-2017/ എസ്.ഇ.സി നം. കത്തുകൾ

2 സ.ഉ. (സാധാ.) 1432/2020/തസ്വഭവ. തീയതി 01/08/2020

3 25/08/2020ലെ സംസ്ഥാന ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിയുടെ . ബി5-2318-2017.സം.തി.ക നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്കായി പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നോൺ - റോഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിലേക്കായി പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ചുള്ള തുക നിലവിലെ സാഹചര്യത്തിൽ ആവശ്യമില്ലെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം 2 ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ , സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4) സദ്ഭരണം

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27-05-2020-ലെ തീരുമാനങ്ങൾ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ലാപ്ടോപ് വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1168/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/06/2020

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 14.01.2020-ലെ ഡിപി4/5554/സിആർഡി നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ലെ 4.8 നമ്പർ തീരുമാനം

ഉത്തരവ്

ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങളുടെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരും വിവിധ കേന്ദ്ര പദ്ധതികളുടെ ഫീൽഡ് തല ഉദ്യോഗസ്ഥരുമായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് (വി.ഇ.ഒ.) നിലവിൽ ജോലി സംബന്ധമായ ആവശ്യങ്ങൾക്ക് കമ്പ്യൂട്ടർ ലഭ്യമല്ലാത്തത് ജോലിയിൽ കാലതാമസവും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതിന് കാരണമാകുന്നു എന്നും ജിയോ ടാഗിങ് ഉൾപ്പടെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് ടി ഉദ്യോഗസ്ഥർക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിച്ച് ഒരു മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ് വാങ്ങി നൽകാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2. 27.05.2020-ലെ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിഗണിക്കുകയും ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങേണ്ടതാണ് എന്ന നിബന്ധനയോടെ തനത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതത് ബ്ലോക്ക് പഞ്ചായത്തിന് ഇതിനായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായി.

3. മേൽ വിവരിച്ച സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ഒരു മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ് വാങ്ങി നൽകാൻ അതാത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 202[illegible] 10:36:03 IST
Reason: Approved
സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ് പി.ഒ 695033
തിരുവനന്തപുരം
directorofpanchayat@gmail.com
0471-2323286 **06/02/2021**

സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - - ഭരണ ജാഗ്രത- വകുപ്പിലെ വിവിധ ആഫീസുകളിലും, ഗ്രാമപ ഞ്ചായത്തുകളിലും വിന്യസിച്ച് പരിപാലിച്ച വരുന്ന സോഫ്റ്റ് വെയറുകളുടെ സുരക്ഷി തമായ ഉപയോഗം ഉറപ്പാക്കു ന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവി ക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ച് പരിപാലിച്ചുവരുന്ന സോഫ്റ്റ് വെയറുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു വേണ്ടി വകുപ്പിലെ വിവിധ ആഫീസുകളി ലും, ഗ്രാമപഞ്ചായത്തുകളിലും താഴെ പറയുന്ന ക്രമീകരണങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൈകാര്യം ചെയ്യുവരുന്ന കംമ്പ്യൂട്ടറുകളിലെ വിവിധ ആപ്ലിക്കേഷ നുകളിൽ ജീവനക്കാരുടെ **user name and password auto save** ആയി കിടക്കുന്നതിനാൽ ഇത് ബന്ധപ്പെട്ട ജീവനക്കാരറിയാതെ ദുരുപയോഗം ചെയ്യുന്നതിന് കാരണമാകാൻ സാധ്യതയുണ്ട്. അതിനാൽ എല്ലാ കംമ്പ്യൂട്ടറുകളിൽ നിന്നും **Auto Saved passwords** ഒഴിവാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജീവന ക്കാർ/ടെക്നിക്കൽ അസിസ്റ്റന്റുമാർ അടിയന്തിര മായിസ്വീകരിക്കേണ്ടതും ബന്ധപ്പെട്ട സെക്രട്ടറി മാർ ഇക്കാ ര്യം ഉറപ്പുവരു ത്തേണ്ടതുമാണ്.

2) പല സോഫ്റ്റ് വെയറുകളിലും കാലാകാലങ്ങളായി **default password** തന്നെ (ഉദാ: **plan 123**) ഉപയോഗിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ ഉപയോഗിച്ചുവരുന്ന **Default password** മാറ്റേണ്ടതിന്റെ ആവശ്യകതയും , ഇതിന്റെ പ്രാധാന്യവും എല്ലാ ജീവനക്കാർക്കും വിശദീകരിച്ച് നൽകേണ്ടതും **Default password,** വളരെ എളുപ്പം മറ്റുള്ളവർക്ക് കണ്ടുപിടി ക്കാവുന്ന **password** എന്നിവയെല്ലാം മാറ്റുന്നതിനുള്ള സാങ്കേതിക സഹായം ടെക്നിക്കൽ ജീവനക്കാർ നൽകേണ്ട താണ്.

3) **സകർമ്മ** അടക്കമുള്ള സോഫ്റ്റ് വെയറുകൾ പരിശോധിച്ചതിൽ ഏതാനും തദ്ദേശസ്ഥാപനങ്ങളിൽ സെക്രട്ടറി ചെയ്യേണ്ടതും പ്രസിഡൻറ് ചെയ്യേണ്ടതുമായ

പ്രവർത്തനങ്ങളെല്ലാം ഒരേ IP ഉള്ള കമ്പ്യൂട്ടറിൽ നിന്നാണ് ചെയ്യുന്നത് എന്ന് മനസ്സിലാക്കുന്നു. ജീവനക്കാർക്കും ജനപ്രതിനിധികൾക്കും സ്വയം സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക എന്നതാണ് സാങ്കേതിക ജീവനക്കാരുടെ പ്രധാന ചുമതല. ആപ്ലിക്കേഷനുകൾ ഉപയോഗിക്കാനാവശ്യമായ അറിവ് ജീവനക്കാർക്കും ജനപ്രതിനിധികൾക്കും ഉണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും അതിനാവശ്യമായ പരിശീലനം നിരന്തരം നൽകി അവരെ അതിന് പ്രാപ്തരാക്കേണ്ടതുമാണ്.

4) മറ്റുള്ളവർക്ക് ലഭ്യമാകുന്ന തരത്തിലോ മേശപ്പുറത്തോ ചുവരിലോ പാസ്സ് വേർഡുകൾ എഴുതിവെയ്ക്കുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

5) ജീവനക്കാർ സ്ഥലംമാറി പോകുകയോ, വിരമിക്കുകയോ നിലവിലെ ചുമതലയിൽ നിന്നും മാറുകയോ ചെയ്താൽ അവർ ഉപയോഗിച്ചുവരുന്ന സോഫ്റ്റ് വെയർ ലോഗിനുകൾ **de-activate** ചെയ്യ എന്ന് ഉറപ്പു വരുത്തേണ്ടതും ഇക്കാര്യം റിലീവിംഗ് ഓർഡറിൽ രേഖപ്പെടുത്തേണ്ടതുമാണ്.

6) പുതിയ ജീവനക്കാർ ചുമതലയിൽ പ്രവേശിക്കുന്ന സമയത്ത് **new login** നൽകേണ്ടതാണ്. നിലവിലുള്ള **login edit** ചെയ്തുനൽകുന്ന പ്രവണത പൂർണ്ണമായും ഒഴിവാക്കേ ണ്ടതാണ്.

7) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും, സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരും ഡിജിറ്റൽ സിഗ്നേച്ചർ ഡോംഗിൾ എന്നിവ മറ്റൊരാളെ ഏൽപ്പിക്കുകയോ , അലക്ഷ്യമായി കൈകാര്യം ചെയ്യുകയോ ചെയ്യുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതാണ്.

8) **IT Act 2000, Section 66C (Punishment of identity theft)** പ്രകാരം മറ്റൊരാളുടെ പാസ്സ് വേർഡ് ദുരുപയോഗം ചെയ്യുന്നത് 3 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴയും ശിക്ഷ വിധിക്കാവുന്ന ക്രിമിനൽ കുറ്റമാണ്. അതിനാൽ അത്തരം നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നവർക്കെ തിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

DR.P.K.JAYASREE IAS
DIRECTOR OF PANCHAYATH

പഞ്ചായത്ത് ഡയറക്ടർ

പകർപ്പ് - 1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3) എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
4) കരുതൽ /അധികം

GOVERNMENT OF KERALA

Abstract

Electronics & Information Technology Department – Procurement of Laptops by Departments instead of Desktop for the implementation of e-Governance – Sanction accorded – Orders issued.

ELECTRONICS & INFORMATION TECHNOLOGY (IT CELL) DEPARTMENT

G.O.(Rt)No.99/2021/ITD Dated,Thiruvananthapuram, 23/07/2021

Read:- 1. Minutes of the meeting held by the Chief Secretary on 05.07.2021 to review the Online Services of Government of Kerala

ORDER

In the meeting held by the Chief Secretary on 05.07.2021 to review the Online Services of Government of Kerala, it was decided that the Departments may procure laptops for the implementation of e-Office, so that the work can be carried out from anywhere. The advantages of procuring laptops instead of Laptops are Portability, Low maintenance, Reduced Cable Clutters, Low power consumption, Less space occupancy, No cost required for UPS etc.

Government have examined the matter in detail and are pleased to order that the Departments / Grant in aid institutions / Boards / Corporations / Universities / Local Self Government Institutions / Public Sector Undertakings should procure laptops instead of Desktops for the roll out of e-Governance and other activities in their organization.

(By order of the Governor)
Bishwanath Sinha
Principal Secretary

To:
All Departments / Grant-in-aid institutions / Boards / Corporations / Universities / Local Self Government Institutions / Public Sector Undertakings
The Principal Accountant General (Audit) Kerala, Thiruvananthapuram.
The Accountant General (A & E) Kerala, Thiruvananthapuram.
The Web & New Media, I & PRD
Stock file / Office copy

Forwarded /By order

Section Officer

PAN/13639/2021-RGSA1

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ് പി ഓ , 695033 ,
തിരുവനന്തപുരം
directorofpanchayat@gmail.com
0471-2323286 തീയതി : 16/12/2021

സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് - ഗ്രാമപഞ്ചായത്തുകളുടെ ISO അംഗീകാരം - നിലനിർത്തുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ - അധിക നിർദ്ദേശങ്ങൾ നൽകുന്നു.

സൂചന:- 1. ഈ ഓഫീസിലെ 27.08.2021 തീയതിയിലെ PAN/7302/2021-RGSA1 നമ്പർ കത്ത്

പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഓഫീസുകളുടെ ഭൌതിക സൌകര്യങ്ങൾ മെച്ചപ്പെടുത്തി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ISO അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിലവിൽ സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകൾ ISO അംഗീകാരം നേടിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിട്ടുള്ള ISO അംഗീകാരം തുടർന്നും നിലനിർത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം അധിക നിർദ്ദേശങ്ങൾ നൽകുന്നു.

1. ISO 9001-2015 സർട്ടിഫിക്കേഷൻ പരിപാലനം - സമയ വിവര പട്ടിക സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്നതും 4'x3' വലുപ്പത്തിൽ തയ്യാറാക്കിയതുമായ ബോർഡ് പൊതു ജനങ്ങൾക്കു കൂടി കാണാൻ കഴിയുന്ന വിധത്തിൽ ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പേര് :..... ISO അംഗീകാരം നേടിയ തീയതി :.....

ക്രമ നമ്പർ	ഇനം	സമയക്രമം	കുറിപ്പ്
1	പൊതു വിവര ബോർഡുകൾ	എല്ലായിപ്പോഴും	

2	പൊതു ജനങ്ങൾക്കുള്ള വിവിധ ഭൌതിക സാഹചര്യങ്ങൾ	എല്ലായിപ്പോഴും	
3	സേവന വിലയിരുത്തൽ ഫോം ശേഖരിക്കൽ (ഓഫീസിൽ എത്തുന്ന പൊതു ജനങ്ങളിൽ നിന്നും)	ദൈനംദിനം	ഫ്രണ്ട് ഓഫീസ് മുഖാന്തിരം
4	പൌര സർവ്വേ	പ്രതിവർഷം	
5	ഇന്റേണൽ ആഡിറ്റ്	6 മാസത്തിൽ ഒരിക്കൽ	
6	മാനേജ്മെന്റ് റിവ്യു	6 മാസത്തിൽ ഒരിക്കൽ	
7	ക്വാളിറ്റി സർക്കിൾ	15 ദിവസത്തിൽ ഒരിക്കൽ	
8	സ്ഥാപനതല പരിശീലനങ്ങൾ	പ്രതിമാസം 1 വീതം	പരിശീലന വിഷയങ്ങൾ സ്ഥാപനത്തിന് തീരുമാനിക്കാം
9	റെക്കോർഡ് റൂം പരിപാലനം ഫയൽ തീർപ്പാക്കൽ	MOP പ്രകാരം	
10	പുതിയ ലൈവ് രജിസ്റ്റു കളുടേയും മിനുട്സ് കളുടേയും കോഡിംഗ്	യഥാസമയം	
11	പൊരാവകാശ രേഖ പുതുക്കൽ (പകർപ്പ് ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കൽ)	വർഷത്തിൽ 1 തവണ	
12	അഗ്നിശമന ഉപകരണം- പരിപാലനം	പ്രതിവർഷം	
13	സേവന സംബന്ധമായ ചെക്ക് ലിസ്റ്റ് (പൊതു ജനങ്ങൾക്ക്)	എല്ലായിപ്പോഴും	ഫ്രണ്ട് ഓഫീസ് മുഖേന
14	ഫ്രണ്ട് ഓഫീസ് മോണിട്ടറിംഗ്	പ്രതിമാസം	
15	കസ്റ്റമർ കംപ്ലയന്റ് രജിസ്റ്റർ പരിശോധന	പ്രതിമാസം	

(ഒപ്പ്)
സെക്രട്ടറി

2. ISO 9001-2015 സർട്ടിഫിക്കേഷൻ സംബന്ധിച്ച എല്ലാ രേഖകളും കില ജില്ലാകോർഡിനേറ്ററുടെ (ISO) അറിവോടെ മാത്രമേ ആഡിറ്റിന് (സർട്ടിഫിക്കേഷൻ

ബോഡിയ്ക്ക്) നൽകുവാൻ പാടുള്ളു.

3. 3 മാസത്തിൽ ഒരിക്കൽ അസിസ്റ്റന്റ് ഡയറക്ടർ, പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ, കില ജില്ലാകോർഡിനേറ്റർ (ISO)എന്നിവർക്ക് ISO 9001-2015 സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട് നൽകണം.

4. 3 മാസത്തിൽ ഒരിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയോഗത്തിൽ ISO 9001-2015 ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്. പ്രസ്തുത യോഗത്തിൽ കില ജില്ലാകോർഡിനേറ്ററെ (ISO) കൂടി പങ്കെടുപ്പിക്കുന്നത് ഉചിതമായിരിക്കും.

5. ISO 9001-2015 സർട്ടിഫിക്കേഷൻ സംബന്ധിച്ച എല്ലാ പരിശീലനങ്ങളും കില ജില്ലാകോർഡിനേറ്ററുടെ (ISO) ശുപാർശ പ്രകാരം സമയബന്ധിതമായി നൽകുക.

6. ISO 9001-2015 സർട്ടിഫിക്കേഷൻ ഗുണമേന്മയിലും അന്താരാഷ്ട്ര നിലവാരത്തിലും പരിപാലിച്ച് പോകുവാൻ കില ജില്ലാകോർഡിനേറ്റർ (ISO) നൽകുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും കൃത്യമായി നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ പ്രത്യേക ശ്രദ്ധ നൽകണം.

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

Finance (Streamlining) Department

CIRCULAR

No. 41/2022/Fin. **Dated, Thiruvananthapuram 26.05.2022**

Sub :- Finance Department – IFMS – Joint Venture Projects – Operational Guidelines – New mechanism for withdrawal of funds – Intimation - Reg

Ref :- 1. G.O (P) No. 100/2018/FIN dated 03.07.2018.
2. Circular No. 86/2021/FIN dated 30.09.2021.
3. Minutes of Meeting dated 06.04.2022.

As per Government Order referred above, instructions were issued for following allotment system in case of Local Self Governments executing Joint Venture Projects. But due to the technical issues reported in certain cases, vide Circular referred above, a new series of Treasury Savings Bank account is introduced exclusively for operating Joint Venture Projects on condition that the balance unspent amount in such accounts are remitted back to the source head of account by Financial Year end. The newly introduced system was only for the Financial Year 2021-22.

2. In order to avoid the technical glitches faced during allotment transfer, necessary changes have been brought into the software such that all the transactions for Joint Venture Projects can be effected through allotment system from 2022-23 onwards. Hence all the Local Bodies executing Joint Venture projects shall follow allotment system from 2022-23 onwards, without fail. All JVTSB accounts created for 2021-22 should be closed with immediate effect. For Joint Venture Projects under Finance Commission Grants, PFMS would be continued.

3. The Director of Treasuries/ Head of Departments would circulate the content of the Circular to all Treasury Officers and Drawing & Disbursing Officers for strict compliance.

PREETHA B.S.,
ADDITIONAL SECRETARY (FINANCE)

To

1. The Principal Accountant General (A&E) Kerala, Thiruvananthapuram.
2. The Principal Accountant General(Audit - I/II) Kerala, Thiruvananthapuram.
3. The Additional Chief Secretary, Local Self Government Department

4. The Director of Treasuries, Thiruvananthapuram.
5. All Heads of Departments (Through e-office notice board)
6. The Principal Director, LSGI, Swaraj Bhavan, Nanthancode, Thiruvananthapuram.
7. The Director of Urban Affairs, Swaraj Bhavan, Nanthancode, Thiruvananthapuram.
8. The Director of Panchayats, Swaraj Bhavan, Nanthancode, Thiruvananthapuram.
9. Nodal Officer [www.finance.kerala.gov.in]
10. State Informatics Officer, NIC, Kerala
11. The Director, IKM, Thiruvananthapuram.
12. Stock file/ Office copy [E 1736965 SL-3/27/2021-FIN]

Forwarded/By Order,

Section Officer

8) സബ്സിഡി/ധനസഹായം

8.1 കൃഷി

കേരള സർക്കാർ

നം.ഡി.എ 1/553/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 30.07.2018

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്-സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കൃഷി ആവശ്യത്തിനു വാങ്ങുന്ന രാസവളങ്ങൾക്ക് സബ് സിഡി നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1) സ.ഉ(കൈ)നം22/ 2018/തസ്വഭവ,തീയതി:14.02.2018
2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.1

കൃഷി ആവശ്യത്തിന് ജൈവവളം, വളർച്ചാത്വരകങ്ങൾ, ജീവാണുവളങ്ങൾ, രാസവളം എന്നിവയ്ക്ക് സബ്സി ഡി നൽകാൻ പരാമർശം (1) ലെ മാർഗ്ഗരേഖപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പല സഹകരണ സംഘങ്ങൾക്കും രാസവളം വിതരണം ചെയ്യുന്ന സെന്ററുകൾ ഉണ്ട്. ഇത്തരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് രാസവളങ്ങൾ കൃഷി ആവശ്യത്തിനു വാങ്ങാവുന്നതാണ്. ഇങ്ങനെ വളം വാങ്ങിയതിനുശേഷം ഒറിജിനൽ ബിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് നൽകുന്ന മുറയ്ക്ക് സബ്സി ഡിമാർഗ്ഗരേഖയിൽ പറയുംപ്രകാരം അനുവദനീയ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. വളം കൃഷി ആവശ്യത്തിന് ഗുണഭോക്താവ് ഉപയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പിഎ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ- അട്ടപ്പാടിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സബ് സിഡി മാർഗ്ഗരേഖയിൽ ഇളവുകൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 2124/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 02.08.2018

പരാമർശം :- 1. സ.ഉ(കൈ)നം. 22 / 2018 / തസ്വഭവ,തീയതി, 14.02.2018

2. അട്ടപ്പാടി നോഡൽ ഓഫീസറുടെ 23.03.2018-ലെ B1-949/18- ാം നമ്പർ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018-ലെ തീരുമാനം നം. 4.33

ഉത്തരവ്

അട്ടപ്പാടിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സബ്സിഡി മാർഗ്ഗരേഖയിൽ താഴെപ്പറയുന്നയിൽ ഇളവുകൾ നൽകണമെന്ന് അട്ടപ്പാടി നോഡൽ ഓഫീസർ മുകളിൽ പരാമർശിച്ച കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(i) കാർഷിക മേഖലയിൽ വ്യക്തിഗത സബ്സിഡി ലഭിക്കാൻ റവന്യൂ വകുപ്പ് നൽകുന്ന ഭൂമിയുടെ കൈവശരേഖയ്ക്ക് പകരം കൈവശ ഭൂമി സംബന്ധിച്ച് ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകാൻ അനുമതി.

(ii) സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് തൊട്ടു മുമ്പുള്ള വർഷമെങ്കിലും പ്രവർത്തന ലാഭമുള്ളതായിരിക്കണമെന്നാണ് മുകളിൽ ഒന്നാമതായി പരാമർശിച്ച മാർഗ്ഗ രേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. അട്ടപ്പാടി കോഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, വട്ടലക്കി ഗിരിജൻ കോഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നവയാണ്. അതിനാൽ ഈ സ്ഥാപനങ്ങളെ മുകളിൽ പറഞ്ഞ നിബന്ധനയിൽ നിന്നൊഴിവാക്കുന്നതിന് അനുമതി.

(iii) അങ്കണവാടികൾ പ്രവർത്തിക്കുന്നില്ലാത്ത സങ്കേതങ്ങളിൽ പ്രത്യേക വിജ്ഞാൻവാടികൾ ബാലവാടികൾ എന്നിവ ആരംഭിക്കുന്നതിന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന് അനുമതി.

2) 23.05.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.33 നമ്പർ തീരുമാന പ്രകാരം നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ പരിശോധനയ്ക്കു കൂടി വിധേയമാക്കണമെന്ന നിബന്ധനയോടെ അട്ടപ്പാടി മേഖലയ്ക്ക് മാത്രമായി മുകളിൽ പറഞ്ഞവയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നോഡൽ ഓഫീസർ അട്ടപ്പാടി & സബ് കളക്ടർ ഒറ്റപ്പാലം
ജില്ലാ കളക്ടർ, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പാടശേഖരങ്ങളിൽ പെട്ടിയും പറയും (PUMP SET) സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിന് നഗരസഭകൾക്കുകൂടി അനുമതി നൽകി സബ് സിഡി മാർഗരേഖ ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.166 /2019/തസ്വഭവ തീയതി, തിരുവനന്തപുരം 25.01.2019

പരാമർശം :- 1) സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14/02/2018
2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം.3.14

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം പാടശേഖരങ്ങളിൽ പെട്ടിയും പറയും (PUMP SET) സ്ഥാപിക്കുന്നതിന് ധനസഹായം നൽകാവുന്നത് ബ്ലോക്ക് പഞ്ചായത്തിനു മാത്രമാണ്. പരാമർശം (2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ച ടി കമ്മിറ്റിയുടെ തീരുമാന പ്രകാരം പാടശേഖരങ്ങളിൽ പെട്ടിയും പറയും (PUMP SET) സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിന് മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടുകൂടി അതത് നഗരസഭകൾക്ക് കൂടി അനുമതി നൽകി പരാമർശം (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

പരാമർശം ഒന്നിലെ ഉത്തരവ് മേൽഭേദഗതിയോടെ മാത്രം നിലനൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

"ഭരണഭാഷ -മാതൃഭാഷ"

കേരള സർക്കാർ

നം.ഡി.ഡി.2/71/2019/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്
തിരുവനന്തപുരം
തീയതി: 25/02/2019

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-ജനകീയാസൂത്രണം-കിണർ റീ ചാർജിംഗ് പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനെ നിശ്ചയിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019-ലെ യോഗത്തിന്റെ 3.3-ാം നമ്പർ തീരുമാനം.

****

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കിണർ റീചാർജിംഗ് ധനസഹായം നൽകുന്നതിനായി നടപ്പാക്കുന്ന പദ്ധതികളിൽ ഹരിത ഭവനവുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഒഴികെയുള്ള മറ്റു പദ്ധതികളിൽ കിണർ റീചാർജിംഗിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന അനുയോജ്യരായ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താവുന്നതാണ്. എന്നാൽ സൂചന (1) പ്രകാരം അനുവദനീയമായിട്ടുള്ള ഹരിത ഭവനം പദ്ധതിക്ക് കീഴിലെ കിണർ റീചാർജിംഗിന്റെ നിർവ്വഹണം നിർബന്ധമായും ബന്ധപ്പെട്ട കൃഷി ഓഫീസർ തന്നെ ആയിരിക്കേണ്ടതാണ്.

മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:-
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ/ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭ/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം.ഡിഎ1/407/2019-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 14/02/2020

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തിലെ കർഷകർ മറ്റ് ഗ്രാമപഞ്ചായത്തിലെ അവരുടെ കൃഷി ഭൂമിയിൽ കൃഷി ചെയ്യുമ്പോൾ ധനസഹായമടക്കം നൽകുന്നതിന് സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്, തീരുമാനം 3.1 (പൊതുവിഷയം)

****

കാർഷിക മേഖലയിൽ ഒരു ഗ്രാമപഞ്ചായത്തിലെ കൃഷിക്കാർക്ക് അടുത്ത ഗ്രാമപഞ്ചായത്തിൽ അവർക്ക് സ്വന്തമായുള്ള കൃഷി ഭൂമിയിൽ ,കൃഷി ചെയ്യുമ്പോൾ ധനസഹായമടക്കം മറ്റ സഹായങ്ങളും ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് താഴെ പ് റയുന്ന സ്പഷ്ടീകരണം നൽകുന്നു.

പ്രസ്തുത കർഷകൻ ഏതു പഞ്ചായത്തിൽ/നഗരസഭയിൽ താമസിക്കുന്നു എന്നു കണക്കിലെടുക്കാതെ, പകരം കൃഷി ഭൂമി ഏതു പഞ്ചായത്ത് /നഗരസഭയിലാണോ ആ തദ്ദേശഭരണ സ്ഥാപനത്തിന്, മേൽ കർഷകന് കാർഷിക ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 'സുഭിക്ഷ കേരളം' - സബ്സിഡി മാർഗ്ഗരേഖയിൽ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

സ.ഉ. (സാധാ) നം. 1009/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി 29/05/2020

പരാമർശം 1. 14.02.2018-ലെ സ.ഉ.(കൈ) 22/2018/തസ്വഭവ
2. 05.12.2019-ലെ സ.ഉ.(കൈ) 157/2019/തസ്വഭവ
3. 06.03.2020-ലെ സ.ഉ.(കൈ)നം.45/2020/തസ്വഭവ
4. 18.05.2020-ലെ സ.ഉ.(കൈ) നം.14/2020/ആ.സ.വ
5. 20.05.2020-ലെ സ.ഉ.(കൈ) നം. 928/2020/തസ്വഭവ
6. 27.05.2020-ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം

ഉത്തരവ്

1. പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വികസന പ്രോജക്ടുകൾക്ക് അവലംബിക്കേണ്ട സബ്സിഡി മാനദണ്ഡങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയാവുന്നത്ര എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന 'സുഭിക്ഷ കേരളം' പദ്ധതിയുടെ മാർഗ്ഗരേഖ പരാമർശം 4 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ അനിവാര്യമാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ന കൂടിയ യോഗം ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖക്ക് താഴെ പറയുന്ന ഭേദഗതികളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ച് ഉത്തരവാകുന്നു.

2. കൃഷി

2.1 തരിശ് കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി സഹായം

(തുക രൂപയിൽ)

ക്രമ നം	ഇനം	നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക)		
		കർഷകന്	ഉടമസ്ഥ്	ആകെ
1	നെല്ല്	35,000	5000	40,000
2	പച്ചക്കറി	37,000	3000	40,000
3	വാഴ	32,000	3000	35,000
4	പയർ വർഗ്ഗങ്ങൾ (Pulses)	27,000	3000	30,000
5	ചെറുധാന്യം (Millets)	27,000	3000	30,000
6	മരച്ചീനിയും മറ്റ് കിഴങ്ങു വർഗ്ഗങ്ങളും	27,000	3000	30,000

7.	മുകളിൽ പരാമർശിക്കാത്ത മറ്റ് വിളകൾ	10,000	--	10,000

2.2 തരിശ് കൃഷിക്ക് സഹായം - മാർഗനിർദേശങ്ങൾ

2.2.1 മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്. ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം.

2.2.2 മൂന്ന് വർഷത്തിലധികമായി പൂർണ്ണമായി കൃഷിക്ക് ഉപയോഗിക്കാത്ത പുരയിടവും (underutilized lands) തരിശായി കണക്കാക്കി അതിൽ യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായ ധനസഹായം നൽകാവുന്നതാണ്.

2.2.3 തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കു മാത്രമാണ് തരിശു കൃഷിയുടെ ആനുകൂല്യം നൽകാവുന്നത്.

2.2.4 നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം രണ്ട് തവണകളായി നൽകാം - ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. ഉടമയ്ക്കുള്ള സഹായം പ്ലാന്റിംഗ് നടക്കുന്ന സമയത്ത് നൽകാവുന്നതാണ്.

2.2.5 ഖണ്ഡിക 2.5-ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധകമായിരിക്കും.

2.3 സ്ഥിരം കൃഷിക്ക് (Regular farming) അനുവദിക്കാവുന്ന പരമാവധി സഹായം - കൃഷി ചെലവ്/കൂലി ചെലവ് സബ്സിഡി

(തുക രൂപയിൽ)

ക്രമ നം	ഇനം/കൃഷി		നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക)
1	നെല്ല് (ഒരു പൂകൃഷിക്ക്)		22,000
2	പച്ചക്കറി	പന്തൽ ഉൾപ്പെടെ	25,000
		പന്തൽ ഇല്ലാതെ	20,000
		ശീതകാല പച്ചക്കറി (ഇടുക്കി, വയനാട് ജില്ലകളിലെ ശീതകാല പച്ചക്കറി കൃഷി നടത്തുന്ന പ്രദേശങ്ങൾക്കു മാത്രം)	30,000
3	പയർ വർഗ്ഗങ്ങൾ (Pulses)		20,000
4	മരച്ചീനിയും മറ്റ് കിഴങ്ങ് വർഗ്ഗങ്ങളും (Tapioca and other tubers)		20,000
5	വാഴ		30,000
6	ചെറുധാന്യങ്ങൾ (Millets)		20,000
7	നിലക്കടല (Groundnut)		20,000
8	എള്ളും മറ്റ് എണ്ണക്കുരുക്കളും (Sesamum & other oil seeds)		10,000
9	മുകളിൽ പരാമർശിക്കാത്ത മറ്റ് വിളകൾ		10,000

2.4. സ്ഥിരം കൃഷിക്ക് (Regular farming) സഹായം - മാർഗനിർദേശങ്ങൾ

2.4.1 ഹ്രസ്വകാല വിളകൾക്ക് ഒരു വർഷം പരമാവധി രണ്ട് സീസണിൽ സഹായം നൽകാം. നെൽകൃഷിക്കും ഒരു വർഷം രണ്ട് പ്രാവശ്യം (രണ്ട് പൂകൃഷിക്ക്) സഹായം നൽകാവുന്നതാണ്.

2.4.2 തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണമായി ഉപയോഗപ്പെടുത്തണം. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (regular farming) സഹായം നൽകാവുന്നതാണ്.

2.4.3 നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷം ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്

2.4.4 ഖണ്ഡിക 2.5 ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധകമായിരിക്കും.

2.5 തരിശ് കൃഷിക്ക സ്ഥിരം കൃഷിക്കും ബാധകമായ പൊതു മാർഗനിർദേശങ്ങൾ

2.5.1 നാമമാത്ര - ചെറുകിട കർഷകർ, കർഷക കൂട്ടായ്മ/ ഗ്രൂപ്പുകൾ, കുടുംബശ്രീ ജോയിന്റ് ലയ ബിലിറ്റി ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വയം സഹായ സംഘങ്ങൾ, പ്രവാസികൾ, പ്രവാസി കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ, പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി കൃഷി ചെയ്യുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും നൽകാം. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപനത്തിന്റെ സഹായമില്ലാതെ കർഷകർ/ഗ്രൂപ്പുകൾ കൃഷി ചെയ്യുന്ന അവസരത്തിലും മേൽപ്പറഞ്ഞ സഹായം അനുവദിക്കാവു ന്നതാണ്.

2.5.2 നെൽകൃഷിക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കൂടി കൃഷി വകുപ്പിൽ നിന്നും ലഭ്യമാകുന്ന താണ്.

- 'സുസ്ഥിര നെൽകൃഷി വികസനത്തിന് ഉല്പാദനോപാധികൾക്കുള്ള സഹായം' എന്ന സംസ്ഥാന പദ്ധതിയുടെ (Plan) ഭാഗമായി ഒരു ഹെക്ടറിന് 5,500 രൂപ നിരക്കിൽ നൽകുന്നതാണ്.
- നെല്ലുൽപാദനത്തിന് പ്രോത്സാഹന സഹായം എന്ന സ്കീമിന്റെ (Non Plan) ഭാഗമായി ഒരു ഹെക്ടറിന് 1000 രൂപ നിരക്കിൽ നൽകുന്നതാണ്.
- നെല്ല സംഭരണത്തിന്റെ ഭാഗമായി ഒരു കിലോഗ്രാമിന് 8 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതാണ്.

2.5.3 വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാധികളും മറ്റ് കൃഷി ചെലവുകളും ഉൾപ്പെടെ അനുവദിക്കാവുന്ന പരമാവധി സഹായമാണ് മുകളിൽ പട്ടികകളിൽ നൽകിയിട്ടുള്ളത്. വിത്ത്, വളം കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാദികൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുകയാണെങ്കിൽ അവയുടെ വില കുറവ് ചെയ്ത് (മാർഗ്ഗരേഖ പ്രകാരം ബാധകമായ ഉണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള തുക കുറവ് ചെയ്ത്) ബാക്കി തുക സഹായമായി അനുവദിക്കാവുന്നതാണ്. എന്നാൽ നെൽകൃഷിയുടെ ഉത്പാദനോപാധികൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന അധിക സഹായം പട്ടികകളിൽ നൽകിയിട്ടുള്ള നിരക്കിന് പുറമെ അനുവദിക്കാവുന്നതാണ്.

2.5.4 ഒറ്റ വിള (mono crop) കൃഷിക്കുള്ള സഹായങ്ങളാണ് പട്ടികകളിൽ നൽകിയിട്ടുള്ളത്. ഒരു പ്ലോട്ടിനുള്ളിൽ വ്യത്യസ്ത വിളകൾ വെവ്വേറെയായി (75 സെന്റ് മരച്ചീനി, 50 സെന്റ് പച്ചക്കറി എന്നിങ്ങനെ) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി അതത് വിളകൾക്ക് അനുവദനീയമായ നിരക്കിൽ സഹായം

അനുവദിക്കാവുന്നതാണ്. ഒരു പ്ലോട്ടിൽ ബഹുവിള (multiple crops) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ മുഖ്യ വിളക്ക് ബാധകമായ സഹായം അനുവദിക്കാവുന്നതും മുഖ്യവിള ഒഴികെയുള്ള ഇടവിളകൾക്ക് വിത്തുകളും തൈകളും മേല്പറഞ്ഞ സഹായത്തിനു പുറമെ മാർഗരേഖ അനുസരിച്ചു അധികമായി നൽകാവുന്നതുമാണ്.

2.5.5 വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്.

2.5.6 ഭൂഉടമ സ്വന്തമായി കൃഷി ചെയ്യാതിരിക്കുകയും എന്നാൽ കൃഷി ചെയ്യുന്നതിന് ഭൂമി വിട്ടുനൽകാൻ സന്നദ്ധത അറിയിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിലനിർത്തുന്നതാണെന്ന് ഉടമകളെ ബോധ്യപ്പെടുത്തിക്കൊണ്ട് ഗ്രാമ പഞ്ചായത്ത്/ നഗരസഭ, ഭൂവുടമ, കൃഷി ചെയ്യുന്നവർ തമ്മിൽ ധാരണയുണ്ടാക്കേണ്ടതാണ്. ഉടമക്കുള്ള പ്രതിഫലം എത്രയെന്ന് ഉടക്കത്തിൽ തന്നെ ധാരണയാകുന്നതിന് ശ്രമിക്കണം. തരിശ് കൃഷിയുടെ കാര്യത്തിൽ ഖണ്ഡിക 2.1 പ്രകാരം ഉടമക്ക് നിശ്ചയിച്ചിട്ടുള്ള തുക ഉടമക്ക് തന്നെ നൽകേണ്ടതാണ്. ഉടമ തന്നെയാണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയ്ക്കുള്ള തുക ഉൾപ്പെടെയുള്ള മൊത്തം തുകയും ഉടമയ്ക്ക് നൽകാവുന്നതാണ്.

2.5.7 നിലവിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും മണ്ണിട്ടുയർത്തി കൃഷി ചെയ്യുന്ന രീതി ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കാൻ പാടില്ല

2.5.8 ഈ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് താരതമ്യേന വലിയ പ്ലോട്ടുകളിലോ പാടശേഖരം മൊത്തത്തിലോ കൃഷി ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. വലിയ പ്ലോട്ടുകൾക്കും പാടശേഖരത്തിനും ഉള്ളിലുള്ള വ്യക്തിഗത കർഷകർക്ക് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യങ്ങൾ നൽകാം.

2.5.9 ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് വിഹിതവും നൽകാവുന്നതാണ്

2.5.10 കൃഷി വകുപ്പ്, വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവിടങ്ങളിൽ നിന്ന് സഹായം അനുവദിക്കുമ്പോൾ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം.

2.6 പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.1.6, 6.1.7, 6.1.27, 6.1.28 എന്നിവയിലെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പകരമായി മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി മാർഗ്ഗരേഖ പരിഷ്കരിക്കുന്നു.

2.7 ഫലവൃക്ഷ തൈകൾ (പുഷ്പ-ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും ജാതി തൈകളും ഉൾപ്പെടെ)

പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടിന പരിപാടിയിലെ ഒരു സുപ്രധാന പദ്ധതിയായ 'ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടുവളർത്തൽ' പദ്ധതി സുഭിക്ഷ കേരളം പദ്ധതിയുമായി

സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് ഫല വൃക്ഷതൈകളുടേയും പുഷ്പ-ഔഷധ-സസ്യകൃഷിയുള്ള വിത്തുകളുടെയും തൈകളുടേയും തെങ്ങിൻ തൈകകളുടേയും ജാതി തൈകളുടേയും സബ്സിഡി എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും 100 ശതമാനമായി പുതുക്കി നിശ്ചയിക്കുന്നു. പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 6.1.5 ഈ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

3. മൃഗസംരക്ഷണം

3.1 കറവയുള്ള പശു/കറവയുള്ള എരുമ

3.1.1. യൂണിറ്റ് കോസ്റ്റ് 60,000 രൂപായി പുതുക്കി നിശ്ചയിക്കുന്നു. പൊതു വിഭാഗത്തിന് 50 ശതമാനം വരെയും പട്ടികജാതി വിഭാഗക്കാർക്ക് 75 ശതമാനം വരെയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 100 ശതമാനം വരെയും സബ്സിഡി അനുവദിക്കാവുന്നതാണ്.

3.1.2 രണ്ട് പശുക്കൾ/എരുമ, കാലിതൊഴുത്ത് എന്നിവ ഒരു പാക്കേജായി നൽകുന്നതും പരിഗണിക്കാവുന്നതാണ്.

3.1.3 മേൽപ്പറഞ്ഞ പ്രകാരം പാക്കേജായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ പട്ടിക വാങ്ങി നടപ്പാക്കേണ്ടതാണ്.

3.1.3 ഉദാര പലിശ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിന് ശ്രമിക്കണം.

3.2 ശുചിത്വ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സഹായം

3.2.1 പുതിയ കറവപശു/എരുമ അനുവദിക്കുന്നതിനൊപ്പം ശുചിത്വ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും നിലവിലുള്ള കാലിത്തൊഴുത്തിനെ നവീകരിച്ച് ശുചിത്വമുള്ള കാലിത്തൊഴുത്ത് ആക്കി മാറ്റുന്നതിനും പൊതു വിഭാഗത്തിന് ചെലവിന്റെ 50 ശതമാനം പരമാവധി 25,000 രൂപ വരെയും, പട്ടികജാതി വിഭാഗത്തിന് ചെലവിന്റെ 75 ശതമാനം പരമാവധി 37,500 രൂപ വരെയും, പട്ടിക വർഗ്ഗവിഭാഗത്തിന് ചെലവിന്റെ 100 ശതമാനം പരമാവധി 50,000 രൂപ വരെയും സബ്സിഡി അനുവദിക്കാവുന്നതാണ്. (യൂണിറ്റ് ചെലവ് - 50,000 രൂപ).

3.2.2 കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ.

3.3 മിനി ഡയറി ഫാമുകളുടെ ആധുനികവത്ക്കരണം

3.3.1 അഞ്ചോ അതിൽ കൂടുതലോ പശുക്കളുള്ള ഡയറി ഫാമുകൾക്ക് കറവയന്ത്രം, റബർമാറ്റ്, ഓട്ടോമാറ്റിക് ഡ്രിൻകർ : ഹാൻഡ് ഷവർ (പമ്പ് ഉൾപ്പെടെ), വീൽ ബാരോ, ഡംഗ് സ്കൂപ്പർ, ചാഫ് കട്ടർ, സ്ലറി പമ്പ് എന്നീ ആധുനിക സൗകര്യങ്ങൾ ഒരുമിച്ചോ ഭാഗികമായോ അനുവദിക്കുന്നതിന് പൊതു വിഭാഗത്തിന് ചെലവിന്റെ 50 ശതമാനം പരമാവധി 50,000 രൂപ വരെയും പട്ടികജാതി വിഭാഗത്തിന് ചെലവിന്റെ 75 ശതമാനം പരമാവധി 75,000 വരെയും പട്ടികവർഗ്ഗ വിഭാഗത്തിന് ചെലവിന്റെ 100 ശതമാനം പരമാവധി 1,00,000 രൂപ വരെയും സബ്സിഡി അനുവദിക്കാവുന്നതാണ്. (യൂണിറ്റ് ചെലവ് 1,00,000 രൂപ).

3.4 തീറ്റപ്പുൽ കൃഷി (ഇനം 6.2.10)

3.4.1 നാമമാത്ര – ചെറുകിട കർഷകർക്ക് സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നതിനോ വ്യക്തികൾക്ക്/ ഗ്രൂപ്പുകൾക്ക് പാട്ടക്കൃഷി ചെയ്യുന്നതിനോ ഒരു ഹെക്ടറിന് 15,000 രൂപ നിരക്കിൽ (യൂണിറ്റ് ചെലവിന്റെ 50% നിരക്കിൽ) കൃഷി സ്ഥലത്തിന് ആനുപാതികമായി പരമാവധി 30,000 രൂപ വരെ അനുവദിക്കാവുന്നതാണ്. (യൂണിറ്റ് ചെലവ് – ഒരു ഹെക്ടറിന് 30,000 രൂപ).

3.5 അടുക്കള മുറ്റത്തെ കോഴി വളർത്തൽ

3.5.1 അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന്, ഗുണഭോക്താവ് സ്വന്തമായി കൂട് സ്ഥാപിക്കുകയോ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുകയോ ചെയ്യുകയാണെങ്കിൽ, എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും കോഴിക്കുഞ്ഞുങ്ങളുടെ വിലയുടെ 100 ശതമാനം പരമാവധി 600 രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. (യൂണിറ്റ് കോസ്റ്റ് 600 രൂപ).

3.5.2 കൂട് സ്വന്തമായി സ്ഥാപിക്കുന്നതിനോ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുന്നതിനോ കഴിയുന്നില്ലെങ്കിൽ താഴെപ്പറയുന്ന പ്രകാരം സഹായം നൽകാം. അഞ്ച് കോഴി കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന് പൊതുവിഭാഗത്തിന് 50 ശതമാനം പരമാവധി 300 രൂപയും പട്ടിക ജാതി വിഭാഗത്തിന് 75 ശതമാനം പരമാവധി 450 രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം പരമാവധി 600 രൂപയും, കൂടിന് എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും ചെലവിന്റെ 25 ശതമാനം പരമാവധി 500 രൂപയും അനുവദിക്കാവുന്നതാണ്. (അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ യൂണിറ്റ് ചെലവ് – 600 രൂപ, അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ കൂടിന്റെ യൂണിറ്റ് ചെലവ് 2000 രൂപ)

3.5.3 അഞ്ചിന്റ ഗുണിതങ്ങളായി പരമാവധി 25 കോഴി കുഞ്ഞുങ്ങൾ വരെയുള്ള യൂണിറ്റുകൾ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കാവുന്നതാണ്.

3.5.4 കോഴിക്കുഞ്ഞുങ്ങൾ 45 മുതൽ 60 ദിവസം വരെ പ്രായമുള്ളവ ആയിരിക്കണം.

3.5.5 കാട, താറാവ് മുതലായ വളർത്തു പക്ഷികളെ നൽകുന്നതിനും കോഴികുഞ്ഞുങ്ങളെ അഞ്ചിന്റെ ഗുണിതങ്ങൾ അല്ലാതെ നൽകുന്നതിനും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.7) അവലംബിക്കാവുന്നതാണ്.

3.6 പന്നിവളർത്തൽ

3.6.1 മൂന്ന് മാസം വരെ പ്രായമുള്ള അഞ്ച് ക്രോസ്സ്ബീഡ് പന്നിക്കുട്ടികളുടെ ഒരു യൂണിറ്റിന് 90,000 രൂപ യൂണിറ്റ് ചെലവിൽ പൊതു വിഭാഗത്തിന് 50 ശതമാനം പരമാവധി 45,000 രൂപവരെയും, പട്ടികജാതി വിഭാഗത്തിന് 75 ശതമാനം പരമാവധി 67,500 രൂപവരെയും പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം പരമാവധി 90,000 രൂപ വരെയും സബ്സിഡി അനുവദിക്കാവുന്നതാണ്. [യൂണിറ്റ് ചെലവ് – 90,000 രൂപ (5 പന്നിക്കുട്ടികളുടെ ചെലവ് 27,500, കൂട് – 35,000, തീറ്റ ഒരു ദിവസം 500 ഗ്രാം നിരക്കിൽ ഒരു പന്നിക്ക് 100 ദിവസത്തേയ്ക്ക് – 6250, ബയോ ഗ്യാസ് പ്ലാന്റ് – 20,000, മരുന്ന് – മറ്റ് ചെലവുകൾ – 1,250, ആകെ 90,000 രൂപ)]

3.6.2 ആവശ്യമായ ലൈസൻസുകൾ നേടിയിരിക്കണം.

3.6.3 കൂട് നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത ഉപയോഗ പ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുകയാണെങ്കിൽ യൂണിറ്റ് ചെലവിൽ (90,000 രൂപ) നിന്നും കൂട് നിർമ്മാണത്തിന്റെ യൂണിറ്റ് തുക കുറവ് ചെയ്തതിനു ശേഷമുള്ള ബാക്കി തുകയെ അടിസ്ഥാനമാക്കി സബ്സിഡി തുക (പൊതു വിഭാഗം 50%, പട്ടികജാതി-75%, പട്ടികവർഗ വിഭാഗം 100%) അനുവദിക്കാവുന്നതാണ്.

3.7 പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.2.1, 6.2.7, 6.2.10, 6.2.12, 6.2.16, 6.2.19 എന്നിവ മേൽപ്പറഞ്ഞ പ്രകാരം പരിഷ്കരിക്കുന്നു. ഈ ഇനങ്ങളുടെ നിലവിലുള്ള മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ മാറ്റമില്ലാതെ നിലനിൽക്കുന്നതാണ്.

4. ഫിഷറീസ്

4.1 ഫിഷറീസ് മേഖലയിൽ താഴെപ്പറയുന്ന മൂന്ന് പ്രോജക്ടുകളുടെ സബ്സിഡി മാനദണ്ഡങ്ങൾ പുതുതായി ഉൾപ്പെടുത്തുന്നു.

4.2 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി

4.2.1 80 ചതുരശ്ര മീറ്റർ (രണ്ട് സെന്റ്) വിസ്തീർണ്ണമുള്ള കുളം 40 സെന്റീമീറ്റർ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെന്റീമീറ്റർ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം (ആകെ 150 സെ.മി) കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125 സെന്റീ മീറ്റർ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്.

[a. അടിസ്ഥാന സൗകര്യ വികസനം - 74,000 രൂപ (കുളം കുഴിക്കൽ - 18,400 രൂപ, പോളിത്തിൻ ഷീറ്റും അനുബന്ധ സാമഗ്രികളും - 38,000 രൂപ, വാട്ടർ പമ്പ് - വെഞ്ചുറി പമ്പ് - സംരക്ഷിത വല - മറ്റ് ഉപകരണങ്ങൾ -17600)

b. പ്രവർത്തന ചെലവുകൾ - 49,000 (മത്സ്യ വിത്ത് -6000 രൂപ, തീറ്റ - 41,000 രൂപ, മെഡിസിൻ - 2000 രൂപ)

c. ആകെ യൂണിറ്റ് ചെലവ് - 1,23,000 രൂപ]

4.2.2 പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40 ശതമാനവും പട്ടികജാതി വിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 75 ശതമാനവും പട്ടികവർഗ്ഗവിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 100 ശതമാനവും സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

യൂണിറ്റ് കോസ്റ്റും സബ്സിഡിയും

(തുക രൂപയിൽ)

വിഭാഗം	യൂണിറ്റ് നിരക്ക്	പരമാവധി സബ്സിഡി			ഗുണഭോക്തൃ വിഹിതം / വായ്പ
		തദ്ദേശഭരണ സ്ഥാപനം	ഫിഷറീസ് വകുപ്പ്	ആകെ	
പൊതുവിഭാഗം	1,23,000	32,800	16,400	49,200	73,800
പട്ടികജാതി വിഭാഗം	1,23,000	61,500	30,750	92,250	30,750
പട്ടികവർഗ വിഭാഗം	1,23,000	82,000	41,000	1,23,000	ഇല്ല

4.2.3 ഒരു ഗുണഭോക്താവിന് പരമാവധി 4 യൂണിറ്റുകൾവരെ അനുവദിക്കാവുന്നതാണ്.

4.3 ബയോഫ്ളോക്ക് മത്സ്യകൃഷി

4.3.1 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ് ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം കനമുള്ള പി.വി.സി ആവരണം ചെയത എച്ച്.ഡി.പി.ഇ ഷീറ്റ് വിരിച്ചശേഷം, ടാങ്കിൽ 4-6 സെ.മി വലുപ്പമുള്ള 1250 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്.

[a. മൂലധന ചെലവ് - 92,000 രൂപ (ടാങ്ക്, പി.വി.സി ആവരണം ചെയ്യപ്പെട്ട HDPE ഷീറ്റ് വിരിച്ചത് - 35,000 രൂപ, മേൽക്കൂര - 5600 രൂപ, വൈദ്യുതീകരണം - പ്ലംബിംഗ് – എയർപമ്പ് - ജനറേറ്റർ - മറ്റ് സൗകര്യങ്ങൾ - 51,400 രൂപ)

b. പ്രവർത്തന ചെലവുകൾ - 46,000 രൂപ (മത്സ്യക്കുഞ്ഞ് - 10,000 രൂപ, തീറ്റ 23,300 രൂപ, മരുന്ന്- മറ്റ ചെലവുകൾ -12,700 രൂപ)

c. ആകെ യൂണിറ്റ് ചെലവ് - 1,38,000 രൂപ]

4.3.2 പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40 ശതമാനവും പട്ടികജാതി വിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 75 ശതമാനവും പട്ടികവർഗ്ഗവിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 100 ശതമാനവും സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

യൂണിറ്റ് കോസ്റ്റും സബ്സിഡിയും

(തുക രൂപയിൽ)

വിഭാഗം	യൂണിറ്റ് നിരക്ക്	പരമാവധി സബ്സിഡി			ഗുണഭോക്തൃ വിഹിതം / വായ്പ
		തദ്ദേശഭരണ സ്ഥാപനം	ഫിഷറീസ് വകുപ്പ്	ആകെ	
പൊതുവിഭാഗം	1,38,000	36,800	18,400	55,200	82,800
പട്ടികജാതി വിഭാഗം	1,38,000	69,000	34,500	1,03,500	34,500
പട്ടികവർഗ വിഭാഗം	1,38,000	92,000	46,000	1,38,000	ഇല്ല

4.3.3 ഒരു ഗുണഭോക്താവിന് പരമാവധി 4 യൂണിറ്റുകൾ വരെ അനുവദിക്കാവുന്നതാണ്.

4.4 കുളത്തിലെ കരിമീൻ കൃഷി

4.4.1 കുറഞ്ഞത് 50 സെന്റ് വിസ്തൃതിയുള്ള സ്ഥലത്തിനുള്ളിൽ ഒരു മീറ്റർ ആഴമുള്ള കുളത്തിൽ ബണ്ട് നിർമ്മിച്ച് അതിനുള്ളിൽ 1500 കരിമീൻ കുഞ്ഞുങ്ങളും 6 കിലോഗ്രാം പൊരുന്ന് മത്സ്യങ്ങളും നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്.

[a. അടിസ്ഥാനസൗകര്യ വികസനം - 65,000 രൂപ (നിലവിലുള്ള കുളത്തിന്റെ ബണ്ട് നന്നാക്കൽ - 16,100 രൂപ, ജലവിനിമയ പൈപ്പുകൾ - സംരക്ഷിത വല തുടങ്ങിയവ - 48,900 രൂപ)

b. പ്രവർത്തന ചെലവുകൾ - 85,000 രൂപ

(മത്സ്യവിത്ത് - 15,000 രൂപ, പൊരുന്ന മത്സ്യം - 3000 രൂപ, തീറ്റ -50,000 രൂപ, കുമ്മായം - ഡോളോമൈറ്റ് - 17,000 രൂപ)

c. ആകെ യൂണിറ്റ് ചെലവ് -1,50,000 രൂപ]

4.4.2 പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40 ശതമാനവും പട്ടികജാതി വിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 75 ശതമാനവും പട്ടികവർഗ്ഗവിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 100 ശതമാനവും സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

യൂണിറ്റ് കോസ്റ്റും സബ്സിഡിയും

(തുക രൂപയിൽ)

വിഭാഗം	യൂണിറ്റ് നിരക്ക്	പരമാവധി സബ്സിഡി			ഗുണഭോക്തൃ വിഹിതം / വായ്പ
		തദ്ദേശഭരണ സ്ഥാപനം	ഫിഷറീസ് വകുപ്പ്	ആകെ	
പൊതുവിഭാഗം	1,50,000	40,000	20,000	60,000	90,000
പട്ടികജാതി വിഭാഗം	1,50,000	75,000	37,500	1,12,500	37,500
പട്ടികവർഗ വിഭാഗം	1,50,000	1,00,000	50,000	1,50,000	ഇല്ല

4.4.3 ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് അനുവദിക്കാവുന്നതാണ്.

4.5 വീട്ടു വളപ്പിൽ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ കൃഷി - പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ

4.5.1 മത്സ്യകൃഷിയിൽ താല്പര്യമുള്ളതും സ്ഥല സൗകര്യമുള്ളതുമായ വ്യക്തികൾ, ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരെ ഈ പ്രോജക്ടുകളുടെ ഗുണഭോക്താക്കളാക്കാം.

4.5.2 അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് നിലവിലുള്ള നിബന്ധനകൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.

4.5.3 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ കൃഷി എന്നീ പ്രോജക്ടുകളുടെ ചുരുക്കം സാങ്കേതിക വിശദാംശങ്ങളാണ് യഥാക്രമം ഖണ്ഡിക 4.2.1., 4.3.1, 4.4.1 എന്നിവയിൽ നൽകിയിട്ടുള്ളത്. പ്രോജക്ടുകളുടെ കൂടുതൽ സാങ്കേതിക വിശദാശംങ്ങളും അതിന്റെ വിജയകരമായ നടത്തിപ്പിന് സ്വീകരിക്കേണ്ട മാർഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ ഫിഷറീസ് വകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്.

4.5.4 കുളം നിർമ്മിക്കൽ തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യാവുന്നതും ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ പദ്ധതി ചെലവിൽ നിന്നും സബ്സിഡി തുകയും ഗുണഭോക്തൃ വിഹിതവും നിശ്ചിത അനുപാതത്തിൽ (പൊതു വിഭാഗം 40 : 60, പട്ടികജാതി 75 : 25, പട്ടികവർഗ്ഗം 100 : 0) നിശ്ചയിച്ച് സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് തദ്ദേശഭരണ സ്ഥപനത്തിനും മൂന്നിൽ ഒന്ന് ഫിഷറീസ് വകുപ്പിനും അനുവദിക്കാവുന്നതുമാണ്. കുളങ്ങളുടെ നിർമ്മാണം ഗുണഭോക്താവ് നേരിട്ട് നിർവഹിക്കുന്ന പക്ഷം ഗുണഭോക്തൃവിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

4.5.5 വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപങ്ങൾക്കും നടപ്പാക്കാവുന്നതാണ്. എന്നാൽ ഗ്രൂപ്പുകളുടെ കാര്യത്തിൽ ബ്ലോക്ക്/ജില്ലാ

പഞ്ചായത്തുകൾക്കും പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് വിഹിതവും നൽകാവുന്നതാണ്.

4.5.6 സാധനസാമഗ്രികൾ, മത്സ്യ കുഞ്ഞുങ്ങൾ മുതലായവ സർക്കാർ ഏജൻസികളായ ഏജ ൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK), മത്സ്യകർഷക വികസന ഏജൻസി (FFDA) എന്നിവയിൽ നിന്നോ കാർഷിക/ക്ഷീര/മത്സ്യ സഹകരണ സംഘങ്ങളിൽ നിന്നോ നേരിട്ട് വാങ്ങാവുന്നതാണ്. അല്ലാത്ത പക്ഷം സ്വകാര്യ വിതരണക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങാവുന്നതും ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ചെലവുകൾ യൂണിറ്റ് കോസ്റ്റിലെ ഇനം തിരിച്ചുള്ള ചെലവിൽ പരിമിതപ്പെടുത്തി ഗുണഭോക്തൃ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതും ഗുണഭോക്തൃ വിഹിതം കഴിച്ച് ബാക്കി തുക ഉണ്ടെങ്കിൽ സബ്സിഡിയിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്നതുമാണ്.

4.5.7 സബ്സിഡി തുക യൂണിറ്റിന്റെ നിർവഹണ പുരോഗതി വിലയിരുത്തി പണമായോ സാധനമായോ ഗഡുക്കളായി അനുവദിക്കാവുന്നതാണ്.

4.5.8 മത്സ്യക്കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണം.

4.5.9 ഗുണഭോക്തൃ വിഹിതം സ്വന്തമായി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സന്ദർഭത്തിൽ ഉദാര പലിശ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കാവുന്നതാണ്.

4.6 ഖണ്ഡിക 4.1 മുതൽ 4.5 വരെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ മത്സ്യബന്ധന മേഖലയിലെ ഉൾനാടൻ മേഖലയിൽ കൂട്ടിച്ചേർക്കുന്നു.

5. പൊതുമാർഗ്ഗനിർദ്ദേശങ്ങൾ

5.1 കാർഷിക മേഖലയിൽ നാമമാത്ര-ചെറുകിട കർഷകർക്കാണ് അർഹതയെങ്കിലും നെൽകൃഷിയുടെ കാര്യത്തിൽ രണ്ട് ഹെക്ടറിലധികം കൃഷി ചെയ്യുന്ന കർഷകർക്കും രണ്ട് ഹെക്ടർ വരെയുള്ള ആനുകൂല്യം നൽകാവുന്നതാണ്. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ്.

5.2 ഈ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത ഇനങ്ങളെ സംബന്ധിച്ചിടത്തോളം പരാമർശം 1-ലെ മാർഗ്ഗരേഖയിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മാറ്റമില്ലാതെ നിലനിൽക്കുന്നതാണ്.

5.3 ഉത്പാദനമേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പരാമർശം 5 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സുഭിക്ഷ കേരളം പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ നിശ്ചയിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ IAS

പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് വകുപ്പുകളുടെ ഡയറക്ടർമാർക്ക്
6. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
7. എല്ലാ ജില്ലാകളക്ടർമാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
9. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
10. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
11. എല്ലാ നഗര കാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
12. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. തദ്ദേശസ്വയംഭരണം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
2. കാർഷികോത്പാദന കമ്മീഷണറുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ / സെക്രട്ടറിമാരുടെ പി.എമാർക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയിൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോ ബാഗ് എന്നിവ വാങ്ങാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1087/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/06/2020

പരാമർശം:- 1 വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13.05.20-ലെ IR2/VFPCK/IRG/Communication/2018-19/2226 നമ്പർ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 27.05.2020 -ലെ യോഗത്തിന്റെ ഇനം നം. 4.21 തീരുമാനം.

ഉത്തരവ്

സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ ബഹു. കൃഷി വകുപ്പ് മന്ത്രി ചെയർമാനായ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, പഴം - പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം വിവിധയിനം പച്ചക്കറി വിത്തുകൾ, തൈകൾ, ഗ്രോ ബാഗുകൾ, ജൈവവളം, ജൈവകീടനാശിനി വളർച്ചാ ത്വരകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, കമ്പോസ്റ്റുകൾ മറ്റ് ജൈവോത്പാദനോപാധികൾ എന്നിവ വിതരണം ചെയ്യുന്ന ഏജൻസിയാണ്. ടി ഏജൻസിയുടെ ഉത്പന്നങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കാൻ പ്രസ്തുത ഏജൻസിയെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശം (2) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK) -യിൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോ ബാഗ് എന്നിവ വാങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റിഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം

(VFPCK), മൈത്രി ഭവൻ, കാക്കനാട്, കൊച്ചി-682037.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡി.എ.1/140/2020-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 03/08/2020

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - സുഭിക്ഷ കേരളം പദ്ധതി - വിളകൾക്ക് ന്യായവില ഉറപ്പാക്കുന്നതും വിപണന സൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:-
1. 18.05.2020-ലെ സ.ഉ.(കൈ) നം.14/2020/ആ.സാ.വ.
2. 20.05.2020-ലെ സ.ഉ.(സാധാ) നം. 928/2020/ തസ്വഭവ.
3. 29.05.2020-ലെ സ.ഉ.(സാധാ) നം. 1009/2020/ തസ്വഭവ.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.14

****

സുഭിക്ഷ കേരളം പദ്ധതിയിൽ സംസ്ഥാനമൊട്ടാകെ പച്ചക്കറി കൃഷിയടക്കം വിവിധ കാർഷിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നുണ്ട്. ഇപ്രകാരം ഉത്പാദിപ്പിക്കുന്ന പച്ചക്കറിയ്ക്കും മറ്റ് കാർഷിക വിളകൾക്കും ന്യായമായ വില ഉറപ്പാക്കാനും വിപണന സൗകര്യം ഒരുക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇടപെടേണ്ടതാണ്. ഇതിന് ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ പ്രത്യേകം അവലോകനം നടത്തണം. ഒപ്പം റീജിയണൽ ജോയിന്റ് ഡയറക്ടർ (Municipal Service) നഗര പ്രദേശങ്ങളിൽ നടക്കുന്ന പ്രവർത്തനം അവലോകനം ചെയ്യേണ്ടതുമാണ്.

പാറ്റ്സി സ്റ്റിഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മിഷണർ
എല്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ബ്ലോക്കടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൃഷി പ്രോജക്ടുകൾക്കാവശ്യമായ സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് നിബന്ധനയോടെ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.616/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 ബഹു.തിരുവമ്പാടി എം.എൽ.എ ശ്രീ. ജോർജ്ജ് എം. തോമസ് എസ്.ആർ.ജി.ചെയർമാന് നൽകിയ 27.01.2021-ലെ കത്ത്

2 10.02.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.19-ാം നമ്പർ തീരുമാനം

ഉത്തരവ്

ബ്ലോക്കടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൃഷി പ്രോജക്ടുകൾക്കാവശ്യമായ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായവ സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് (ടെണ്ടർ കൂടാതെ) അനുമതി നൽകണമെന്ന ബഹു.തിരുവമ്പാടി എം.എൽ.എ.യുടെ പരാമർശം (1) കത്തിലെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി യോഗം പരിഗണിക്കുകയും സാധനങ്ങളുടെ ഗുണനിലവാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൃഷി പ്രോജക്ടുകൾക്കാവശ്യമായ നടീൽ വസ്തുക്കൾ, വിത്ത്, വളം മുതലായ സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന്, ടി സാധനങ്ങളുടെ ഗുണനിലവാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
അണ്ടർ സെക്രട്ടറി

പകർപ്പ്:ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.26 17:08:29 IST
Reason: Approved
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കയർ ഫെഡ് ഉൽപ്പാദിപ്പിക്കുന്ന പ്രകൃതി സൗഹൃദ ചെടിച്ചട്ടി ('കൊക്കോ പോട്ട്') കാർഷികാനുബന്ധ പ്രോജക്ടുകൾക്കായി ടെൻഡർ / കൊട്ടേഷൻ കൂടാതെ വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപാധികളോടെ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.52/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2022

പരാമർശം:-

1. കയർഫെഡ് പ്രസിഡന്റിന്റെ 15.06.2020 ലെ സി.എഫ്./ പി.ഡി.റ്റി./ 2020 നമ്പർ കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 20.09.2020-ലെ PAN/9244/2020-J4(DP) നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.22

ഉത്തരവ്

പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കയർഫെഡ് വിപണിയിൽ എത്തിച്ചിട്ടുള്ള പ്രകൃതി സൗഹൃദ ചെടിച്ചട്ടിയിൽ ('കൊക്കോ പോട്ട്') കൃഷി ചെയ്യുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങളും പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് കയർഫെഡ് പ്രസിഡന്റ് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്ലാസ്റ്റിക് നിർമ്മിതമായ ഗ്രോബാഗിനു പകരം കയർഫെഡ് വിപണിയിൽ എത്തിച്ചിട്ടുള്ള പ്രകൃതി സൗഹൃദ ചെടിച്ചട്ടിയായ 'കൊക്കോ പോട്ട്' ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി, ടി ഉല്പന്നത്തിന്റെ ഉല്പാദനം ആരംഭിച്ച് അഞ്ചു വർഷം പൂർത്തിയാക്കുന്നതുവരെയുള്ള കാലയളവിൽ സ്റ്റോർസ് പർച്ചേയ്സ് മാന്വലിലെ ഖണ്ഡിക 9.22 ലെ വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള മാർക്കറ്റ് റേറ്റിനേക്കാൾ വാങ്ങൽ നിരക്ക് അധികരിക്കുന്നില്ല എന്ന സാക്ഷ്യപത്രം ഉൾപ്പെടുത്തി, കൃഷി പോലുള്ള പ്രോജക്ടുകൾക്കായി പ്രകൃതി സൗഹൃദ ചെടിച്ചട്ടികൾ ('കൊക്കോ പോട്ട്') ടെൻഡർ കൂടാതെ കയർഫെഡിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. ചെയർമാൻ, കയർഫെഡ്, ആലപ്പുഴ
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
17. സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. ഡിഎ1/65/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-03-2022

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - വിള ഇൻഷ്വറൻസ് അനുവദിക്കാത്ത സാഹചര്യത്തിൽ സബ്സിഡി നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ. (കൈ) നം. 22/2018/തസ്വഭവ, തീയതി 14.02.2018.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ന് നടന്ന യോഗത്തിന്റെ തീരുമാനം 3.12.

****

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് സൂചിത മാർഗ്ഗരേഖ ഖണ്ഡിക 6.1.6 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടയ്ക്കണമെന്ന് ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 25 സെന്റിൽ താഴെ നെൽകൃഷി ചെയ്യുന്നവർക്ക് കൃഷി വകുപ്പിൽ നിന്ന് വിള ഇൻഷ്വറൻസ് അനുവദിക്കാത്ത സാഹചര്യം ഉണ്ടാവാറുണ്ട്. ഈ സാഹചര്യത്തിൽ 25 സെന്റിൽ താഴെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് (വിള ഇൻഷ്വറൻസിൽ ഉൾപ്പെടുത്താനായി കൃഷി വകുപ്പ് നിശ്ചയിച്ചിരിക്കുന്ന വിസ്തീർണ്ണം എത്രയാണോ അത്) സ്ഥലത്തിന്റെ വിസ്തീർണമനുസരിച്ച് ആനുപാതിക നിരക്കിൽ കൂലി ചെലവ് സബ്സിഡി നൽകാവുന്നതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ

9. ഡയറക്ടർ, കൃഷി വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

8.2 മൃഗസംരക്ഷണം/ക്ഷീരവികസനം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ- മുട്ടക്കോഴികൾ- ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് - ചെലവിന്റെ സബ്സിഡി നിലവിലുള്ള 25 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിച്ചും കൂട് ഉള്ളവർക്ക് പ്രസ്തുത വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നിർബന്ധമായും വാങ്ങണമെന്ന നിബന്ധന ഒഴിവാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.1582/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 11.06.2018

പരാമർശം :-
1. സ.ഉ.(കൈ.)നം. 22/2018/തസ്വഭവ,തീയതി,14.02.2018
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17.05.2018-ലെ plg.220/18-19/DPC/DPC/TVM നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018-ലെ തീരുമാനം നം. 4.32

ഉത്തരവ്

മുകളിൽ ഒന്നാമതായി പരാമർശിച്ച ഉത്തരവു പ്രകാരം പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിൽ മുട്ടക്കോഴികളെ നൽകുന്നതിന് അനുമതിയുണ്ടെന്നും (ഖണ്ഡിക 6.27) മുട്ടക്കോഴികളോടൊപ്പം ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഇതിന് ചെലവ് കൂടുതൽ ആയതിനാലും പലർക്കും കൂടുള്ളതിനാലും നിർബന്ധമായും കൂട് വാങ്ങണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർഥിച്ചിരുന്നു.

2) 23.05.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.32 നമ്പർ തീരുമാന പ്രകാരം കൂടിന് നിലവിൽ നൽകി വരുന്ന, ചെലവിന്റെ 25 ശതമാനം സബ്സിഡി എന്നത് 50 ശതമാനമായി വർദ്ധിപ്പിച്ചും കൂട് ഉള്ളവർക്ക് പ്രസ്തുത വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നിർബന്ധമായും വാങ്ങണമെന്ന നിബന്ധന ഒഴിവാക്കിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ആർ.ഗിരിജ ഐ. എ.എസ്
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷ്ണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ ഇൻ ചാർജ്ജ്)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഒഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സ്ി ഡി - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി -പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. **2638/2018/ത.സ്വ.ഭ. വ** തീയതി തിരുവനന്തപുരം **15.10.2018**

പരാമർശം :- 1) സ.ഉ.(കൈ) നം 22/2018/തസ്വഭവ തീയതി 14/2/2018
2) സ.ഉ.(സാധാ.) നം 1582/2018/തസ്വഭവ തീയതി 11/06/2018
3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.10

ഉത്തരവ്

അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം ധനസഹായം നൽകുമ്പോൾ ഗുണഭോക്താവ് ഹൈഡെൻസിറ്റി കൂടുകൾ വാങ്ങണമെന്ന് പരാമർശം (1) ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.18 ൽ കൂടിയ യോഗത്തിന്റെ പ്രത്യേക വിഷയ തീരുമാനം നംബർ 4.32 ന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം കൂടിനു നൽകി വന്ന ചെലവിന്റെ സബ്സ്ി ഡി 50 ശതമാനമായി വർധിപ്പിച്ചുകൊണ്ടും കൂട് സ്വന്തമായി ഉണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയാൽ മതി എന്നും ഉത്തരവായിരുന്നു.

ഈ സാഹചര്യത്തിൽ ലൈഫ് ഭവന പദ്ധതിക്ക് വികസന ഫണ്ടിന്റെ (CFC ഒഴിവാക്കി) കുറഞ്ഞത് 20 ശതമാനം തുക മാറ്റി വച്ചതിനുശേഷം അധിക തുക വകയിരുത്തി ലക്ഷം വീട് ഭവന പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റിഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും, (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും, (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് II മാർഗ്ഗനിർദേശങ്ങൾ പ്രകാരം 2021-22 ൽ ഒ.ഡി.എഫ്. പ്ലസ് ആക്കി മാറ്റുന്നതിനുള്ള 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ്. പ്ലസ് ആയി മാറ്റുന്നതിനുളള നടപടിക്രമം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1492/2021/LSGD തീയതി,തിരുവനന്തപുരം, 09/08/2021

പരാമർശം:-

1. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് II മാർഗ്ഗനിർദേശങ്ങൾ
2. കേന്ദ്ര സർക്കാർ 2021-22 വർഷത്തേയ്ക്ക് അംഗീകാരം നൽകിയിട്ടുള്ള വാർഷിക കർമ്മ പദ്ധതി
3. 22/07/2021 ലെ GO(Rt) No.1375/2021/LSGD നമ്പർ ഉത്തരവ്
4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.07.2021 തീയതിയിലെ 197/എ/2020/എസ്എം നമ്പർ കത്ത്

ഉത്തരവ്

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ ഫേസ് II പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വില്ലേജുകൾ അടിസ്ഥാനഘടമായി കണക്കാക്കിക്കൊണ്ട് എല്ലാ ഗ്രാമപഞ്ചായത്തുകളും മിഷൻ കാലാവധിക്കുളളിൽ ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരം 2020-21 ൽ 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകളെ 2021 ഒക്ടോബർ 02 നകം ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിക്കേണ്ടതുണ്ട്. സ്വച്ഛ് ഭാരത് മിഷൻ ഫേസ് II പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒ.ഡി.എഫ്. പ്ലസ് ആക്കി മാറ്റുന്നതിനുള്ള 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകൾ ഈ പദവിയിലേക്ക് ഉയർത്തുന്നതിന് വേണ്ടിയുള്ള നടപടി ക്രമം അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് II മാർഗ്ഗനിർദേശങ്ങൾ പ്രകാരം 2021-22 ൽ ഒ.ഡി.എഫ്. പ്ലസ് ആക്കി മാറ്റുന്നതിനുള്ള 500 വില്ലേജുകൾ ഉൾപ്പെട്ട 300 ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ്. പ്ലസ് ആയി മാറ്റുന്നതിന് ഇതോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള നടപടി ക്രമം അംഗീകരിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത നടപടിക്രമം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി 2021 ഒക്ടോബർ 02 നകം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ ഒ.ഡി.എഫ്. പ്ലസ് ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്

അനുബന്ധം

സംസ്ഥാനത്തെ 500 വില്ലേജുകളിലെ 300 ഗ്രാമപഞ്ചായത്തുകൾ 2021 ഒക്ടോബർ 02 നകം ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. എല്ലാ വീടുകളിലും ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉറപ്പാക്കുക
2. ഗ്രാമങ്ങളിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പൊതുശൗചാലയം കൃത്യമായ പരിപാലനത്തോടു കൂടി ഉറപ്പാക്കുക
3. സ്കൂളുകൾ, പഞ്ചായത്ത് ആസ്ഥാനങ്ങൾ, അംഗൻവാടികൾ എന്നിവയിലും പുരുഷനും സ്ത്രീയ്ക്കും പ്രത്യേകമായി ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. പൊതുയിടങ്ങൾ വൃത്തിയുള്ളതും, മലിനജലം കെട്ടിനിൽക്കാതെയും പ്ലാസ്റ്റിക്ക് കൂമ്പാരങ്ങൾ ഇല്ലാതെയും സംരക്ഷിക്കുക.
4. ചുരുങ്ങിയത് 80% വീടുകളിലും, എല്ലാ സ്കൂളുകളിലും, അംഗൻവാടികളിലും പഞ്ചായത്ത് ആസ്ഥാനങ്ങളിലും ജൈവമാലിന്യങ്ങളും, ദ്രവമാലിന്യവും സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം
5. ഗ്രാമത്തിൽ പ്ലാസ്റ്റിക് തരംതിരിക്കുന്നതിനും അത് ശേഖരിക്കുന്നതിനും ഉള്ള സംവിധാനം ഉണ്ടായിരിക്കണം
6. ഗ്രാമങ്ങളിൽ ഒ.ഡി.എഫ് പ്ലസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അഞ്ച് വിവര വിജ്ഞാന വ്യാപന സന്ദേശങ്ങൾക്കും പ്രാമുഖ്യത്തോടെ പ്രദർശിപ്പിക്കുക, എന്നിവയാണ്.

മേൽ പറഞ്ഞ ഘടകങ്ങൾ എല്ലാം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കൃത്യമായി നിലവിൽ ഉണ്ട് എന്ന് ഉറപ്പാക്കി ഓരോ ഗ്രാമപഞ്ചായത്തിലെയും അതാത് വാർഡുകളിലെ ഗ്രാമ സഭകൾ ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപിക്കുകയും ഗ്രാമ പഞ്ചായത്ത് മൊത്തമായി ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപിക്കേണ്ടതുമാണ്. ഏതെങ്കിലും ഘടകങ്ങളിൽ കുറവ് ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശ സ്ഥാപനം ഏറ്റെടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളുടെ ഒ.ഡി.എഫ് പ്രഖ്യാപനത്തിന് ശേഷം ജില്ലാ കളക്ടർ, ഗ്രാമപഞ്ചായത്ത് തല പരിശോധന ടീമിനെയും (ബ്ലോക്ക് തലത്തിൽ) ജില്ലാതല മോണിട്ടറിഗ് ടീമിനെയും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(എ) ജില്ലാതല മോണിട്ടറിംഗ് ടീം ഘടന

1. ജില്ലാ കളക്ടർ - ചെയർമാൻ
2. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് - അംഗം
3. ജില്ലാ ഹരിതകേരള മിഷൻ കോ-ഓർഡിനേറ്റർ - അംഗം
4. ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ - കൺവീനർ

(ബി) ഗ്രാമപഞ്ചായത്ത്തല പരിശോധന ടീം

1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി - ചെയർമാൻ
2. പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്രണ്ട് - അംഗം
3. ഹരിതകേരള മിഷൻ റിസോഴ്സ് പേഴ്സൺ - അംഗം
4. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ - കൺവീനർ

ഗ്രാമപഞ്ചായത്ത്തല പരിശോധന ടീം 2021 സെപ്തംബർ 10 മുതൽ 20 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തേണ്ടതും ഒ.ഡി.എഫ് പ്ലസ് ആയി പ്രഖ്യാപനം നടത്തി സ്വച്ഛ് ഭാരത് മിഷൻ ഫേസ് II ഗൈഡ് ലൈനിൽ അനുശാസിക്കുന്ന സർട്ടിഫിക്കറ്റ് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഒ.ഡി.എഫ് പ്ലസ് പ്രഖ്യാപന സർട്ടിഫിക്കറ്റ് അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഒപ്പിട്ട് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.എം.ഐ.എസിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഒ.ഡി.എഫ് പ്ലസ് പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.എം.ഐ.എസിൽ അപ് ലോഡ് ചെയ്യുന്നതിന്റെ ജില്ലാതല മേൽനോട്ടം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ നിർവഹിക്കേണ്ടതാണ്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-2018, 2019 പ്രളയത്തിൽ വീട് തകർന്ന കേസുകളിൽ ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം. 2225/2021/തസ്വഭവ തിരുവനന്തപുരം, തീയതി, 08/11/2021

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14/09/2021-ലെ 2.2(1)(3.13) നമ്പർ തീരുമാനം.

ഉത്തരവ്

2018, 2019 പ്രളയത്തിൽ വീട് തകർന്ന കുടുംബങ്ങൾക്ക് CMDRF/SDRF-ൽ നിന്ന് ധനസഹായം നൽകുന്നത് വീടു പൂർണ്ണമായി തകർന്നതോ(Fully damaged) വാസയോഗ്യമല്ലാതായതോ (severely damaged greater than 75%) ആയ വീടുകൾക്ക് 4.00 ലക്ഷം രൂപ എന്ന നിരക്കിലാണ്. വീടിന്റെ നാശനഷ്ടം കുറവാണ് എങ്കിൽ ആനുപാതികമായി ധനസഹായത്തിന്റെ നിരക്കു കുറയും. ചില സാഹചര്യങ്ങളിൽ കുറഞ്ഞ നിരക്കിൽ SDRF-ൽ നിന്നും ലഭിക്കുന്ന സഹായം കൊണ്ട് വീട് വാസയോഗ്യമാക്കാൻ കഴിയുന്നില്ല എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരം വീട് വാസയോഗ്യമാക്കാനാകാത്ത പ്രളയബാധിത കുടുംബങ്ങളെ ലൈഫ് പദ്ധതിക്ക് സമാനമായ സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ 10/02/2021, 14.9.2021 എന്നീ തീയതികളിൽ ചർച്ച ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ 14.9.2021-ലെ പരാമർശിത കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം ചുവടെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് SRDF-ൽ നിന്നും CMRDF-ൽ നിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ലക്ഷം രൂപ ലഭിക്കുന്ന സാഹചര്യത്തിൽ ഇത്തരം കുടുംബത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇനി വിഹിതം നൽകാവുന്നതല്ല. എന്നാൽ 60 മുതൽ 74 ശതമാനംവരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോരപ്രദേശവും) SRDF-ൽ നിന്നും CMRDF-ൽ നിന്നും ആകെ 2,50,000/-രൂപ ലഭിക്കുന്ന തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയാത്ത കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സൂപാർശ പ്രകാരം പുതിയവീടു നിർമ്മിതിക്കായി ബാക്കിവരുന്ന തുക 1,50,000/- രൂപ വരെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശസ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല. എന്നാൽ 2018, 2019 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന് ഏതെങ്കിലും കേസുകളിൽ SDRF, CMDRF-ൽ നിന്നോ മറ്റു വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീടുനിർമ്മാണത്തിനു ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ,/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: -
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

ലൈഫ് ഭവന നിർമ്മാണ പദ്ധതി

എ) ലൈഫ് ഭവന പദ്ധതി –മാർഗ്ഗരേഖകൾ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - ഭവനസമുച്ചയങ്ങൾ - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O (Ms) No. 91/2019/LSGD തിരുവനന്തപുരം, തീയതി,16.07.2019.

പരാമർശം:- 1) 31.07.2017 ലെ സ.ഉ (എം.എസ്) നം.151/2017/ത.സ്വ.ഭ.വ.
2) 26.06.2019 തീയതിയിലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ.സി യോഗത്തിന്റെ മിനിട്ട്സ്.

ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവിന് തുടർച്ചയായി സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂരഹിത ഭവനരഹിതർക്കായി നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങൾ സംബന്ധിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
മെംമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം
കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി മെംമ്പർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംമ്പർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

ഭവന സമുച്ചയങ്ങൾ - മാർഗ്ഗരേഖ

കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ അതിന്റെ മൂന്നാംഘട്ടമായി ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസമാണ് ലക്ഷ്യമിടുന്നത്. വീടുകൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള വൈഷമ്യവും സർക്കാർ നൽകുന്ന ഭൂമിയും വീടും കൈമറിഞ്ഞു പോയി ഭവനരാഹിത്യം ഒഴിയാതെ നിലനിൽക്കുന്ന സ്ഥിതിയും മറികടക്കുന്നതിനുള്ള മാർഗ്ഗമായാണ്, ഭവനസമുച്ചയാധിഷ്ഠിത പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വീട് എന്നതിനുപരിയായി ഈ ഗുണഭോക്താക്കൾ നേരിടുന്ന യഥാർത്ഥ ജീവിത ക്ലേശങ്ങൾ ഒന്നായി പരിഗണിക്കുകയും അവ നേരിടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്ന ഒരു സമഗ്ര സാമൂഹ്യസുരക്ഷാ പദ്ധതികൂടിയാണിത്.

ഗുണഭോക്താക്കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കേണ്ട നിബന്ധനകൾ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം നിർമ്മിച്ച ഭവന സമുച്ചയത്തിലെ അപ്പാർട്ടുമെന്റുകളുടെ ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും താമസാവകാശം ഗുണഭോക്താവിനുമാണ്. ഭവന സമുച്ചയങ്ങളുടെ സുഗമമായ നടത്തിപ്പിലും ഗുണഭോക്താക്കളുടെ സംരക്ഷണത്തിനുമായി ചുവടെപ്പറയുന്ന നിബന്ധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനവും ഗുണഭോക്താവും പാലിക്കേണ്ടതാണ്.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാമസഭ അംഗീകരിച്ച ഭൂരഹിത ഭവനരഹിതരുടെ പട്ടികയിലെ മുൻഗണനാക്രമം അനുസരിച്ച് അപ്പാർട്ടുമെന്റ് ഗുണഭോക്താക്കൾക്ക് കൈമാറേണ്ടതാണ്.
- ഗുണഭോക്താവും തദ്ദേശസ്വയംഭരണ സ്ഥാപനവും തമ്മിൽ നിശ്ചിതമാതൃകയിലുള്ള കരാറിൽ ഏർപ്പെടേണ്ടതും ആവശ്യമായ രേഖകൾ സോഫ്റ്റ്വെയറിൽ യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.
- നിർവ്വഹണ ഉദ്യോഗസ്ഥന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെയും പരിശോധന റിപ്പോർട്ട്, ഗുണഭോക്താവിന്റെ രേഖകൾ, കുടുംബ ഫോട്ടോ, അനുവദിച്ച അപ്പാർട്ടുമെന്റിന്റെ നമ്പർ എന്നിവ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.
- ഗുണഭോക്താവ് മരണപ്പെട്ടാൽ നിയമപരമായ അവകാശിയുടെ പേരിലേക്ക് താമസ അവകാശം മാറ്റേണ്ടതും ആയത് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

- ഗുണഭോക്താവിന് അനുവദിച്ച് നൽകുന്ന അപ്പാർട്ടുമെന്റ് ഏതെങ്കിലും നിലയിൽ മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്തതായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ബോധ്യപ്പെടുകയാണെങ്കിൽ അപ്പാർട്ടുമെന്റിൽ നിന്നും ഒഴിപ്പിക്കുന്നതിനും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.
- ഗുണഭോക്താവിന് അപ്പാർട്ടുമെന്റ് കൂടാതെ മറ്റെവിടെയെങ്കിലും സ്ഥലമോ വീടോ നിവിലുള്ളതായി ബോധ്യപ്പെട്ടാൽ അപ്പാർട്ടുമെന്റിൽ നിന്നും ഒഴിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കും.
- അപ്പാർട്ടുമെന്റ് ഒരു കാരണവശാലും സ്വന്തം നിലയിൽ കൈമാറ്റം ചെയ്യാൻ പാടില്ല. എന്നാൽ നിയമപ്രകാരുള്ള ഭൂരഹിത ഭവനരഹിത അനന്തര അവകാശികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുവാദപ്രകാരം കൈമാറ്റം ചെയ്യാവുന്നതാണ്. അപ്പാർട്ടുമെന്റ് അനുവദിച്ചുകൊണ്ട് നൽകുന്ന രേഖ/ കാർഡ് ഗുണഭോക്താവ് കൃത്യമായും സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ആവശ്യപ്പെട്ടാൽ ഹാജരാക്കേണ്ടതുമാണ്.
- ഭൂരഹിത ഭവന രഹിതരായ നിയമാനുസൃത അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും അപ്പാർട്ടുമെന്റ് കൈമാറാൻ പാടില്ല. അനന്തരവകാശികൾ ഇല്ലാത്ത പക്ഷം ഗുണഭോക്താവിന്റെയും കുടുംബാംഗങ്ങളുടെയും കാലശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അപ്പാർട്ടുമെന്റ് തിരിച്ച് ഏറ്റെടുത്ത് മറ്റൊരു ഗുണഭോക്താവിന് നൽകാവുന്നതുമാണ്.
- അനധികൃതമായി അപ്പാർട്ടുമെന്റിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ അല്ലാതെ മറ്റ് ആരെങ്കിലും താമസിക്കുന്നതായി ബോധ്യപ്പെട്ടാൽ അവരെ ഒഴിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
- അപ്പാർട്ടുമെന്റിന്റെ ഘടനയിൽ മാറ്റം വരുത്താൻ അനുവദിക്കുന്നതല്ല.
- കുടുംബങ്ങൾക്ക് അധിവസിക്കുന്നതിനായി നിയമാനുസൃതം സ്ഥാപിതമായിട്ടുള്ള ഭവന സമുച്ചയത്തിലെ അപ്പാർട്ട്മെന്റുകളിൽ താമസ്സിക്കുന്നതിനായി കുടുംബനാഥൻ/നാഥ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾ കുടുംബത്തിലെ ഒരോ അംഗത്തിനും ബാധകമായിരിക്കും.

- അപ്പാർട്ടുമെന്റിലേക്കാവശ്യമായ വൈദ്യുതി, ജലം എന്നിവ ബന്ധപ്പെട്ട വകുപ്പുകളുടെയോ ഭവന സമുച്ചയ ഭരണ സമിതിയുടെയോ ബില്ലുകൾ പ്രകാരം ഗുണഭോക്താവ് കൃത്യമായി ഒടുക്കേണ്ടതാണ്.
- സാമൂഹ്യ ജീവിതത്തിനു ആവശ്യമായ പൊതു പെരുമാറ്റചട്ടങ്ങൾ പാലിക്കേണ്ടതാണ്.
- അപ്പാർട്ടുമെന്റിൽ അതിഥികളുടെ നടപടികൾ മൂലം പൊതു ഇടങ്ങളിലടക്കമുണ്ടാകുന്ന/ഭവന സമുച്ചയങ്ങളിലെ മറ്റ് അന്തേവാസികൾക്കുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദി ഗുണഭോക്താവായിരിക്കും.
- ഭവന സമുച്ചയത്തിലെ മറ്റ് അംഗങ്ങളുടെ സൈര്യ ജീവിതത്തിന് ഭംഗം വരുത്തുന്ന ആഘോഷങ്ങളും കൂടി ചേരലുകളും ഒഴിവാക്കേണ്ടതാണ്. തങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഭവന യൂണിറ്റിനു പുറത്ത് മറ്റ് കുടുംബങ്ങളുമായോ അതിഥികളുമായോ ചേർന്ന് നടത്തുന്ന ഏതൊരു ആഘോഷത്തിനും കൂടിച്ചേരലിനും ഭവസമുച്ചയ ഭരണസമിതിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്.
- ഗാർഹികവൃത്തികളിൽ സഹായിക്കുന്നതിനായി ജോലിക്കാരെ ഒപ്പം താമസിപ്പിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ വാടകയോ മറ്റ് തരത്തിലുള്ള പ്രത്യുപകാരമോ സ്വീകരിച്ചു കൊണ്ട് പേയിംഗ് ഗസ്റ്റ് മാതൃകയിൽ ആരെയും താമസിപ്പിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
- സാമൂഹ്യമായോ സാമ്പത്തികമായോ ഉള്ള യാതൊരുവിധ വിവേചനങ്ങളും പാടുള്ളതല്ല. എന്നാൽ സാമൂഹ്യ സുരക്ഷാ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമാനുസൃതം അനുവദനീയമായ പ്രത്യേക പരിരക്ഷയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
- ഭവന സമുച്ചയങ്ങളിലെ പൊതുസ്ഥലങ്ങൾ/ ലിഫ്റ്റ്/ ശുചിത്വ സൗകര്യങ്ങൾ/ ജൈവമാലിന്യ പരിപാലനങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ നിയമപരമായും ധാർമ്മികമായും ഗുണഭോക്താവ് ബാധ്യസ്ഥനാണ്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
- ഭവനസമുച്ചയത്തിനുള്ളിൽ ഹരിത പെരുമാറ്റച്ചട്ടം പാലിക്കേണ്ടതാണ്.
- ഭവനസമുച്ചയത്തിനുള്ളിൽ മത-രാഷ്ട്രിയ - സാമൂഹിക യോഗങ്ങൾ അനുവദിക്കുന്നതല്ല. സമുച്ചയത്തിലെ പൊതുവായ സാംസ്കാരിക

വേദിയുടെ നേതൃത്വത്തിലല്ലാതെ മറ്റ് യാതൊരുവിധ പരിപാടിയും അനുവദിക്കുന്നതല്ല.

- അപ്പാർട്ടുമെന്റിൽ വളർത്തുമൃഗങ്ങൾ/ പക്ഷികൾ അനുവദനീയമല്ല.
- സാമൂഹ്യ സുരക്ഷ മുൻ നിർത്തിയും അംഗങ്ങളുടെ പൊതു നന്മയ്ക്ക് വേണ്ടിയും ഭവന സമുച്ചയ ഭരണ സമിതി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ നടപ്പിലാക്കുന്ന എല്ലാ നിയമങ്ങളും/നിബന്ധനങ്ങളും യഥാവിധി പാലിക്കേണ്ടതാണ്.
- ഭവനസമുച്ചയങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ തുക പ്രതിമാസം ഗഡുക്കളാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തീരുമാനിക്കാവുന്നതും ആയത് മുടക്കം വരുത്താതെ ഗുണഭോക്താവ് എല്ലാ മാസവും തദ്ദേശസ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന തീയ്യതിക്കു മുമ്പായി ബന്ധപ്പെട്ട ഓഫിസിൽ ഒടുക്കി രസീത് കൈപ്പറ്റേണ്ടതുമാണ്. തുടർച്ചയായി മൂന്ന് മാസം തുക ഒടുക്കുന്നതിൽ മുടക്കം വരുത്തുന്ന പക്ഷം ഗുണഭോക്താവിന് അപ്പാർട്ടുമെന്റിൽ താമസിക്കുന്നതിനുള്ള അവകാശം സ്വയം റദ്ദാകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഗുണഭോക്താവിനെ അപ്പാർട്ടുമെന്റിൽ നിന്നും ഒഴിപ്പിക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതുമാണ്.

ഭവന സമുച്ചയങ്ങളും - തുടർപരിപാലനവും

ഭവന സമുച്ചയങ്ങളിൽ ഗുണഭോക്താക്കളുടെ സുരക്ഷയ്ക്കും ആരോഗ്യ പരിപാലനത്തിനും പൊതു ആവശ്യങ്ങൾക്കുമായി താഴെപ്പറയുന്ന പൊതു സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

- ബയോമെട്രിക് പ്രവേശന കവാടങ്ങൾ
- ഭവനസമുച്ചയങ്ങളിൽ സർവെയലൻസ് ക്യാമറകൾ വയ്ക്കുകയും ദൃശ്യങ്ങൾ നിരീക്ഷിക്കാനുള്ള സംവിധാനവും
- സന്ദർശക രജിസ്റ്റർ അനിവാര്യമാക്കേണ്ടതും സന്ദർശകർക്കു വന്നു താമസിക്കാവുന്ന കാലയളവു നിജപ്പെടുത്തേണ്ടതുമാണ്.
- ഭവനസമുച്ചയത്തിൽ ഒരു ബീറ്റ് ബോക്സ് സ്ഥാപിക്കുകയും പരാതികൾ ലഭ്യമാകുന്ന പക്ഷം ഉടൻതന്നെ തീർപ്പാക്കേണ്ടതുമാണ്.
- ഭവന സമുച്ചയങ്ങളിൽ ശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കണം. (ജൈവ/അജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുതിന്

ലഹരി വസ്തുക്കളുടെ ഉപയോഗം, ടോയിലറ്റ്-ശുചിമുറി, ഫ്ളാറ്റിനകത്തെ ശുചിത്വം, മാരോ സന്ദർശനത്തിനു ശേഷം കുടുംബാംഗങ്ങൾക്ക് വന്ന രോഗങ്ങൾ, അമ്മമാരുടെയും കുട്ടികളുടെയും പ്രതിരോധ കുത്തിവെപ്പുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ആയത്, കുടുംബാരോഗ്യ കാർഡിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഭവനസമുച്ചയത്തിലെ താമസക്കാരിൽ യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് ആരോഗ്യ സംരക്ഷണ വോളണ്ടിയർമാരായി നിയോഗിച്ച് ഓരോ സന്ദർശനത്തിലും അവരുടെ സേവനവും പ്രയോചനപ്പെടുത്തേണ്ടതാണ്.

കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സബ് സെന്ററിൽ ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

എസ്റ്റേറ്റ് മാനേജർ കം ഫിനാൻസ് ഓഫീസർ

ഭവന സമുച്ചയ നടത്തിപ്പ് സുഗമവും പ്രശ്നരഹിതവുമാക്കുന്നതിന് എസ്റ്റേറ്റ് മാനേജർ കം ഫിനാൻസ് ഓഫീസറെ പഞ്ചായത്തിൽ നിന്നും നിയമിക്കേണ്ടതാണ്. അവരെ നിലവിലുള്ള പഞ്ചായത്ത് ജീവനക്കാരിൽ സൂപ്പർവൈസറി തസ്തികയിലുള്ള ഒരാൾക്ക് ആ ചുമതല നൽകുകയും ചെയ്യണം. പ്രസ്തുത ഓഫീസറുടെ സാന്നിദ്ധ്യം ഭവനസമുച്ചയത്തിൽ തന്നെയുണ്ടായിരിക്കുകയും അവർ സുതാര്യമായ പ്രവർത്തനത്തിന് ആവശ്യമായ രജിസ്റ്ററുകളും കണക്കുകളും (ഭവന സമുച്ചയത്തിലെ താമസക്കാരുടെ വിവരങ്ങൾ, സന്ദർശക രജിസ്റ്റർ, അറ്റകുറ്റപ്പണികളുടെ ലോഗ് രജിസ്റ്റർ, പ്രതിമാസ വരവു-ചെലവു കണക്കുകൾ മുതലായവ) സൂക്ഷിക്കേണ്ടതാണ്. സുരക്ഷ/ ശുചീകരണ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

ഭവന സമുച്ചയ ഭരണസമിതി

ഭവന സമുച്ചയത്തിന്റെ സുഗമമായ നടത്തിപ്പിനും പരിപാലത്തിനുമായി പൊതുജന പങ്കാളിത്തമുള്ള ഭരണസമിതി അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മെമ്പർ സെക്രട്ടറിയായ ഭരണസമിതിയിലെ മറ്റ് അംഗങ്ങൾ.

1. തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ മേയർ/ മുനിസിപ്പൽ ചെയർമാൻ
2. തദ്ദേശസ്വയംഭരണ സ്ഥാപന ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ
3. ഭവന സമുച്ചയം സ്ഥിതിചെയ്യുന്ന സ്ഥലത്തെ വാർഡ് മെമ്പർ
4. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്/ നഗരകാര്യ റീജിയണൽ ഡയറക്ടർ

- മഴവെള്ള സംഭരണി/മലിനജല പുനരുപയോഗ സംവിധാനം.
- നാപ്കിൻ ഇൻസിനേറ്റർ
- ഭവന സമുച്ചയത്തിന്റെ മേൽക്കൂരയിലെ സൗരവൈദ്യുത നിലയം സ്ഥാപിക്കേണ്ടതാണ്.
- കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സബ് സെന്റർ
- ക്രഷെ സൗകര്യമുള്ള രാവിലെ 7 മുതൽ വൈകിട്ട് ഏഴ് വരെ പ്രവർത്തിക്കുന്ന അങ്കണവാടി,
- വൃദ്ധജനപരിചരണ സംവിധാനം/ വയോധികർക്കുള്ള പകൽവീട്
- പാലിയേറ്റീവ് കെയർ യൂണിറ്റ്
- വിദ്യാർത്ഥികൾക്കുള്ള പൊതുപഠന മുറി/ ലൈബ്രറി
- ഓഫീസ്/ മീറ്റിംഗ് ഹാൾ
- യോഗ സെന്റർ/ റിക്രിയേഷൻ റൂം
- തൊഴിൽ പരിശീലന കേന്ദ്രം
- സുരക്ഷാ / ശുചീകരണ ജീവനക്കാർ
- എസ്റ്റേറ്റ് മാനേജർ കം ഫിനാൻസ് ഓഫീസർ
- ഭവനസമുച്ചയ ഭരണ സമിതിയും പൊതു സഭയും രൂപീകരിക്കുക

ഭവന സമുച്ചയത്തിന്റെ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. വാർഷിക അറ്റകുറ്റപണികൾക്കായി കരാർ വച്ചിട്ടുള്ള സ്ഥാപനങ്ങളുമായുള്ള കരാർ യഥാസമയം പുതുക്കേണ്ടതും മറ്റ് അനുബന്ധ പണികൾ നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമാണ്. ഭവനസമുച്ചയത്തിലേക്ക് ആവശ്യമായ ജലം, വൈദ്യുതി വിതരണം തുടങ്ങിയ യഥാവിധി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യ സംസ്കരണ സംവിധാനം, ആരോഗ്യപരിപാലനം, സുരക്ഷയും, അനുബന്ധ സൗകര്യങ്ങളും ഭവനസമുച്ചയത്തിൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതും വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്തേണ്ടതുമാണ്.

ശുചിത്വ പരിപാലനത്തിലായി ഹരിതകർമ്മ സേനാംഗങ്ങളെ നിയോഗിക്കേണ്ടതാണ്. ഭവന സമുച്ചയത്തിന്റെ ശുചിത്വപരിപാലന നിരീക്ഷണത്തിനായി എല്ലാ അപ്പാർട്ടുമെന്റുകളിലും ഭവനസമുച്ചയങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ചുമതലയുള്ള JPHN/JHI സന്ദർശിക്കേണ്ടതും ടി സന്ദർശനത്തിൽ ആശാവർക്കർമാരെയും ഉൾപ്പെടുത്തേണ്ടതുമാണ്. അപ്പാർട്ടുമെന്റിനുള്ളിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണം,

5. ഐ.സി.ഡി.എസ് സൂപ്പർവൈസർ
6. വനിതാ ക്ഷേമ ഓഫീസർ
7. പിങ്ക് പോലീസ് പ്രതിനിധി
8. ഭവനസമുച്ചയം സ്ഥിതിചെയ്യുന്ന സ്ഥലത്തെ പോലീസ് മേധാവി (CI)
9. ഡി.ഇ.ഒ/വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള പ്രതിനിധി
10. പട്ടികജാതി വികസന ഓഫീസർ
11. പട്ടികവർഗ്ഗ വികസന ഓഫീസർ
12. ഭവനസമുച്ചയം സ്ഥിതിചെയ്യുന്ന സ്ഥലത്തെ മെഡിക്കൽ ഓഫീസർ
13. ഭവനസമുച്ചയ റിസിഡന്റ് അസോസിയേഷൻ പ്രസിഡന്റും സെക്രട്ടറിയും
14. ലൈഫ് മിഷൻ ജില്ല കോ-ഓർഡിനേറ്റർ
15. എസ്റ്റേറ്റ് മാനേജർ കം ഫിനാൻസ് ഓഫീസർ

എം.എൽ.എ, എം.പി, റവന്യൂ ഉദ്യോഗസ്ഥർ കുടുംബശ്രീ/ശുചിത്വ മിഷൻ/ മറ്റ് അനുബന്ധ വകുപ്പ്/മിഷൻ പ്രതിനിധികളെ ആവശ്യാനുസരണം പ്രത്യേക ക്ഷണിതാക്കളായി വിളിക്കാവുന്നതാണ്.

ഭവനസമുച്ചയ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും

1. ഗുണഭോക്താക്കളുടെ ഇടയിൽ സാഹോദര്യം, സമത്വം, സഹകരണ ബോധം മുതലായ സദ്ഗുണങ്ങൾ വളർത്തിയെടുക്കുക.
2. പൊതു ഉപയോഗത്തിലുള്ള വഴികൾ, വൈദ്യുതി, ജലവിതരണം, ലിഫ്റ്റ്, മാലിന്യ സംസ്കരണ പ്ലാന്റുകൾ, ക്രഷ്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാലിയേറ്റീവ് കെയർ മുതലായ സംവിധാനങ്ങൾ പൗരബോധത്തോടെ ഉപയോഗിക്കാനും സംരക്ഷിക്കാനുമുള്ള ശീലം വളർത്തിയെടുക്കുക.
3. ഭവന സമുച്ചയത്തിന്റെ വികസനത്തിനാവശ്യമായ കാര്യങ്ങൾ നേടുന്നതിന് പ്രാദേശിക/ജില്ല/ സംസ്ഥാന ഭരണകൂടങ്ങളെ സമയബന്ധിതമായി സമീപിക്കുക.
4. ജാതി-മത-വർഗ്ഗ-വർണ്ണ ചിന്തകൾക്കതീതമായി അംഗങ്ങളുടെ പൊതുതാൽപര്യം മുൻനിർത്തി പ്രവർത്തിക്കുക. അവശ്യ സന്ദർഭങ്ങളിൽ അർഹിക്കുന്ന സഹായ സഹകരണങ്ങൾ നൽകുക.
5. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ചെയ്യാനുള്ള സഹായവും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുക.
6. സാമൂഹ്യ/ആരോഗ്യ പ്രവർത്തനം നടത്തി സാമൂഹ്യ ബോധം വളർത്തിയെടുക്കുക.

7. തൊഴിൽ രഹിതരായ അംഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് തൊഴിൽ സൗകര്യമുണ്ടാക്കിക്കൊടുക്കുക.
8. ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ ജിംഖാന, യോഗ്യാഭ്യാസങ്ങൾ, സ്പോർട്സുകൾ ഇവ നടത്തുക.
9. വിധവകൾ, നിത്യരോഗികൾ, കുട്ടികൾ തുടങ്ങിയവർക്കായി സർക്കാർ, സന്നദ്ധ സംഘടനകൾ നടപ്പിലാക്കിയിട്ടുള്ള നിരവധി പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
10. ഉദ്യോഗാർത്ഥികൾക്ക് വ്യക്തിത്വ വികസനം, പൊതു മത്സരപരീക്ഷകൾക്കു വേണ്ടിയുള്ള ബോധവൽക്കരണവും പരിശീലനവും നൽകുക.
11. ഭരണസമിതി മാസത്തിൽ ഒരു തവണയെങ്കിലും കൂടേണ്ടതാണ്.
12. ഭവനസമുച്ചയത്തോടനുബന്ധിച്ച് ഗവൺമെന്റ് കാലാനുസൃതമായി നടപ്പിലാക്കുന്ന എല്ലാ ഭേദഗതികളും ഭരണസമിതി അംഗീകരിച്ച് നടപ്പിലാക്കേണ്ടതാണ്.
13. അംഗങ്ങൾ എല്ലാ യോഗങ്ങളിലും ഹാജരാകേണ്ടതാണ്.
14. ഭരണ സമിതി യോഗത്തിന് മെമ്പർ സെക്രട്ടറി അംഗങ്ങൾക്ക് അറിയിപ്പ് നൽകേണ്ടതും അംഗങ്ങൾ ഭവനസമുച്ചയത്തിൽ അവരവരുടെ വകുപ്പുമായി ബന്ധപ്പെട്ടുള്ള സകല നയപരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്ത് അവതരിപ്പിക്കേണ്ടതുമാണ്.
15. യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കി അധികൃതമാക്കി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.
16. മുൻ യോഗതീരുമാനത്തിന്റെ നടപടി റിപ്പോർട്ടും അവതരിപ്പിക്കേണ്ടതാണ്.
17. ഏതെങ്കിലും കാര്യത്തിൽ സബ്കമ്മിറ്റി രൂപീകരിക്കേണ്ടിവന്നാൽ ഓരോ സബ്കമ്മിറ്റിയുടെയും ചാർജ്ജ് ആ വിഷയവുമായി ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥനായിരിക്കും.
18. ഭരണസമിതിക്ക് ആവശ്യമായ റിക്കോർഡുകളും രജിസ്റ്ററുകളും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
19. എസ്റ്റേറ്റ് മാനേജർ-കം-ഫിനാൻസ് ഓഫീസർ, സുരക്ഷാ ജീവനക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
20. അർഹതയുള്ള ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാപദ്ധതികളുടെ സേവനം ഉറപ്പുവരുത്തുക.

21. ഭരണസമിതി ഗുണഭോക്താക്കകളുടെ ആവശ്യങ്ങൾ/പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

ഭവനസമുച്ചയ പൊതുസഭ

ഭവന സമുച്ചയങ്ങളിൽ സൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിക്കാനും ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനും ഓരോ കുടുംബങ്ങളിലെയും കുടുംബനാഥ/ൻ അംഗമായ ഭവനസമുച്ചയ പൊതുസഭ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. എസ്റ്റേറ്റ് മാനേജർ കം ഫിനാൻസ് ഓഫീസർ എക്സ് ഒഫീഷ്യോ അംഗമായിരിക്കും. ഭവനസമുച്ചയ പൊതുസഭയിൽ 1/3 -ൽ കുറയാത്ത വനിതാ പ്രാതിനിധ്യം ഉണ്ടായിരിക്കണം. ടി സമിതി മാസത്തിലൊരിക്കൽ കൂടേണ്ടതും ഭവനസമുച്ചയ പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതുമാണ്. റസിഡന്റ്സ് അസോസിയേഷൻ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ്. പ്രസ്തുത അസോസിയേഷനിലും 1/3 -ൽ കുറയാത്ത വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

ചുമതലകളും ഉത്തരവാദിത്തങ്ങളും

1 സമാധാനവും സൗഹാർദ്ദപരവുമായ ജീവിതം നയിക്കുന്നതിനുള്ള സാഹചര്യമൊരുക്കുക.
2. ഭവനസമുച്ചയം വൃത്തിയായി സൂക്ഷിക്കേണ്ടത് ഇവരുടെ ഉത്തരവാദിത്തമാണ്
3. ഗുണഭോക്താക്കൾ തമ്മിലുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുക.
4. പൊതു സേവനങ്ങൾക്കായി ശേഖരിക്കുന്ന എ.എം.സി ചാർജ്ജ് സമയപരിധിക്കുള്ളിൽ അടയ്ക്കുക.
5 പൊതു സാംസ്കാരിക ആഘോഷ പരിപാടികൾ സംഘടിപ്പിക്കുക.
6. സമുച്ചയം ലഹരിവിമുക്തമാക്കുക.
7. മാലിന്യ സംസ്കരണ /നിർമ്മാർജ്ജനത്തിനായി ശുചിത്വ മിഷൻ /ഹരിത മിഷൻ നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി പ്രവർത്തിക്കാൻ സജ്ജരാക്കുക.
8. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ ഭരണ സമിതിയുടെയോ അനുമതിയില്ലാതെ പൊതുസഭയ്ക്ക് യാതൊരുവിധത്തിലുമുള്ള പണപിരിവുകളും ആഘോഷങ്ങളും നടത്താൻ പാടില്ല.

9. റസിഡൻസ് അസോസിയേഷനിൽ ലഭ്യമായ ഫ്ളോർ പ്രാതിനിത്യം ഉറപ്പാക്കേണ്ടതാണ്.

അനുബന്ധം - 1

ലൈഫ് മിഷൻ മൂന്നാംഘട്ട പദ്ധതിയായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസ പദ്ധതി പ്രകാരം ഭവന സമുച്ചയങ്ങളിൽ താമസിക്കുന്നതിനുള്ള കരാർ പത്രം.

2019-ാം ആണ്ട് ..... മാസം ..... തീയതി .....

ജില്ലയിൽ ..... താലൂക്കിൽ ..... വില്ലേജിൽ ..

പഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ ..... വാർഡിൽ .....

(മേൽവിലാസം) .....

മകൻ/മകൾ ..... വയസ്സുള്ള ..... ഒന്നാം കക്ഷിയായും ..... തദ്ദേശസ്വയംഭരണ സെക്രട്ടറി രണ്ടാം കക്ഷിയായും എഴുതിയ ഒപ്പിട്ട കരാർ പത്രം.

ലൈഫ് ഭവന പദ്ധതി പ്രകാരം ..... (തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്) ലൈഫ് മൂന്നാംഘട്ട പദ്ധതിക്കായി അംഗീകരിക്കപ്പെട്ട ഭൂരഹിത ഭവന രഹിതരുടെ അന്തിമ ഗുണഭോക്തൃപ്പട്ടികയിൽ..... നമ്പറായി ഉൾപ്പെട്ടിരിക്കുന്ന ഒന്നാം കക്ഷിക്ക് സർക്കാർ നിഷ്ക്കർഷിക്കുന്ന എല്ലാ അർഹതാ മാനദണ്ഡങ്ങളും ബാധകമാണെന്നും തെറ്റായ വിവരങ്ങൾ ബോധിപ്പിച്ച് അന്യായമായി ഉൾപ്പെട്ടതല്ലെന്നും, മറിച്ചു തെളിയിക്കപ്പെടുന്ന പക്ഷം യാതൊരുവിധ അവകാശവാദങ്ങളോ തടസ്സവാദങ്ങളോ ഉന്നയിക്കാതെ കുടുംബത്തിനു അനുവദിക്കുന്ന അപ്പാർട്ടുമെന്റിൽ നിന്നും, രണ്ടാം കക്ഷി നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ ഒന്നാം കക്ഷി മാറി പൊയ്ക്കൊള്ളാമെന്നു ഇതിനാൽ സമ്മതിക്കുന്നു.

ഒന്നാം കക്ഷിക്ക് അനുവദിക്കുന്ന ..... നമ്പർ അപ്പാർട്ടുമെന്റിന് രണ്ടാം കക്ഷി യഥാസമയം നിശ്ചയിക്കുന്ന തുക (ഭവനസമുച്ചയങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ തുക) പ്രതിമാസ ഗഡുക്കളായി മുടക്കം വരുത്താതെ എല്ലാ മാസവും അഞ്ചാം തീയ്യതിക്കു മുമ്പായി ബന്ധപ്പെട്ട ഓഫിസിൽ ഒടുക്കി രസീത് കൈപ്പറ്റാമെന്നും ഇതിനാൽ സമ്മതിക്കുന്നു. തുടർച്ചയായി മൂന്ന് മാസത്തെ തുക ഒടുക്കുന്നതിൽ മുടക്കം വരുത്തുന്ന പക്ഷം അപ്പാർട്ടുമെന്റിൽ താമസിക്കുന്നതിനുള്ള ഒന്നാം കക്ഷിയുടെ അവകാശം സ്വയം റദ്ദാകുന്നതാണെന്നും അപ്പാർട്ടുമെന്റിൽ നിന്നും മാറി പോകുന്നതിനു ഒന്നാം കക്ഷി

സന്നദ്ധനായിരിക്കുമെന്നും അല്ലാത്ത പക്ഷം രണ്ടാം കക്ഷിക്ക് നിയമപരമായി ഒന്നാം കക്ഷിയെ ഒഴിപ്പിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതുമാണ്.

- ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം നിർമ്മിച്ച ഭവന സമുച്ചയത്തിലെ . . . . . നമ്പർ അപ്പാർട്ടുമെന്റിന്റെ ഉടമസ്ഥത രണ്ടാം കക്ഷിയിലും താമസാവകാശം ഒന്നാം കക്ഷിയിലും നിക്ഷിപ്തമാണ്.
- കരാർ വ്യവസ്ഥയനുസരിച്ച് ഒന്നാം കക്ഷിക്ക് അനുവദിച്ച് നൽകിയ അപ്പാർട്ടുമെന്റ് ഏതെങ്കിലും നിലയിൽ മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്തതായി രണ്ടാംകക്ഷിക്ക് ബോധ്യപ്പെടുകയാണെങ്കിൽ അപ്പാർട്ടുമെന്റിൽ നിന്നും ഒഴിപ്പിക്കുന്നതിനും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും രണ്ടാം കക്ഷിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
- ഒന്നാം കക്ഷിക്കോ, അദ്ദേഹത്തിന്റെ കുടുംബത്തിനോ ഇതിനുമുമ്പ് മറ്റേതെങ്കിലും ഭവന നിർമ്മാണ സഹായ പദ്ധതിയിലുൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്നും ഈ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് ഒന്നാം കക്ഷി രണ്ടാം കക്ഷിയെ തെറ്റാദ്ധരിപ്പിച്ചിട്ടില്ലായെന്നും ഇതിനുവിരുദ്ധമായി രണ്ടാം കക്ഷിക്ക് ബോധ്യപ്പെട്ടാൽ അനുവദിച്ച് നൽകിയ അപ്പാർട്ടുമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തിരിച്ച് എടുക്കുന്നതിന് അധികാരമുണ്ടായിരക്കുന്നതാണ്.
- ഒന്നാം കക്ഷിയായ ഗുണഭോക്താവിന് അപ്പാർട്ടുമെന്റ് കൂടാതെ മറ്റെവിടെയങ്കിലും സ്ഥലമോ വീടോ നിവിലുള്ളതായി രണ്ടാം കക്ഷിക്ക് ബോധ്യപ്പെട്ടാൽ ഒന്നാം കക്ഷിയെ അപ്പാർട്ടുമെന്റിൽ നിന്നും ഒഴിപ്പിക്കുന്നതിന് രണ്ടാം കക്ഷിക്ക് അധികാരമുണ്ടായിരിക്കും..
- ഒന്നാം കക്ഷിക്ക് ലഭിച്ച അപ്പാർട്ടുമെന്റ് ഒരു കാരണവശാലും സ്വന്തം നിലയിൽ കൈമാറ്റം ചെയ്യാൻ പാടില്ല. എന്നാൽ നിയമപ്രകാരുള്ള അനന്തര അവകാശികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുവാദപ്രകാരം കൈമാറ്റം ചെയ്യാവുന്നതാണ്. അപ്പാർട്ടുമെന്റ് അനുവദിച്ചുകൊണ്ട് നൽകുന്ന രേഖ/ കാർഡ് ഗുണഭോക്താവ് കൃത്യമായും സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ആവശ്യപ്പെട്ടാൽ ഹാജരാക്കേണ്ടതുമാണ്.
- ഭൂരഹിത ഭവന രഹിതരായ നിയമാനുസൃത അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും അപ്പാർട്ടുമെന്റ് കൈമാറുന്നതല്ലെന്നും അനന്തരവകാശികൾ ഇല്ലാത്ത പക്ഷം ഒന്നാം കക്ഷിയുടെയും കുടുംബാംഗങ്ങളുടെയും കാലശേഷം രണ്ടാം കക്ഷിക്ക് അപ്പാർട്ടുമെന്റ് തിരിച്ച് ഏറ്റെടുക്കാവുന്നതാണെന്നും ഇതിനാൽ സമ്മതിക്കുന്നു.

- ഗുണഭോക്താവിന്റെ കുടുംബ ഫോട്ടോ ഡിജിറ്റലൈസ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നതും അനധികൃതമായി അപ്പാർട്ടുമെന്റിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ അല്ലാതെ മറ്റ് ആരെങ്കിലും താമസിക്കുന്നതായി ബോധ്യപ്പെട്ടാൽ അവരെ ഒഴിപ്പിക്കുന്നതിന് രണ്ടാംകക്ഷിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.
- ലൈഫ് മിഷനിൽ നിന്ന് അനുവദിക്കുന്ന അപ്പാർട്ടുമെന്റിൽ ഘടനയിൽ മാറ്റം വരുത്താൻ അനുവദിക്കുന്നതല്ല.
- കുടുംബങ്ങൾക്ക് അധിവസിക്കുന്നതിനായി നിയമാനുസൃതം സ്ഥാപിതമായിട്ടുള്ള ഭവന സമുച്ചയത്തിലെ അപ്പാർട്ട്മെന്റുകളിൽ താമസ്സിക്കുന്നതിനായി കുടുംബനാഥൻ/നാഥ ഒന്നാം കക്ഷിയായി ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾ കുടുംബത്തിലെ ഒരോ അംഗത്തിനും ബാധകമായിരിക്കും.
- അപ്പാർട്ടുമെന്റിലേക്കാവശ്യമായ വൈദ്യുതി, ജലം എന്നിവ ബന്ധപ്പെട്ട വകുപ്പുകളുടെയോ ഭവന സമുച്ചയ ഭരണ സമിതിയുടെയോ ബില്ലുകൾ പ്രകാരം ഒന്നാം കക്ഷി കൃത്യമായി ഒടുക്കേണ്ടതാണ്.
- സാമൂഹ്യ ജീവിതത്തിനു ആവശ്യമായ പൊതു പെരുമാറ്റചട്ടങ്ങൾ ഒന്നാം കക്ഷി പാലിക്കേണ്ടതാണ്. ഭവന സമുച്ചയ ഭരണ സമിതിയും രണ്ടാം കക്ഷിയും അപ്പാർട്ടുമെന്റിൽ നിയമാനുസൃതം അധിവസിക്കുന്നവർക്കായി സംയുക്തമായി തയ്യാറാക്കി അംഗീകരിക്കുന്ന നിയമാവലിയും കാലാനുഗതമായി അതിന്മേൽ വരുത്തി അംഗീകരിക്കുന്ന ഭേദഗതികളും ഒന്നാം കക്ഷി പൂർണ്ണമായും പാലിക്കേണ്ടതാണ്.
- അപ്പാർട്ടുമെന്റിൽ അതിഥികളെ താമസ്സിപ്പിക്കുന്നതിനു ഒന്നാം കക്ഷിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ അതിഥികളുടെ നടപടികൾ മൂലം പൊതു ഇടങ്ങളിലടക്കമുണ്ടാകുന്ന/ഭവന സമുച്ചയങ്ങളിലെ മറ്റ് അന്തേവാസികൾക്കുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഒന്നാം കക്ഷി ഉത്തരവാദിയായിരിക്കും.
- ഗാർഹികവൃത്തികളിൽ സഹായിക്കുന്നതിനായി ജോലിക്കാരെ ഒപ്പം താമസിപ്പിക്കുന്നതിനുള്ള അവകാശം ഒന്നാം കക്ഷിക്ക് ഉണ്ടായിരിക്കുന്നതാണ്. എന്നാൽ വാടകയോ മറ്റ് തരത്തിലുള്ള പ്രത്യുപകാരമോ സ്വീകരിച്ചു കൊണ്ട് പേയിംഗ് ഗസ്റ്റ് മാതൃകയിൽ ആരെയും താമസിപ്പിക്കുവാൻ ഒന്നാം കക്ഷിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല .

- വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതോ നിയവിരുദ്ധമായ നിയന്ത്രണളോ കടന്നുകയറ്റങ്ങളോ ഒന്നാം കക്ഷിക്കു മേൽ അടിച്ചേല്പ്പിക്കപ്പെടാൻ പാടുള്ളതല്ല. എന്നാൽ ഭവന സമുച്ചയ ഭരണ സമിതി രണ്ടാം കക്ഷിയുടെ അംഗീകാരത്തോടെ ഏർപ്പെടുത്തുന്ന നിയമാനുസൃത നിയന്ത്രണങ്ങൾ പാലിക്കാൻ ഒന്നാം കക്ഷി ബാധ്യസ്ഥനായിരിക്കും.
- ഒന്നാം കക്ഷിക്ക് മേൽ സാമൂഹ്യമായോ സാമ്പത്തികമായോ ഉള്ള യാതൊരു വിധ വിവേചനങ്ങളും പാടുള്ളതല്ല. എന്നാൽ സാമൂഹ്യ സുരക്ഷാ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമാനുസൃതം അനുവദനീയമായ പ്രത്യേക പരിരക്ഷയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
- ഭവന സമുച്ചയങ്ങളിലെ പൊതുസ്ഥലങ്ങൾ/ ലിഫ്റ്റ് വൃത്തിയായി സൂക്ഷിക്കാൻ ഒന്നാം കക്ഷി നിയമപരമായും ധാർമ്മികമായും ബാധ്യസ്ഥനാണ്.
- ഹരിത പെരുമാറ്റച്ചട്ടം പാലിക്കാൻ ഒന്നാം കക്ഷി ബാധ്യസ്ഥനായിരിക്കും.
- ഭവന സമുച്ചയത്തിലെ മറ്റ് അംഗങ്ങളുടെ സൈര്യ ജീവിതത്തിന് ഭംഗം വരുത്തുന്ന ആഘോഷങ്ങളും കൂടി ചേരലുകളും ഒഴിവാക്കാൻ ഒന്നാം കക്ഷി ബാധ്യസ്ഥരായിരിക്കും. തങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഭവന യൂണിറ്റിനു പുറത്ത് മറ്റ് കുടുംബങ്ങളുമായോ അതിഥികളുമായോ ചേർന്ന് നടത്തുന്ന ഏതൊരു ആഘോഷത്തിനും കൂടിച്ചേരലിനും ഭവസമുച്ചയ ഭരണസമിതിയുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങുന്നതിനും ഒന്നാം കക്ഷി ബാദ്ധ്യസ്ഥരായിരിക്കും.
- അപ്പാർട്ടുമെന്റിൽ വളർത്തുമൃഗങ്ങളെ പാർപ്പിക്കുന്നതിനു ഒന്നാം കക്ഷിക്ക് അനുമതി ലഭിക്കുന്നതല്ല. അപ്പാർട്ടുമെന്റിൽ അധിവസിക്കുന്നവരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങളിൽ അന്തിമ തിരുമാനം കൈകൊള്ളുന്നത് രണ്ടാം കക്ഷിയുടെ അംഗീകാരത്തോടെ ഭവന സമുച്ചയ ഭരണ സമിതിയായിരിക്കും.
- സാമൂഹ്യ സുരക്ഷ മുൻ നിർത്തിയും അംഗങ്ങളുടെ പൊതു നന്മയ്ക്ക് വേണ്ടിയും ഭവന സമുച്ചയ ഭരണ സമിതി രണ്ടാം കക്ഷിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്ന എല്ലാ പരിഷ്ക്കാരങ്ങളുമായി സഹകരിക്കാൻ ഒന്നാം കക്ഷി ബാധ്യസ്ഥനാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ച് താഴെപ്പറയുന്ന സാക്ഷികൾ മുമ്പാകെ ഈ കരാറിൽ ഒപ്പുവച്ചിരിക്കുന്നു.

ഒന്നാം കക്ഷി
പേര്
മേൽവിലാസം
ഒപ്പ്

രണ്ടാം കക്ഷി
പേര്
മേൽവിലാസം
ഒപ്പ്

സാക്ഷികൾ
1 പേര്
മേൽവിലാസം
ഒപ്പ്

2 പേര്
മേൽവിലാസം
ഒപ്പ്

അനുബന്ധം – 2

നിയമാവലി

- വൈദ്യുതി/ ജലം ദുരുപയോഗം പാടില്ല
- വ്യക്തിപരമായ വ്യാപാര സ്ഥാപനങ്ങൾ അനുവദനീയമല്ല
- ഏതൊരു രാഷ്ട്രീയ /മതവിഭാഗത്തിന്റെയും പൊതുയോഗങ്ങൾ നടത്താൻ പാടില്ല.
- സാമൂഹിക ജീവിതത്തിന് ആവശ്യമായ പൊതു പെരുമാറ്റ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.
- നിശ്ചിത എണ്ണത്തിൽ കൂടുതൽ ആളുകൾ ലിഫ്റ്റിൽ കയറരുത്
- വളർത്തുമൃഗങ്ങൾ/ പക്ഷികൾ അനുവദനീയമല്ല
- പകർച്ചവ്യാധികൾ തടയുന്നതിനായി ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്ന എല്ലാ നിബന്ധനകളും നിർബന്ധമായും പാലിക്കേണ്ടതാണ്.
- ഭവന സമുച്ചയ ഭരണസമിതിയുടെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ആഘോഷ പരിപാടികളും അനുവദിക്കുന്നതല്ല.
- ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും വർജ്ജിക്കേണ്ടതാണ്.
- പുകവലിയും മദ്യപാനവും ശിക്ഷാർഹമായ നടപടിയാണ്.
- സമാധാനപരമായ സഹവർത്തിത്വം പുലർത്തേണ്ടതാണ്
- ഹരിത പെരുമാറ്റച്ചട്ടം പാലിക്കേണ്ടതാണ്.
- ഓരോ ഭവനത്തിലേയും മാലിന്യം അവരവരുടെ ഉത്തരവാദിത്വമാണ്. ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് യൂണിറ്റിലും അജൈവ മാലിന്യങ്ങൾ അതിനായി സജ്ജീകരിച്ചിരിക്കുന്ന സ്ഥലത്തും നിക്ഷേപിക്കേണ്ടതാണ്.
- ക്ലോസറ്റിൽ യാതൊരുവിധ സാധനങ്ങളും നിക്ഷേപിക്കാൻ പാടില്ല
- അതിഥി അപ്പാർട്ടുമെന്റിൽ താമസിക്കുന്നുവെങ്കിൽ സുരക്ഷാ ഉദ്യോഗസ്ഥനെയോ എസ്റ്റേറ്റ് മാനേജരേയോ മുൻകൂർ അറിയിക്കേണ്ടതാണ്.
- പേയിംഗ് ഗസ്റ്റുകളെ അനുവദിക്കുന്നതല്ല.
- അപ്പാർട്ടുമെന്റ് വാടകയ്ക്ക്/Lease കൊടുക്കുന്നത് ശിക്ഷാർഹമാണ്.
- മുതിർന്ന പൗരന്മാരും രോഗികൾക്കും പൊതു സ്ഥലങ്ങളിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.
- അതിഥികളുടെ ഇടപെടൽമൂലം പൊതു ഇടങ്ങളിൽ/ മറ്റ് അന്തേവാസികൾക്കുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ഗുണഭോക്താവ് ബാധ്യസ്ഥനാണ്.
- ഭവന സമുച്ചയത്തിലെ അന്തേവാസികളുടെ സ്വകാര്യതയിൽ കടന്നു കയറരുത്.
- പൊതു വിദ്യാഭ്യാസ സമ്പ്രദായം പ്രയോജനപ്പെടുത്തേണ്ടതാണ്.
- അപ്പാർട്ടുമെന്റിന്റെ ഘടനയിൽ മാറ്റം വരുത്താൻ പാടില്ല.

- സെക്യൂരിറ്റി ജീവനക്കാരൻ/ എസ്റ്റേറ്റ് മാനേജർ/ തുടങ്ങി ഒരു ഉദ്യോഗസ്ഥർക്കും യാതൊരുവിധ പാരിതോഷികമോ/ സംഭാവനകളോ നൽകാൻ പാടില്ല.
- അഗ്നിശമന സുരക്ഷയോടനുബന്ധിച്ചുള്ള എല്ലാ നിർദ്ദേശങ്ങളും യഥാവിധി പാലിക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനം/ ഭവനസമുച്ചയ ഭരണസമിതി സമുച്ചയത്തിന്റെ ആനുവൽ മെയിന്റനൻസ് ചാർജ്ജായി നിശ്ചയിക്കുന്ന തുക മാസ ഗഡുക്കളായി യഥാസമയം അടയ്ക്കേണ്ടതാണ്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - ഭൂരഹിത ഭവന രഹിതർ - അർഹതാ പരിശോധന - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O (Ms) No. 92/2019/LSGD തിരുവനന്തപുരം, തീയതി, 16.07.2019.

പരാമർശം:- 1) 09.01.2017 - ലെ സ.ഉ(സാധാ) നം. 391/2017/ത.സ്വ.ഭ.വ
2) 31.07.2017 - ലെ സ.ഉ (എം.എസ്) നം. 151/2017/ത.സ്വ.ഭ.വ.
3) 26.06.2019 തീയതിയിലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ.സി യോഗത്തിന്റെ മിനിട്ട്സ്.

ഉത്തരവ്

പരാമർശം (2) ഉത്തരവിന് തുടർച്ചയായി സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് അർഹരായ ഭൂരഹിത ഭവന രഹിതരെ കണ്ടെത്തുന്നതിന് അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ് സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം
കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

ഭൂരഹിത ഭവനരഹിതർ - മാർഗ്ഗരേഖ

പരാമർശം : 1) 09.01.2017-ലെ സ.ഉ(സാധാ) നം. 391/2017/ത.സ്വ.ഭ.വ

2) 31.07.2017-ലെ സ.ഉ (എം.എസ്) നം. 151/2017/ത.സ്വ.ഭ.വ

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനും ഭൂരഹിത-ഭവനരഹിതർക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിലെ ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ അതിന്റെ മൂന്നാംഘട്ടമായി ലക്ഷ്യമിടുന്നത് ഭൂരഹിത ഭവനരഹിതരെയാണ്.

സ്വന്തമായി ഭൂമിപോലും ഇല്ലാതെ വാടക വീടുകളിലോ പുറംപോക്ക് പ്രദേശങ്ങളിലെ അനധികൃത കുടിലുകളിലോ, തുറസ്സായ സ്ഥലങ്ങളിലോ കഴിയുന്നവരാണ് ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിൽപ്പെടുന്നത്.

ഗുണഭോക്താക്കൾ

ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെയും തുടർ അപ്പീലുകളുടെയും അടിസ്ഥാനത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തി ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ച്, (പരാമർശം 1, 2 പ്രകാരം) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അന്തിമമാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളും ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളും ഉൾപ്പെടുന്നു.

ഭൂരഹിത ഭവനരഹിതരുടെ അർഹതാ മാനദണ്ഡം

1. സ്വന്തമായി/കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ
2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ
4. സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.

5. സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.

6. അവകാശികൾക്ക് വസ്തുഭോഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല.

ഗുണഭോക്തൃ അർഹതാ പരിശോധന

ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ നിലവിൽ 337416 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ രേഖാ പരിശോധനയിലൂടെ പൂർണ്ണമായും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതുണ്ട്. അർഹതാ പരിശോധന നടത്തി അർഹതയുള്ള ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

- തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അർഹതാ പരിശോധന 2019 ജൂലൈ 15-നകം പൂർത്തിയാക്കേണ്ടതാണ്.
- ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് സമയക്രമം നിശ്ചയിച്ച് ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി അറിയിപ്പ് നൽകേണ്ടതാണ്. ഓരോ വാർഡിലേയും ഗുണഭോക്താക്കൾ രേഖകളുമായി എത്തേണ്ട തീയതിയും സമയവും കൂടാതെ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ വിവരവും, രേഖാപരിശോധനയ്ക്ക് കൊണ്ടുവരേണ്ട രേഖകളുടെ വിവരവും അറിയിപ്പിൽ ഉൾപ്പെടുത്തിയിരിക്കണം. ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടില്ലാത്തവിധം രേഖാ പരിശോധന നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതും ആയത് ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
- ഗുണഭോക്താക്കൾ അർഹത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ സഹിതം അർഹതാപരിശോധനയിൽ പങ്കെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി അറിയിപ്പ് നൽകേണ്ടതാണ്.
- ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഗ്രാമസഭാ തീയതിക്ക് മുമ്പുള്ള റേഷൻ കാർഡ്, സ്വന്തമായോ/ കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു/ പരമ്പരാഗതമായി ഭൂമി കൈമാറിക്കിട്ടാനോ ഉള്ള സാധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, ഗുണഭോക്താവ് താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള റസിഡൻഷ്യൽ സാക്ഷ്യപത്രം,

വില്ലേജ് ആഫീസിൽ നിന്നുള്ള വാർഷിക വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് (കാൻസർ രോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, പക്ഷാഘാതത്താൽ തളർന്നുകിടക്കുന്നവർ, അൽഷിമേഴ്സ്, ഡയാലിസിസ് ചെയ്യുന്നവർ) ആധാർ കാർഡ്, തുടങ്ങിയ രേഖകളും അവയുടെ പകർപ്പുകളും ഹാജരാക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥൻ, ലൈഫ് നോഡൽ ഓഫീസർ എന്നിവരടങ്ങുന്ന ഒരു ഉപസമിതി രൂപീകരിച്ച് അർഹതാപരിശോധന നടത്തേണ്ടതാണ്.
- അർഹതാ പരിശോധനയുമായി ബന്ധപ്പെട്ട് ഗുണഭോക്താവിൽ നിന്നും നിർദ്ദിഷ്ട മാതൃകയിലുള്ള (അനുബന്ധം - 1) സത്യപ്രസ്താവനയും, ഉപസമിതിയുടെ പരിശോധനാ റിപ്പോർട്ടും (അനുബന്ധം-2) തയ്യാറാക്കി അധികൃതമാക്കേണ്ടതാണ്.
- ഏതെങ്കിലും ഗുണഭോക്താക്കളുടെ കാര്യത്തിൽ അർഹത സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ/ സെക്രട്ടറിക്ക് വ്യക്തത ഇല്ലെങ്കിൽ കൂടുതൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുകയോ ഫീൽഡ് പരിശോധന നടത്തുകയോ ചെയ്യാവുന്നതാണ്.
- രേഖാ പരിശോധനയ്ക്കും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധനയ്ക്കും ശേഷം അർഹരായവരുടെയും അനർഹരായവരുടെയും പട്ടിക നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതാണ്. അനർഹരായവരുടെ കാര്യത്തിൽ വ്യക്തമായ കാരണം കാണിച്ചിരിക്കണം.
- ഗ്രാമ/മുനിസിപ്പൽ സെക്രട്ടറിമാർ അർഹരായവരുടെയും അനർഹരായവരുടെയും ലിസ്റ്റ് തൊട്ടടുത്ത ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കേണ്ടതാണ്. അനർഹരായവരുടെ കാര്യത്തിൽ ഭരണസമിതിക്ക് വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ നിയമപ്രകാരമുള്ള തിരുമാനങ്ങൾ എടുക്കാവുന്നതും ആവശ്യമെങ്കിൽ സർക്കാരിന് റഫർ ചെയ്യാവുന്നതുമാണ്.
- ഏത് സാഹചര്യത്തിലും അനർഹർക്ക് ആനുകൂല്യം നൽകിയാൽ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങൾക്കും സെക്രട്ടറിക്കും ആയിരിക്കും അതിന്റെ ബാധ്യത.
- ഭരണസമിതിയിൽ ഹാജരാക്കിയ അർഹരുടെയും അനർഹരുടെയും പട്ടിക ലൈഫ് മിഷൻ സോഫ്റ്റ്വെയറിൽ 2019 ജൂലൈ 30-നകം രേഖപ്പെടുത്തേണ്ടതാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള രേഖാ പരിശോധന സമയബന്ധിതമായി നടക്കുന്നുവെന്ന് ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ/ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ /നഗരകാര്യ റീജിയണൽ ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്. ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ പരിശോധന സംബന്ധിച്ച് മുകളിൽ സൂചിപ്പിച്ചിട്ടുള്ള നടപടി ക്രമങ്ങൾ യഥാസമയം പാലിക്കപ്പെടുന്നുണ്ടെന്ന് വിലയിരുത്തേണ്ടതാണ്.

അനുബന്ധം – 1

ലൈഫ് മിഷൻ

സത്യപ്രസ്താവന

. . . . . .ജില്ലയിൽ . . . . . .

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ . . . . . ക്രമനമ്പരായി ഉൾപ്പെട്ടിട്ടുള്ള ശ്രീ./ശ്രീമതി . . . . . (പേരും മേൽവിലാസവും) എന്ന ഞാൻ നൽകുന്ന സത്യപ്രസ്താവന.

1	സ്വന്തമായോ/കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു / പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാനോ ഉള്ള സാധ്യത	ഉണ്ട്	ഇല്ല
2	ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഗ്രാമസഭാ തീയതിക്ക് മുമ്പുള്ള റേഷൻ കാർഡ് (ഒരു റേഷൻ കാർഡിന് ഒരു ഭവനം)	ഉണ്ട്	ഇല്ല
3	കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ	അതെ	അല്ല
4	സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം	അതെ	അല്ല
5	സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉള്ള കുടുംബം	അതെ	അല്ല
6	അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ	അതെ	അല്ല

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ എന്റെ അറിവിൽ പെട്ടിടത്തോളം വസ്തുതാപരവും സത്യസന്ധവുമാണെന്ന് ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു. സത്യപ്രസ്താവനയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്ന് തെളിയുന്ന സാഹചര്യത്തിൽ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിയമനടപടികൾ സ്വീകരിക്കാൻ ഞാൻ ബാധ്യസ്ഥനാണ്.

തീയതി :

ഗുണഭോക്താവിന്റെ പേരും ഒപ്പും

☞(സത്യപ്രസ്താവന നിർവ്വഹണ ഉദ്യോഗസ്ഥൻ അധികൃതമാക്കണം.)

അനുബന്ധം – 2

ലൈഫ് മിഷൻ

ഭൂരഹിത ഭവനരഹിതരുടെ അർഹതാ പരിശോധനാ റിപ്പോർട്ട്

ജില്ലയുടെ പേര് :

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

ക്രമ നം.	ലൈഫ് ഐ.ഡി. നം.	ഗുണഭോക്താവിന്റെ പേരും മേൽവിലാസവും	വാർഡ് നം	റേഷൻ കാർഡ് നം	ആധാർ നം.	ഫോൺ നം.	ഗുണഭോക്താവ് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ		മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ രോഗവിവരം	മാനദണ്ഡ പ്രകാരം അർഹനാണോ		മാനദണ്ഡ പ്രകാരം അർഹനല്ലെങ്കിൽ കാരണം	സ്വന്തമായി ഭൂമി ആർജ്ജിക്കാൻ കഴിയുമോ	റിമാർക്ക്സ്
							അതെ	അല്ല		അതെ	അല്ല			
1														
2														

ഉപസമിതി അംഗങ്ങളുടെ പേരും ഒപ്പും

1. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി –

2. നിർവ്വഹണ ഉദ്യോഗസ്ഥൻ –

3. നോഡൽ ഓഫീസർ (ലൈഫ്)

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - ഭൂരഹിത ഭവന രഹിതർക്കുള്ള പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള - കർമ്മ പദ്ധതി - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Ms)No.93/2019/LSGD തീയതി,തിരുവനന്തപുരം, 18/07/2019

പരാമർശം:- 1 31.07.2017 ലെ സ.ഉ (എം.എസ്)നം.151/2017/ത.സ്വ.ഭ.വ.

2 26.06.2019 തീയതിയിലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ.സി യോഗത്തിന്റെ നടപടിക്കുറിപ്പ്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 15.07.2019 തീയതിയിലെ എൽ.എം.3/2019/ലൈഫ് നമ്പർ കുറിപ്പ്.

ഉത്തരവ്

സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പാർപ്പിട സൗകര്യം ഒരുക്കുന്നതിന് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം അംഗീകരിച്ച മാർഗ്ഗരേഖയ്ക്ക് തുടർച്ചയായി, , അനുബന്ധമായി ചേർത്തിരിക്കുന്ന കർമ്മ പദ്ധതി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

ഭൂരഹിത ഭവനരഹിതർ - കർമ്മ പദ്ധതി

പരാമർശം : 1) 09.01.2017-ലെ സ.ഉ(സാധാ) നം. 391/2017/ത.സ്വ.ഭ.വ
2) 31.07.2017-ലെ സ.ഉ (എം.എസ്) നം. 161/2017/ത.സ്വ.ഭ.വ

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ അതിന്റെ മൂന്നാംഘട്ടമായി ലക്ഷ്യമിടുന്നത് ഭൂരഹിത ഭവനരഹിതരെയാണ്. സ്വന്തമായി ഭൂമി ഇല്ലാതെ വാടക വീടുകളിലോ പുറംപോക്ക് പ്രദേശങ്ങളിലെ അനധികൃത കുടിലുകളിലോ, തുറസ്സായ സ്ഥലങ്ങളിലോ കഴിയുന്നവരാണ് ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിൽപ്പെടുന്നത്.

ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ നിലവിൽ 337416 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ രേഖാ പരിശോധനയിലൂടെ പൂർണ്ണമായും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി പാർപ്പിട സൗകര്യം ഒരുക്കുന്നതിനായി ഒരു കർമ്മ പദ്ധതി രൂപീകരിക്കേണ്ടതാണ്. നിലവിലെ പട്ടികയിൽ നിന്നും സ്വന്തമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ളവരെയും സ്വന്തമായി ഭൂമി കണ്ടെത്താൻ താൽപര്യമുള്ളവരെയും പട്ടികപ്പെടുത്തി 2019-20 സാമ്പത്തിക വർഷത്തിൽത്തന്നെ ഭവനം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. അർഹരായ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്കായുള്ള കർമ്മ പദ്ധതി തയ്യാറാക്കി ലൈഫ് മിഷന്റെ അനുമതിയോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

- ഗുണഭോക്തൃ പട്ടികയിൽ നിന്നും സ്വന്തമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ളവരെയും സ്വന്തമായി ഭൂമി കണ്ടെത്താൻ കഴിയുന്നവരെയും കണ്ടെത്തി ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി (ലൈഫ് ഫേസ് - 2) 2019-20 സാമ്പത്തിക വർഷത്തിൽത്തന്നെ ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പക്കലുള്ളതും വാസഗൃഹ നിർമ്മാണത്തിന് അനുയോജ്യവുമായ ചെറു പ്ലോട്ടുകളിൽ ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള ഭൂമി നിലവിൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമില്ലാത്തപക്ഷം ഭരണസമിതി തീരുമാനപ്രകാരം ലൈഫ് പദ്ധതിക്കായി (ക്ലസ്റ്റർ ഹോം/ ഭവനസമുച്ചയ നിർമ്മാണം) വിനിയോഗിക്കാവുന്നതാണ്.
- ഭവന സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമായിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ എണ്ണത്തിനാനുപാതികമായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- പദ്ധതി വിഹിതമോ തനത് ഫണ്ടോ അധികമായി വകയിരുത്താൻ കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് പരമാവധി മൂന്ന് സെന്റ് ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിനുള്ള വ്യക്തിഗത പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള കർമ്മ പദ്ധതി ലക്ഷ്യമിടാവുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഭൂരഹിത ഭവനരഹിത കർമ്മ പദ്ധതി ഭരണസമിതി അംഗീകാരത്തോടുകൂടി ലൈഫ് ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് സമയബന്ധിതമായി സമർപ്പിക്കേണ്ടതും ആയത് ക്രോഡീകരിച്ച് സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതുമാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭൂരഹിത ഭവനരഹിത കർമ്മ പദ്ധതി തയ്യാറാക്കി ലൈഫ് മിഷന് യഥാസമയം സമർപ്പിച്ചിട്ടുണ്ടെന്നും ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ/ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ /നഗരകാര്യ റീജിയണൽ ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന ഉത്തരവ്- നിബന്ധനയിൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Ms)No.121/2019/LSGD തീയതി,തിരുവനന്തപുരം, 30/09/2019

പരാമർശം:- 1 16.07.2019ലെ സ.ഉ (കൈ) നം.92/2019/ത.സ്വ.ഭ.വ ഉത്തരവ്.

2 ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 20.08.2019ലെ ലൈഫ് മിഷൻ സംസ്ഥാന തല ഉന്നതാധികാര സമിതി യോഗ തീരുമാനത്തിന്റെ മിനിട് സ്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20-08-2019 തീയതിയിലെ എൽ.എം3/2019/ലൈഫ് നമ്പർ കുറിപ്പ്.

ഉത്തരവ്

ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടത്തി പട്ടിക അന്തിമമാക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.പ്രസ്തുത ഉത്തരവിൽ ഗുണഭോക്തൃ അർഹതാ പരിശോധന എന്ന വിഭാഗത്തിലെ നാലാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള " സ്വന്തമായോ / കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാനോ ഉള്ള സാധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം " അർഹതാ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിബന്ധന പരാമർശം (2)ലെ ലൈഫ് മിഷൻ സംസ്ഥാന തല ഉന്നതാധികാര സമിതി യോഗ തീരുമാനപ്രകാരം " സ്വന്തമായോ / കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം " മതിയെന്ന് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചതായും പരമ്പരാഗതമായി ഭൂമി കിട്ടാനുള്ള സാധ്യത ഇല്ലായെന്നുള്ള സത്യ പ്രസ്താവന ഗുണ ഭോക്താവ് പരിശോധന സമയത്ത് സമർപ്പിയ്ക്കേണ്ടതാണെന്നുള്ള വ്യവസ്ഥ കൂടി ഉൾ പ്പെടുത്തി പരാമർശം(1) ഉത്തരവിലെ ടി നിബന്ധന ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3)പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിയ്ക്കുകയുണ്ടായി. പരാമർശം (2)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ നാലാമത്തെ വ്യവസ്ഥയിലെ സ്വന്തമായോ/കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാനോ ഉള്ള സാധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഹാജരാക്കണമെന്ന നിബന്ധനയ്ക്ക് പകരം "ഗുണഭോക്താവിന് സ്വന്തമായോ / കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രവും പരമ്പരാഗതമായി ഭൂമി കൈമാറികിട്ടാനുള്ള സാധ്യത ഇല്ലായെന്നുള്ള ഗുണഭോക്താവിന്റെ സത്യ പ്രസ്താവനയും" എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു .

3. മേൽ ഭേദഗതിയോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,ലൈഫ് മിഷൻ,തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ

അക്കൗണ്ടന്റ് ജനറൽ (എ) & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ - ലൈഫ് മിഷൻ - പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വകപ്പുകളിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.88/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2020

പരാമർശം:- 1 06.09.2019-ലെ സ.ഉ(സ്വാധാ)നം.1946/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2 28.10.2019 - ലെ 10-ാമത് എസ്.എൽ.ഇ.സി യോഗ തീരുമാനം.

3 24.04.2020 - ലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ.എഫ്.2/511/ലൈഫ് നമ്പർ കത്ത്.

ഉത്തരവ്

പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വകുപ്പുകൾ അതാത് വകുപ്പിലെ ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ ആയ ഗുണഭോക്താക്കളിൽ അർഹരായവരുടെ പട്ടിക ലൈഫ് മിഷന് കൈമാറണമെന്നും ലൈഫ് മിഷൻ പ്രസ്തുത ഗുണഭോക്താക്കളുടെ അർഹത ലൈഫ് മാനദണ്ഡപ്രകാരം പരിശോധിച്ച് ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തി ധനസഹായം നൽകണമെന്ന് പരാമർശം(1)പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പട്ടികജാതി/ പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളികളെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എസ്.എൽ.ഇ.സി യോഗം പരാമർശം(2) പ്രകാരം തീരുമാനിക്കുകയും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾക്ക് അനുമതി നല്കുകയും ചെയ്തിരുന്നു.

3. ആതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വകുപ്പുകളിൽ നിന്ന് ലൈഫ് മിഷന് ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടിക ജില്ലകളിലേക്ക് നല്കിയിട്ടുണ്ടെന്നും മേൽ പട്ടിക ലൈഫ് മാനദണ്ഡ പ്രകാരം അന്തിമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള

മാർഗ്ഗരേഖ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3)-ലെ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു.

4. സർക്കാർ പ്രസ്തുത മാർഗ്ഗരേഖ പരിശോധിക്കുകയും ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റിഫന്

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്.

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും.

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ.

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

അനുബന്ധം

ജില്ലകളിലേക്ക് നല്കിയിട്ടുള്ള പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വകുപ്പുകളിൽ നിന്ന് ലൈഫ് മിഷൻ ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടിക പട്ടിക തുടർന്ന് പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് പരിശോധിച്ച് അന്തിമമാക്കേണ്ടതാണ് -

1. ജില്ലാ തലത്തിൽ ലഭ്യമായ ഗുണഭോക്തൃ പട്ടിക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2020 ജൂൺ 5-ാാം തീയതിക്കകം കൈമാറേണ്ടതാണ്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ പട്ടിക ജൂൺ 11-ാാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
3. നിർവ്വഹണ ഉദ്യോഗസ്ഥർ, ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരുടെ അർഹതാ പരിശോധനയും ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോറങ്ങളിൽ വിവര ശേഖരണവും 2020 ജൂൺ 20-ാാം തീയതിക്കകം പൂർത്തിയാക്കേണ്ടതുമാണ്. ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത് സംഹരിച്ച 31.7.2017-ലെ സ.ഉ.(എം.എസ്) നം. 151/2017/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പ്രകാരം പരിശോധന നടത്തേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെട്ടവർക്ക് റേഷൻ കാർഡ്, ഭൂമിയുടെ അളവ് എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ച ഇളവുകൾ പരിഗണിച്ചാണ് അർഹത പരിശോധിക്കേണ്ടത്. ജീർണ്ണിച്ചതും പുനരുദ്ധരിക്കാൻ കഴിയാത്തതുമായ ഭവനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ ഭവനരഹിതരായി കണക്കാക്കേണ്ടതാണ്. മൺഭിത്തി, തടി, ടാർപോളിൻ, ഷീറ്റ് എന്നിവ ഉപയോഗിച്ച് നിർമ്മിച്ച ഭിത്തി, ഓല, ഷീറ്റ് എന്നിവയോടുകൂടിയ മേൽക്കൂരയുള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനമായി പരിഗണിക്കാം. കൂടാതെ ചുടുകട്ട, സിമന്റ് കട്ട, കോൺക്രീറ്റ് ഇവ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ജീർണ്ണിച്ച് തീർത്തും വാസയോഗ്യമല്ലാത്ത വീടുകൾ ഉള്ളവരെ ഭവനരഹിതരായി പരിഗണിക്കാം.
4. പരിശോധന നടത്തിയ പട്ടിക ലൈഫ് മിഷൻ തയ്യാറാക്കി നല്കുന്ന സോഫ്റ്റ് വെയറിൽ ജൂൺ 30-നകം ചേർക്കേണ്ടതാണ്. ആയതിനായി ഡേറ്റാ എന്ട്രി ഓപ്പറേറ്റർമാരെ ദിവസവേതനാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതും വേതനം തനത് ഫണ്ടിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതുമാണ്.
5. ഡേറ്റാ എന്ട്രിക്ക് ശേഷം അർഹരും അനർഹരുമായ ഭൂരഹിതരുടെയും ഭവനരഹിതരുടെയും പട്ടിക വിവരവ്യൂഹത്തിൽ നിന്നും പ്രിന്റ് എടുത്ത് കരടായി ജൂലൈ 5 ന് മുമ്പായി പ്രസിദ്ധീകരിക്കേണ്ടതാണ്.

6. കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ ജൂലൈ 15 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കാവുന്നതാണ്. പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ (അർഹരും അനർഹരും) ആക്ഷേപങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന അപ്പീൽ കമ്മിറ്റി പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ പുതിയ അപേക്ഷകൾ ലഭിക്കുന്നുവെങ്കിൽ ആയത് പട്ടികപ്പെടുത്തി ആക്ഷേപങ്ങൾ സഹിതം ബന്ധപ്പെട്ട വകുപ്പുകളുടെ(പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ്) ജില്ലാ ഓഫീസർമാർക്ക് ജൂലൈ 20- നകം കൈമാറേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അപ്പീലുകൾ എല്ലാം ജൂലൈ 25-നകം തീർപ്പാക്കേണ്ടതാണ്.

a) <u>അപ്പീൽ കമ്മിറ്റിയുടെ ഘടന</u> ചുവടെ പറയുന്ന പ്രകാരം ആയിരിക്കേണ്ടതാണ്-

എ) ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപറേഷൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ /ചെയർമാൻ

ബി) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി

സി) ബ്ലോക്ക് പട്ടികജാതി വികസന ഓഫിസർ

ഡി) ഫിഷറീസ് ഇൻസ്പെക്ടർ

ഇ) ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ

എഫ്) പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു ജനപ്രതിനിധി

7.തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അപ്പീൽ കമ്മിറ്റി ആക്ഷേപങ്ങൾ തീർപ്പാക്കിയതിനുശേഷവും ആക്ഷേപങ്ങൾ ഉള്ളവർക്ക് പരാമർശം (2) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ജില്ലാതല അപ്പീൽ കമ്മിറ്റിയെ ആഗസ്റ്റ് 5-നകം സമീപിക്കാവുന്നതാണ്. ജില്ലാതല അപ്പീൽ കമ്മിറ്റി ആക്ഷേപങ്ങൾ പരിഗണിച്ച് ആഗസ്റ്റ് 15-നകം തീർപ്പാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കേണ്ടതാണ്.

a) <u>ജില്ലാതല അപ്പീൽ കമ്മിറ്റിയുടെ ഘടന-</u>

ചെയർമാൻ- ജില്ലാ കളക്ടർ

കൺവീനർ- പ്രൊജക്ട് ഡയറക്ടർ, പി. എ.യു

<u>അംഗങ്ങൾ-</u>

1. ജില്ലാ കോ-ഓർഡിനേറ്റർ, ലൈഫ് മിഷൻ

2. ജില്ലാ പട്ടികജാതി വികസന ഓഫീസർ

3. പ്രൊജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി

4. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് വകുപ്പ്

8. അപ്പീൽ കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് പ്രകാരം എം. ഐ. എസിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പുതുക്കിയ കരട് പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപന യോഗത്തിൽ സമർപ്പിച്ച് ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതും ആഗസ്റ്റ് 25-നകം അംഗീകാരം തേടേണ്ടതുമാണ്.

9. ഗ്രാമസഭ അംഗീകരിച്ച പട്ടികയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകാരം നല്കി ആഗസ്റ്റ് 31-നകം അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

10. പ്രസ്തുത പട്ടികയിൽ നിന്നും ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായംഅനുവദിക്കാവുന്നതാണ്.

പ്രവർത്തന കലണ്ടർ

1. വകപ്പുകൾ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് നൽകൽ -ജൂൺ 5 -നകം

2. പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കൽ-ജൂൺ 11 -നകം

3. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അർഹതാ പരിശോധന- ജൂൺ 20-നകം

4. സോഫ്റ്റ് വെയറിൽ ഡേറ്റാ എന്ട്രി-ജൂൺ 30-നകം

5. കരട് പട്ടിക പ്രസിദ്ധപ്പെടുത്തൽ (അർഹരുടെയും അനർഹരുടെയും)- ജൂലൈ 5-നകം

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആക്ഷേപങ്ങൾ സ്വീകരിക്കൽ- ജൂലൈ 15 വരെ

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആക്ഷേപങ്ങൾ തീർപ്പാക്കൽ-ജൂലൈ 25-നകം

8. ജില്ലാതല അപ്പീൽ സ്വീകരിക്കൽ-ആഗസ്റ്റ് 5 വരെ

9. ജില്ലാതല അപ്പീൽ തീർപ്പാക്കൽ-ആഗസ്റ്റ് 15-നകം

10. ഗ്രാമസഭാ അംഗീകാരം-ആഗസ്റ്റ് 25-നകം

11. അന്തിമ പട്ടിക പ്രസിദ്ധപ്പെടുത്തൽ-ആഗസ്റ്റ് 31

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(കൈ) നം.112/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/07/2020

പരാമർശം:- 1 31/07/2017-ലെ സ.ഉ.(എം.എസ്.)നം. 151/2017/തസ്വഭവ നമ്പർ ഉത്തരവ്.

2 24.04.2020-ലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ.എഫ്.2/511/ലൈഫ് നമ്പർ കത്ത്.

3 21.05.2020 - ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ നടപടിക്കുറിപ്പ്.

4 01.06.2020-ലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ.എഫ്.4/2304/2018/ലൈഫ് നമ്പർ കത്ത്.

5. 22/07/2020-ലെ സ.ഉ.(എം.എസ്.)നം. 107/2020/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017-ൽ ഭൂരഹിത ഭവനരഹിതരുടേയും ഭൂമിയുള്ള ഭവന രഹിതരുടേയും ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയാണ്. ലൈഫ് ഒന്നും രണ്ടും ഘട്ടങ്ങളുടെ ഭാഗമായി 2 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഭവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മൂന്നാംഘട്ടത്തിലെ ഭൂരഹിത ഭവന രഹിതരുടെ

പുനഃരധിവാസ പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും ആദ്യ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയപ്പോൾ അർഹരായ ചില കുടുംബങ്ങൾ ലിസ്റ്റിൽ ഉൾപ്പെടാതെ വിട്ടുപോയതായും, പിന്നീട് അർഹത നേടിയ ഗുണഭോക്താക്കളെയും കൂടിച്ചേർക്കണമെന്നും നിരവധി ആവശ്യങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിൽ ഭൂരഹിത ഭവനരഹിതരുടേയും ഭൂമിയുള്ള ഭവന രഹിതരുടേയും ഒരു പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്ക് അനുമതി നൽ കുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർ ശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

21.05.2020 - ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പരാമർശം (3)-ലെ ലൈഫ് മിഷൻ യോഗത്തിൽ ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയതും 2020 ഏപ്രിൽ 1-നു മുൻപായി റേഷൻ കാർഡ് ലഭിച്ചിട്ടുള്ളതുമായ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക സോഫ്റ്റ് വെയർ അധിഷ്ഠിതമായി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകുന്നതിനും 2020 ആഗസ്റ്റ് 31-ന് മുൻപായി പ്രസ്തുത പട്ടിക തയ്യാറാക്കുന്നതിനും തീരുമാനിച്ചിരുന്നു. മേൽപ്രകാരമുള്ള മാർഗ്ഗരേഖയ്ക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർ ശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പരാമർശം (5) പ്രകാരം ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വിഷയം സംബന്ധിച്ച് പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയതും 2020 ജൂലൈ 1-നു മുൻപായി റേഷൻ കാർഡ് ലഭിച്ചിട്ടുള്ളതുമായ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക സോഫ്റ്റ് വെയർ അധിഷ്ഠിതമായി തയ്യാറാക്കുന്നതിനായി അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Anju KR

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.

ലൈഫ് മിഷൻ
ഗുണഭോക്തൃ പട്ടികയിൽ നിന്നും വിട്ടുപോയ അർഹരായ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കൽ - മാർഗ്ഗരേഖ

ആമുഖം

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയുടെ ഭാഗമായി 2017 ൽ ഭൂരഹിത ഭവനരഹിതരുടേയും ഭൂമിയുള്ള ഭവനരഹിതരുടെയും ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരളത്തിൽ വിജയകരമായി നടന്നുവരുകയാണ്. ലൈഫ് 1, 2 ഘട്ടങ്ങളുടെ ഭാഗമായി 2 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഇതിനോടകം ഭവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിലെ ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. ആദ്യ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയപ്പോൾ അർഹരായ ചില കുടുംബങ്ങൾ വിട്ടുപോയതായും പിന്നീട് അർഹത നേടിയ ഗുണഭോക്താക്കളെയും കൂട്ടിച്ചേർക്കണമെന്ന നിരവധി ആവശ്യങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ അർഹരായ ഭൂമിയുള്ള ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും ഒരു പുതിയ പട്ടിക തയ്യാറാക്കുന്നതിനാണ് ഈ മാർഗ്ഗരേഖ.

അപേക്ഷകൾ സമർപ്പിക്കൽ

പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായ ഒരു സംവിധാനത്തിലൂടെയാണ് പട്ടിക തയ്യാറാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ഹെൽപ്പ് ഡസ്ക്കുകൾ വഴിയോ, ഇന്റർനെറ്റ് ഉപയോഗിച്ച് സ്വന്തമായോ, മറ്റ് ഓൺലൈൻ സേവനദാതാക്കൾ വഴിയോ അർഹരായവർക്ക് അപേക്ഷകൾ ഓൺലൈൻ ആയി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സമർപ്പിക്കാവുന്നതാണ്.

അർഹതാ മാനദണ്ഡങ്ങൾ

(എ) ഭൂമിയുള്ള ഭവനരഹിതർ

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. 2020 ജൂലൈ 1 ന് മുമ്പ് റേഷൻ കാർഡ് ഉളള കുടുംബം. ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരും ആകണം. (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)
2. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)
5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.
7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/ കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം). നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

ബി) ഭൂരഹിത ഭവനരഹിതർ

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെ പറയുന്ന മാനദണ്ഡം കൂടി പരിഗണിക്കണം.

സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ.

അപേക്ഷ സ്വീകരിക്കൽ

ഭവനരഹിതരും, എന്നാൽ സ്വന്തമായി ഭവനങ്ങൾ നിർമ്മിക്കാൻ ശേഷിയില്ലാത്തതുമായ കുടുംബങ്ങൾക്കാണ് സർക്കാർ ധനസഹായം ലഭ്യമാക്കേണ്ടത്. അതുകൊണ്ട് മേൽപറഞ്ഞ അർഹതാ മാനദണ്ഡങ്ങൾ ഉള്ള കുടുംബങ്ങൾ മാത്രമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

1. റേഷൻ കാർഡിന്റെ പകർപ്പ്
2. അപേക്ഷകന്റെ ആധാർകാർഡിന്റെ പകർപ്പ്
3. വില്ലേജ് ഓഫീസർ നല്കുന്ന വരുമാന സർട്ടിഫിക്കറ്റ്
4. റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളുടെ പേരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഏരിയയിൽ ഭൂമി ഇല്ലെന്ന വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഏരിയായിലോ മറ്റ് സ്ഥലങ്ങളിലോ കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലായെന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രവും (ഭൂരഹിതരുടെ കാര്യത്തിൽ മാത്രം)
5. ഈ മാർഗ്ഗരേഖയിൽ പറയുന്ന മുൻഗണനാ മാനദണ്ഡങ്ങൾ ലഭിക്കാൻ അർഹരായ കുടുംബങ്ങൾ അതു സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ

ക്ലേശ ഘടകങ്ങൾ

1. മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ
2. അഗതി /ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ

3. 40%-ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ് മൂലം ഡയാലിസിസ് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ
6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ
7. രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ
8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ
9. എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ.

അർഹരായ എല്ലാ കുടുംബങ്ങളും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് വ്യാപകമായ പ്രചാരണം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തേണ്ടതാണ്. നേരത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാരിലും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും അപേക്ഷ നൽകിയവരുടെ വാർഡുതല പട്ടിക തയ്യാറാക്കേണ്ടതും പ്രസ്തുത അപേക്ഷകരെല്ലാം അർഹതാമാനദണ്ഡ പ്രകാരം അർഹതയുള്ളവരെങ്കിൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചു എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഹെൽപ്പ് ഡസ്ക്കുകൾ രൂപീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ജനപ്രതിനിധികൾ, ലൈഫ് ഭവന നിർമ്മാണ ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് സെക്രട്ടറി സിഡിഎസ് അംഗങ്ങൾ തുടങ്ങിയവരാണ് ഹെൽപ്പ് ഡസ്കിൽ ഉണ്ടാകേണ്ടത്. ഹെൽപ്പ് ഡസ്കിന്റെ നേതൃത്വം തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷർക്കായിരിക്കും.

<u>അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തൽ</u>

അപേക്ഷിക്കാനുള്ള അവസാന തീയതി കഴിഞ്ഞാൽ അപേക്ഷകരുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുശേഷം പിന്നീട് അപേക്ഷകൾ സമർപ്പിക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.

അപേക്ഷകളുടെ പരിശോധന

അപേക്ഷകളുടെ എണ്ണത്തിനനുസരിച്ച് സമയബന്ധിതമായ പരിശോധന പൂർത്തിയാക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ സെക്രട്ടറി നിയോഗിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ഘടക സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥരെയും ഇക്കാര്യത്തിന് നിയോഗിക്കാവുന്നതാണ്.

അപേക്ഷകർ നിലവിൽ താമസിക്കുന്ന സ്ഥലങ്ങളിലെത്തിയാണ് പരിശോധന നടത്തേണ്ടത്. അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾ വസ്തുതാപരമാണോ എന്ന് സമർപ്പിക്കുന്നരേഖകൾ അസ്സൽ രേഖകളുമായി ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതുമാണ്.

പരിശോധനാ സാക്ഷ്യപത്രം ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർ ഓൺലൈനായി തന്നെ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അനർഹൻ പട്ടികയിൽ ഉൾപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം പരിശോധന ഉദ്യോഗസ്ഥനായിരിക്കും.

കരട് പട്ടിക പ്രസിദ്ധപ്പെടുത്തൽ, അപ്പീൽ

പരിശോധന പൂർത്തിയാക്കിക്കഴിഞ്ഞാൽ അർഹരുടെയും അനർഹരുടെയും കരട് മുൻഗണനാ പട്ടിക സോഫ്റ്റ്വയറിൽ നിന്നും ഡൗൺലോഡ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണ്. കരട് പട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ ഗ്രാമ പഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും, മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിക്കും സമർപ്പിക്കാവുന്നതാണ്. അപ്പീലുകൾ പരിശോധിക്കുന്നത് ബ്ലോക്ക്/ മുൻസിപ്പൽതലങ്ങളിൽ ഒന്നാം അപ്പീൽ കമ്മറ്റിയും ജില്ലാതലത്തിൽ രണ്ടാം അപ്പീൽ പരിശോധിക്കുന്നത് ജില്ലാ കളക്ടറുമായിരിക്കും.

അപ്പീൽ കമ്മിറ്റിയുടെ ഘടന

1.ബ്ലോക്ക്തലം-

ഒന്നാം അപ്പീൽ -ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (കൺവീനർ) ജോയിന്റ് ബി.ഡി.ഒ (ഹൗസിംഗ്)/ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്), പട്ടികജാതി വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ്.

രണ്ടാം അപ്പീൽ - ജില്ലാ കളക്ടർ

2. മുൻസിപ്പാലിറ്റിതലം-

ഒന്നാം അപ്പീൽ - മുൻസിപ്പൽ സെക്രട്ടറി (കൺവീനർ), സി.ഡി.എസ് ചെയർപേഴ്സൺ (അംഗം) ഭവന നിർമ്മാണത്തിനുള്ള ഉദ്യോഗസ്ഥർ, പട്ടികജാതി വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ്

രണ്ടാം അപ്പീൽ - ജില്ലാ കളക്ടർ

അപ്പീൽ കമ്മറ്റികൾ അപ്പീലുകൾ പരിശോധിച്ച് വസ്തുതകൾ ബോധ്യപ്പെട്ട് നിയമാനുസരണം തീരുമാനം കൈകൊളളണം. രണ്ടാം അപ്പീൽ അധികാരിയായ ജില്ലാ കളക്ടർ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അപ്പീലുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ രേഖകളുടെ പരിശോധന, ഹിയറിംഗ്, ഫീൽഡ് പരിശോധന തുടങ്ങിയ രീതികൾ അവലംബിക്കേണ്ടതാണ്. അപ്പീലുകളുടെ ഭാഗമായി അനർഹർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അപ്പീൽ അധികാരികൾക്കായിരിക്കും.

അന്തിമ പട്ടിക തയ്യാറാക്കൽ

അപ്പീലുകളിൻമേൽ തീരുമാനങ്ങൾ ലഭ്യമായതിനുശേഷം തദ്ദേശ സ്ഥാപനങ്ങൾ, കരട് ഗുണഭോക്തൃ പട്ടിക വിവരശേഖരത്തിൽ നിന്നും ഡൗൺലോഡ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപന യോഗത്തിൽ സമർപ്പിക്കേണ്ടതും,നിശ്ചിത സമയ പരിധിക്കുള്ളിൽ ഗ്രാമസഭ/വാർഡ് സഭ വിളിച്ച് ചേർക്കുന്നതിനുളള തീരുമാനങ്ങൾ കൈക്കൊളേളണ്ടതുമാണ്.

ഗ്രാമസഭകളിൽ കരട് ഗുണഭോക്തൃപട്ടിക ചർച്ച ചെയ്ത് അനർഹരെ ഒഴിവാക്കേണ്ടതാണ്. ഗ്രാമസഭകൾക്കു ശേഷം അന്തിമ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപന യോഗത്തിൽ വച്ച് അംഗീകരിക്കേണ്ടതാണ്. ഗ്രാമസഭാ തീരുമാന പ്രകാരം ഒഴിവാക്കേണ്ടതായ അനർഹരെ പട്ടികയിൽ നിന്നും ഒഴിവാക്കി അന്തിമ മുൻഗണനാ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ജില്ലാതല മോണിറ്ററിംഗ് സമിതി

ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായും, സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർമാർ വൈസ് ചെയർമാനായും, ജില്ലാ കളക്ടർ കൺവീനറായും, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, ജോയിന്റ്

കൺവീനർമാരായും,പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, നഗരകാര്യവകുപ്പ് റീജണൽ ജോയിന്റ് ഡയറക്ടർ, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പട്ടിക ജാതി വികസന ഓഫീസർ, ടൈബൽ ഡെവലപ്മെന്റ് ഓഫീസർ/പ്രോജക്ട് ഓഫീസർ (ഐ.റ്റിഡി.പി), ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അംഗങ്ങളായും ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണ്. ജില്ലാതല മോണിറ്ററിംഗ് സമിതി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ജില്ലയിൽ ഏകോപിപ്പിക്കുകയും, വിജയപ്രദമാക്കുകയും ചെയ്യേണ്ടതാണ്.

പ്രവർത്തന കലണ്ടർ

		അവസാന തീയതി
1	ജില്ലാതലയോഗം (ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ നേതൃത്വത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം)	ജൂലൈ 30
2	ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കൽ	ആഗസ്റ്റ് 1 മുതൽ-ആഗസ്റ്റ് 14 വരെ
3	അപേക്ഷകരുടെ പട്ടിക പ്രസിദ്ധീകരിക്കൽ	ആഗസ്റ്റ് 17
4	അപേക്ഷകളുടെ ഫീൽഡ്തല പരിശോധന	ആഗസ്റ്റ് 21
5	കരട് പട്ടിക പ്രസിദ്ധീകരിക്കൽ	ആഗസ്റ്റ് 22
6	ഒന്നാം അപ്പീൽ സ്വീകരിക്കൽ	ആഗസ്റ്റ് 22 മുതൽ-ആഗസ്റ്റ് 27 വരെ
7	അപ്പീലുകളുടെ പരിശോധനയും തീർപ്പാക്കലും	സെപ്റ്റംബർ 9
8	രണ്ടാം അപ്പീൽ സ്വീകരിക്കൽ	സെപ്റ്റംബർ 11 മുതൽ- സെപ്റ്റംബർ19 വരെ
9	അപ്പീലുകളുടെ പരിശോധനയും തീർപ്പാക്കലും	സെപ്റ്റംബർ 26
10	തദ്ദേശസ്ഥാപന യോഗവും ഗ്രാമസഭാ അംഗീകാരവും	സെപ്റ്റംബർ 29
11	അന്തിമ പട്ടിക പ്രസിദ്ധീകരിക്കൽ	സെപ്റ്റംബർ 30

തദ്ദേശസ്വയംഭരണ വകുപ്പ്

കേരള സർക്കാർ

ലൈഫ് മിഷൻ 2020

ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങൾക്കുള്ള അപേക്ഷാ ഫോറം – 1

ജില്ല . . . . . .ബ്ലോക്ക് . . . . . നഗരസഭ/ഗ്രാമപഞ്ചായത്ത് . . . . . .

വാർഡ് നമ്പർ . . . . . വാർഡിന്റെ പേര് . . . . . .

കുടുംബനാഥ/നാഥന്റെ പേര് . . . . . .
(റേഷൻ കാർഡ് പ്രകാരം)

1. അപേക്ഷക/അപേക്ഷകന്റെ പേര് : . . . . . .

2. ലിംഗം സ്ത്രീ ☐ പുരുഷൻ ☐ ഭിന്നലിംഗം ☐

3. മേൽവിലാസം	നിലവിലുള്ളത്	സ്ഥിരം
എ) വീട് നമ്പർ		
ബി) വീട്ടുപേര്		
സി) സ്ഥലം		
ഡി) പിൻകോഡ്		

ഇ) മൊബൈൽ നം. ☐ എഫ്) ലാന്റ് ലൈൻ ☐

ജി) റേഷൻ കാർഡ് നം. ☐ ഇല്ല ☐

എച്ച്) ആധാർ നം. ☐ ഇല്ല ☐

ഐ) തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ് നം ☐ ഇല്ല ☐
(ഗ്രാമങ്ങളിൽ– MGNREGS/നഗരങ്ങളിൽ–AYYANKALI-EGS)

4) കുടുംബാംഗങ്ങളുടെ എണ്ണം സ്ത്രീ ☐ പുരുഷൻ ☐ ഭിന്ന ലിംഗം ☐

5) കുടുംബം ഉൾപ്പെടുന്ന വിഭാഗം ജനറൽ ☐ പട്ടികവർഗ്ഗം ☐ പട്ടികജാതി ☐
മത്സ്യതൊഴിലാളി ☐

എ) മത്സ്യതൊഴിലാളി വിഭാഗമാണെങ്കിൽ ക്ഷേമനിധി ബോർഡിലെ അംഗത്വ നമ്പർ ☐

6) കുടുംബ വാർഷിക വരുമാനം ☐ വരുമാന സർട്ടിഫിക്കറ്റ് (ഉള്ളടക്കം ചെയ്യണം)

50000 വരെ (1), 50000–ന് മേൽ 1 ലക്ഷം വരെ (2), 1 ലക്ഷത്തിന് മേൽ 2 ലക്ഷം വരെ (3), 2 ലക്ഷത്തിന് മേൽ 3 ലക്ഷം വരെ (4), 3 ലക്ഷത്തിനുമേൽ (5)

7) കുടുംബാംഗങ്ങളുടെ വിവരം (കുടുംബനാഥ/നാഥന്റെ പേര് ഒന്നാമതായി നൽകുക)

1	പേര്	ഗൃഹനാഥ/നാഥനുമായുള്ള ബന്ധം (എ)	ലിംഗം	വയസ്സ്	വിദ്യാഭ്യാസം	തൊഴിൽ (ബി)	മുൻഗണനാ കോഡ് (സി)	ഭിന്നശേഷിയുടെ ശതമാനം (ബാധകമാണെങ്കിൽ)	ലഭിക്കുന്ന പെൻഷൻ (ഡി)
2									
3									
4									
5									
6									
7									
8									
9									
10									

എ	കുടുംബനാഥ/നാഥൻ (1), ഭാര്യ (2), ഭർത്താവ് (3), മകൻ (4), മകൾ (5), മരുമകൻ (7), മരുമകൾ (8), അച്ഛൻ (8), അമ്മ(9), അമ്മായിഅച്ഛൻ (10), അമ്മായിയമ്മ (11), അനന്തിരവൻ (12), അനന്തിരവർ (13), സഹോദരൻ (14), സഹോദരി (15), ചെറുമകൻ (16), ചെറുമകൾ (17), ആശ്രിതൻ – പുരുഷർ (18), ആശ്രിതർ–സ്ത്രീ (19), അമ്മൂമ്മ (20), അപ്പൂപ്പൻ (21), മറ്റുള്ളവർ (99)
ബി	സ്വയംതൊഴിൽ (1), ശമ്പളം പറ്റുന്ന തൊഴിൽ (2), സ്ഥിരവരുമാനം (3), സർക്കാർ ജീവനം –പൊതുമേഖല ഉൾപ്പെടെ (4), കൂലിവേല (5), മത്സ്യ തൊഴിലാളി (6), തോട്ടം തൊഴിലാളി (7), സർക്കാർ പെൻഷൻ – പൊതുമേഖല ഉൾപ്പെടെ (8), വിദ്യാർത്ഥി (9), തൊഴിലില്ല (10), മറ്റുള്ളവ (99), ബാധകമല്ല (100)
സി	മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ (1), അഗതികൾ (2), അംഗവൈകല്യമുള്ളവർ (3), ഭിന്നലിംഗക്കാൾ (4), ഗുരുതര/മാരക രോഗമുള്ളവർ (5), അവിവാഹിതരായ അമ്മമാർ (6), രോഗം/അപകടത്തിൽപ്പെട്ടവർ (7), വിധവകൾ (8), ബാധകമല്ല (100) (ബന്ധപ്പെട്ട സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യുക)
ഡി	കർഷക തൊഴിലാളി (1), വാർദ്ധക്യപെൻഷൻ (2), വികലാംഗ പെൻഷൻ (3), 50 വയസ്സ് കവിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (4), വിധവാ പെൻഷൻ (5), ബാധകമല്ല (100)

8) നാല് ചക്ര വാഹനമുള്ള കുടുംബമാണോ അതെ ☐ അല്ല ☐

എ) അതെ എങ്കിൽ വാഹനം
ഉപയോഗിക്കുന്നത് സ്വകാര്യ ആവശ്യത്തിന് ☐ ഉപജീവനത്തിന് ☐

9) ബാങ്കിന്റെ പേര് ☐ ബ്രാഞ്ചിന്റെ പേര് ☐

10) അക്കൗണ്ട് നമ്പർ ☐

ഭൂമി സംബന്ധിച്ച വിവരങ്ങൾ

11) ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി ഉണ്ടോ ഉണ്ട് ☐ ഇല്ല ☐

ഉണ്ടെങ്കിൽ ഭൂമിയുടെ വിവരം

എ) ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശം കോർപ്പറേഷൻ ☐ മുനിസിപ്പാലിറ്റി ☐ ഗ്രാമപഞ്ചായത്ത് ☐

ബി) വിസ്തീർണ്ണം * സി) സർവ്വേ നം

സി) റീസർവ്വേ നം ഡി) ബ്ലോക്ക് നം.

ഇ) വില്ലേജ് എഫ്) താലൂക്ക്

ജി) വനഭൂമിയിലോ പട്ടയമില്ലാത്ത ഭൂമിയിലോ ഉൾപ്പെട്ടതാണോ അതെ ☐ വനഭൂമി ☐ പട്ടയമില്ലാത്ത ഭൂമി ☐ അല്ല ☐

എച്ച്) ഭൂമിയുടെ തരം തണ്ണീർത്തടം/നിലം ☐ നിലം നികത്തിയത് ☐

CRZ മേഖല ☐ കര ഭൂമി/ പുരയിടം ☐

* 1 സെന്റ് വരെ (1), 1-ന് മേൽ 3 സെന്റ് (2), 3-ന് മേൽ 5 സെന്റ് (3), 5-ന് മേൽ 10 സെന്റ് (4), 10-ന് മേൽ 25 സെന്റ് (5), 25-ന് മേൽ 50 സെന്റ് (6), 50-ന് മേൽ 100 സെന്റ് (7), 100 സെന്റിനു മേൽ (8)

നിലവിൽ താമസിക്കുന്ന ഭവനം സംബന്ധിച്ച വിവരങ്ങൾ

12) നിലവിൽ സ്വന്തമായോ കുടുംബാംഗങ്ങളുടെ പേരിലോ ഭവനമുണ്ടോ

ഉണ്ട് ☐ സ്വന്തം ☐ കുടുംബാംഗങ്ങളുടെ പേരിൽ ☐ ഇല്ല ☐

13) ഉണ്ടെങ്കിൽ ഭവനത്തിന്റെ വിവരം കെട്ടിട നമ്പർ

എ) ഭവനത്തിന്റെ പഴക്കം - വർഷം

ബി) ഭവനത്തിന്റെ വലിപ്പം 30 ച.മീറ്റർ വരെ ☐ 30-60 ച.മീറ്റർ വരെ ☐ 60.ച.മീറ്ററിന് മുകളിൽ

സി) മേൽക്കൂരയുടെ തരം : ഓട്/ഓല/ടെറസ്സ്/ഷീറ്റ് /മറ്റുള്ളവ

ഡി) വാസയോഗ്യമാണോ അതെ/അല്ല, പൊളിച്ച് പുനർനിർമ്മിക്കേണ്ടത് ☐

ഇ) പൊളിച്ച് പുനർനിർമ്മിക്കേണ്ടതാണ് എങ്കിൽ -

സ്ഥിരതയുള്ള ചുവരില്ല ☐ സ്ഥിരതയുള്ള മേൽക്കൂരയില്ല ☐ സ്ഥിരതയുള്ള ചുവരും മേൽക്കൂരയുമില്ല ☐

14) ഗുണഭോക്താവിന് സ്വന്തമായോ/ മാതാപിതിക്കൾക്കോ ഭവനം മുമ്പ് ഉണ്ടായിരുന്നോ ? ഉണ്ടായിരുന്നു. ☐ ഇല്ല ☐

15) ഉണ്ടായിരുന്നു എങ്കിൽ ഗുണഭോക്താവ് ഭവനരഹിതതായതിന് കാരണം

*അടിസ്ഥാനം മാത്രം പൂർത്തീകരിച്ചു - (1), ലിന്റൽ വരെ പൂർത്തീകരിച്ചു - (2), മേൽക്കൂര വരെ പൂർത്തീകരിച്ചു എന്നാൽ മുഖ്യ പ്രവേശന മാർഗ്ഗങ്ങളിൽ വാതിൽ ഇല്ല(സുരക്ഷിതമല്ല)- (3)
**മകൻ (4), മകൾ (5), മരുമകൻ (6), മരുമകൾ(7), അച്ഛൻ(8), അമ്മ(9), അമ്മായിഅച്ഛൻ(10), അമ്മായിഅമ്മ(11),അനന്തിരവൻ(12), അനന്തിരവൾ(13), സഹോദരൻ(14), സഹോദരി(15), ചെറുമകൻ(16), ചെറുമകൾ(17), അമ്മൂമ്മ(20),അപ്പൂപ്പൻ(21), മറ്റുള്ളവർ -(99)
***സ്വത്ത് വിഭജിച്ച് സഹോദരങ്ങൾക്ക് കൈമാറി-(1), വികസന പദ്ധതിക്കായി വിട്ടുകൊടുത്തു-(2), ജപ്തി നടപടിയിൽ നഷ്ടപ്പെട്ടു-(3), ചികിത്സാചിലവിനായി കച്ചവടം ചെയ്തു -(4), കല്യാണ ചിലവിനായി കച്ചവടം ചെയ്തു -(5), ജീവനോപധിക്കായി കച്ചവടം ചെയ്തു -(6), മറ്റുള്ളവ - (99)

എ) കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എങ്കിൽ നിലവിൽ നിർമ്മാണത്തിന്റെ അവസ്ഥ *

*ആംഭിച്ചിട്ടില്ല (1), അടിസ്ഥാനം വരെ (2), ലിന്റിൽ വരെ (3), മേൽക്കൂര വരെ (4)

സത്യപ്രസ്താവന

മേൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ സത്യസന്ധമാണെന്നും പാരമ്പര്യമായി ഭവനം കൈമാറിക്കിട്ടാൻ യാതൊരു സാധ്യതയും ഇല്ല എന്നും ഇത്തരത്തിൽ ഭവനം ലഭ്യമായാൽ സർക്കാർ എടുക്കുന്ന ഏതു നടപടിക്കും വിധേയമാകാൻ തയാറാണ് എന്നും ഇതിനാൽ ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം		തീയതി	
അപേക്ഷക/ അപേക്ഷകന്റെ പേര്		ഒപ്പ്	

പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

അർഹതാ മാനദണ്ഡങ്ങളുടെ പരിശോധന (ടിക് ചെയ്യുക)

1	റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങളിൽ ആർക്കും സ്വന്തമായി വീട് ഇല്ലാത്ത കുടുംബമാണോ ? (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)	അതെ	ഇല്ല
2	സർക്കാർ അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ അവിടെ നിന്നും പെൻഷൻ പറ്റുന്നവരോ ആയ അംഗങ്ങൾ ഇല്ലാത്ത കുടുംബമാണോ?	അതെ	അല്ല
3	വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയാണോ ?	അതെ	അല്ല
4	ഗ്രാമ പ്രദേശങ്ങളിൽ 25 സെന്റിലും നഗരപ്രദേശങ്ങളിൽ 5 സെന്റിലും അധികരിക്കാത്ത ഭൂമിയുള്ള കുടുംബമാണോ ? (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)	അതെ	അല്ല
5	ഉപജീവനത്തിനായല്ലാതെ നാല് ചക്ര വാഹനം സ്വന്തമായി ഇല്ലാത്ത കുടുംബമാണോ?	അതെ	അല്ല
6	അവകാശികൾക്ക് വസ്തുഭാഗം ചെയ്തതിന്റെ ഭാഗമായി ഭവനരഹിതരായ കുടുംബമാണോ?	അതെ	അല്ല
7	ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനമുള്ള കുടുംബമാണോ ?	അതെ	അല്ല

ക്ലേശ ഘടകങ്ങളുടെ പരിശോധന (ടിക് ചെയ്യുക)

1	മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബമാണോ ?	അതെ	അല്ല
2	അഗതി/ആശ്രയ പദ്ധതിയിലെ ഗുണഭോക്താവാണോ ?	അതെ	അല്ല
3	40%-ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബമാണോ ?	അതെ	അല്ല
4	ഭിന്നലിംഗക്കാർ അംഗങ്ങൾ ഉള്ള കുടുംബമാണോ ?	അതെ	അല്ല
5	ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ് മൂലം ഡയാലിസിസ് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബമാണോ ?	അതെ	അല്ല
6	അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബമാണോ?	അതെ	അല്ല
7	രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബമാണോ ?	അതെ	അല്ല
8	വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബമാണോ ?	അതെ	അല്ല
9	എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബമാണോ ?	അതെ	അല്ല

മേൽപ്പറഞ്ഞ വിവരങ്ങൾ കൃത്യമായ പരിശോധന പ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേര്	തസ്തിക	മൊബൈൽ നമ്പർ
അഭിപ്രായം		ഒപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

കേരള സർക്കാർ

ലൈഫ് മിഷൻ 2020

ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കുള്ള അപേക്ഷാ ഫോറം - 2

ജില്ല . . . . . .ബ്ലോക്ക് . . . . . നഗരസഭ/ഗ്രാമപഞ്ചായത്ത് . . . . . .

വാർഡ് നമ്പർ . . . . . വാർഡിന്റെ പേര് . . . . . .

കുടുംബനാഥ/നാഥന്റെ പേര് . . . . . .
(റേഷൻ കാർഡ് പ്രകാരം)

1. അപേക്ഷക/അപേക്ഷകന്റെ പേര് : . . . . . .

2. ലിംഗം സ്ത്രീ ☐ പുരുഷൻ ☐ ഭിന്നലിംഗം ☐

3. മേൽവിലാസം നിലവിലുള്ളത് സ്ഥിരം

എ) വീട് നമ്പർ

ബി) വീട്ടുപേര്

സി) സ്ഥലം

ഡി) പിൻകോഡ്

ഇ) മൊബൈൽ നം. എഫ്) ലാന്റ് ലൈൻ

എഫ്) റേഷൻ കാർഡ് നം. റേഷൻ കാർഡിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം

എച്ച്) ആധാർ നം. ഇല്ല ☐

ഐ) തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ് നം ഇല്ല ☐
(ഗ്രാമങ്ങളിൽ-MGNREGS/ നഗരങ്ങളിൽ-AYYANKALI-EGS)

4) കുടുംബാംഗങ്ങളുടെ എണ്ണം സ്ത്രീ ☐ പുരുഷൻ ☐ ഭിന്ന ലിംഗം ☐

5) കുടുംബം ഉൾപ്പെടുന്ന വിഭാഗം ജനറൽ ☐ പട്ടികവർഗ്ഗം ☐ പട്ടികജാതി ☐
മത്സ്യതൊഴിലാളി ☐

എ) മത്സ്യതൊഴിലാളി വിഭാഗമാണെങ്കിൽ ക്ഷേമനിധി ബോർഡിലെ അംഗത്വ നമ്പർ

6) കുടുംബ വാർഷിക വരുമാനം (വരുമാന സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യണം)

* 50000 വരെ (1), 50000-ന് മേൽ 1 ലക്ഷം വരെ (2), 1 ലക്ഷത്തിന് മേൽ 2 ലക്ഷം വരെ (3), 2 ലക്ഷത്തിന് മേൽ 3 ലക്ഷം വരെ (4), 3 ലക്ഷത്തിനുമേൽ (5)

7) കുടുംബാംഗങ്ങളുടെ വിവരം (കുടുംബനാഥ/നാഥന്റെ പേര് ഒന്നാമതായി നൽകുക)

1	പേര്	ഗൃഹനാഥനുമായുള്ള ബന്ധം (എ)	ലിംഗം	വയസ്സ്	വിദ്യാഭ്യാസം	തൊഴിൽ (ബി)	മുൻഗണനാകോഡ് (സി)	ഭിന്നശേഷിയുടെ ശതമാനം (ബാധകമാണെങ്കിൽ)	ലഭിക്കുന്ന പെൻഷൻ (ഡി)
2									
3									
4									
5									
6									
7									
8									
9									
10									

എ	കുടുംബനാഥ/നാഥന്റെ (1), ഭാര്യ (2), ഭർത്താവ് (3), മകൻ (4), മകൾ (5), മരുമകൻ (7), മരുമകൾ (8), അച്ഛൻ (8), അമ്മ(9), അമ്മായിഅച്ഛൻ (10), അമ്മായിയമ്മ (11), അനന്തിരവൻ (12), അനന്തിരവർ (13), സഹോദരൻ (14), സഹോദരി (15), ചെറുമകൻ (16), ചെറുമകൾ (17), ആശ്രിതൻ – പുരുഷർ (18), ആശ്രിതർ–സ്ത്രീ (19), അമ്മൂമ്മ (20), അപ്പൂപ്പൻ (21), മറ്റുള്ളവർ (99)
ബി	സ്വയംതൊഴിൽ (1), ശമ്പളം പറ്റുന്ന തൊഴിൽ (2), സ്ഥിരവരുമാനം (3), സർക്കാർ ജീവനം –പൊതുമേഖല ഉൾപ്പെടെ (4), കൂലിവേല (5), മത്സ്യ തൊഴിലാളി (6), തോട്ടം തൊഴിലാളി (7), സർക്കാർ പെൻഷൻ – പൊതുമേഖല ഉൾപ്പെടെ (8), വിദ്യാർത്ഥി (9), തൊഴിലില്ല (10), മറ്റുള്ളവ (99), ബാധകമല്ല (100)
സി	മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ (1), അഗതികൾ (2), അംഗവൈകല്യമുള്ളവർ (3), ഭിന്നലിംഗക്കാൾ (4), ഗുരുതര/മാരക രോഗമുള്ളവർ (5), അവിവാഹിതരായ അമ്മമാർ (6), രോഗം/അപകടത്തിൽപ്പെട്ടവർ (7), വിധവകൾ (8), ബാധകമല്ല (100) (ബന്ധപ്പെട്ട സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യുക)
ഡി	കർഷക തൊഴിലാളി (1), വാർദ്ധക്യപെൻഷൻ (2), വികലാംഗ പെൻഷൻ (3), 50 വയസ്സ് കവിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (4), വിധവാ പെൻഷൻ (5), ബാധകമല്ല (100)

8) നാല് ചക്ര വാഹനമുള്ള കുടുംബമാണോ അതെ ☐ അല്ല ☐

എ) അതെ എങ്കിൽ വാഹനം ഉപയോഗിക്കുന്നത് സ്വകാര്യ ആവശ്യത്തിന് ☐ ഉപജീവനത്തിന് ☐

9) ബാങ്കിന്റെ പേര് ☐ ബ്രാഞ്ചിന്റെ പേര് ☐

10) അക്കൗണ്ട് നമ്പർ ☐

11) നിലവിൽ താമസിക്കുന്ന ഭവനത്തിന്റെ ഉടമസ്ഥതാ സ്വഭാവം വാടക ☐ ബന്ധുഭവനം ☐ തുറസ്സായ സ്ഥലം ☐

12) ഗുണഭോക്താവിന് സ്വന്തമായോ/ മാതാപിതാക്കൾക്കോ ഭവനം മുമ്പ് ഉണ്ടായിരുന്നോ? ഉണ്ടായിരുന്നു ☐ ഇല്ല ☐

* മകൻ (4), മകൾ (5), മരുമകൻ (7), മരുമകൾ (8), അച്ഛൻ (9), അമ്മ(9), അമ്മായിഅച്ഛൻ (10), അമ്മായിയമ്മ (11), അനന്തിരവൻ (12), അനന്തിരവർ (13), സഹോദരൻ (14), സഹോദരി (15), ചെറുമകൻ (16), ചെറുമകൾ (17), ആശ്രിതൻ - പുരുഷർ (18), ആശ്രിതർ-സ്ത്രീ (19), അമ്മൂമ്മ (20), അപ്പൂപ്പൻ (21), മറ്റുള്ളവർ (99)
** സ്വത്ത് വിഭജിച്ച് സഹോദരങ്ങൾക്ക് കൈമാറി - (1) വികസന പദ്ധതിക്കായി വിട്ടുകൊടുത്തു -(2) ജപ്തി നടപടിയിൽ നഷ്ടപ്പെട്ടു- (3) ചികിത്സാ ചെലവിനായി കച്ചവടം ചെയ്തു -(4) കല്യാണ ചെലവിനായി കച്ചവടം ചെയ്തു- (5) ജീവനോപാധിക്കായി കച്ചവടം ചെയ്തു- (6) മറ്റുള്ളവ (99)
*** ആരംഭിച്ചിട്ടില്ല (1) അടിസ്ഥാനം വരെ (2) ലിന്റൽ വരെ (3) മേൽക്കൂര വരെ (4)

സത്യപ്രസ്താവന

മേൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ സത്യസന്ധമാണെന്നും തനിക്കോ റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗങ്ങൾക്കോ ഈ തദ്ദേശസ്വയംഭരണ സ്ഥാപന ഏരിയിലോ മറ്റ് സ്ഥലങ്ങളിലോ നിലവിൽ വീടോ / ഭൂമിയോ ഇല്ലയോയെന്നും പാരമ്പര്യമായി ഭൂമി/വീട് കൈമാറിക്കിട്ടാൻ യാതൊരു സാധ്യത ഇല്ല എന്നും ഇതിന് വിരുദ്ധമായി കണ്ടെത്തിയാൽ സർക്കാർ എടുക്കുന്ന ഏതു നടപടിക്കും വിധേയമാകാൻ തയ്യാറാണ് എന്നും ഇതിനാൽ ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം		തീയതി	
അപേക്ഷക/ അപേക്ഷകന്റെ പേര്		ഒപ്പ്	

പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

അർഹതാ മാനദണ്ഡങ്ങളുടെ പരിശോധന (ടിക് ചെയ്യുക)

1	സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലും കൂടി 3 സെന്റിൽ കുറവ് ഭൂമിയുള്ള കുടുംബമാണോ ?	അതെ	ഇല്ല
2	സർക്കാർ അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ അവിടെ നിന്നും പെൻഷൻ പറ്റുന്നവരോ ആയ അംഗങ്ങൾ ഇല്ലാത്ത കുടുംബമാണോ?	അതെ	അല്ല
3	വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയാണോ ?	അതെ	അല്ല
4	ഉപജീവനത്തിനായല്ലാതെ നാല് ചക്ര വാഹനം സ്വന്തമായി ഇല്ലാത്ത കുടുംബമാണോ?	അതെ	അല്ല
5	അവകാശികൾക്ക് വസ്തുഭാഗം ചെയ്തതിന്റെ ഭാഗമായി ഭൂരഹിതരായ കുടുംബമാണോ?	അതെ	അല്ല

ക്ലേശ ഘടകങ്ങളുടെ പരിശോധന (ടിക് ചെയ്യുക)

1	മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബമാണോ ?	അതെ	അല്ല
2	അഗതി/ആശ്രയ പദ്ധതിയിലെ ഗുണഭോക്താവാണോ ?	അതെ	അല്ല
3	40%-ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബമാണോ ?	അതെ	അല്ല
4	ഭിന്നലിംഗക്കാർ അംഗങ്ങൾ ഉള്ള കുടുംബമാണോ ?	അതെ	അല്ല
5	ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ് മൂലം ഡയാലിസിസ് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബമാണോ ?	അതെ	അല്ല
6	അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബമാണോ?	അതെ	അല്ല
7	രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബമാണോ ?	അതെ	അല്ല
8	വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബമാണോ ?	അതെ	അല്ല
9	എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബമാണോ ?	അതെ	അല്ല

മേൽപ്പറഞ്ഞ വിവരങ്ങൾ കൃത്യമായ പരിശോധന പ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേര്		തസ്തിക	മൊബൈൽ നമ്പർ
അഭിപ്രായം			ഒപ്പ്